മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്ര വികസന രേഖ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്



എഡിറ്റേഴ്സ്

ശ്രീമതി. മേഴ്സി സാമുവേൽ (Panchayat President)

പ്രൊഫ. മാത്യു കോശി (Gen. Convenor)

എഡിറ്റോറിയൽ ബോർഡ്

ശ്രീ. വർഗ്ഗീസ് മാമ്മൻ നായർ

(Panchayat Vice - President)

ശ്രീ. എം.ജി. സുരേഷ് കുമാർ

(Panchayat Standing Committee Chairman and DRP)

ശ്രീമതി. മോളി തോമസ് (Member, Panchayat)

ശ്രീമതി. വത്സമ്മ മാത്യു (KRP & Elanthoor Block President)

ശ്രീ. വി. ചെല്ലപ്പൻ (DRP)

ശ്രീ. സി.ജെ. ജോർജ്ജ് (DRP)

ശ്രീ. ജോർജ്ജ് ചെല്ലപ്പൻ (DRP)

ശ്രീ. കെ.എൻ. കരുണാകരൻ (DRP)

"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്,
എന്നാൽ ആരുടെയും
ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും."

— മഹാത്മാഗാന്ധി

Computer Type Setting & Lay Out

PC Tech Kozhencherry

Printed At Print Art Offset Printers, Kozhencherry

Ph: 047 3- 314392, 313239, 314621 (Res. 314359

മേഴ്സി സാമുവേൽ
(പ്രസിഡന്റ്)

വാഴ്വേലിൽ രാമചന്ദ്രൻ നായർ
(വൈസ് പ്രസിഡന്റ്)

എം.ജി. സദാശിവൻ നായർ
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)

മെമ്പേഴ്സ്



പ്രൊഫ. പി.ഇ തോമസ്

സജീവ് ഭാസ്കരർ

മോളി തോമസ്

സാറാമ്മ ഏബ്രഹാം

സെക്രട്ടറി

പി.ജോർജ്ജ് ജോസഫ്

വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ചവർ, സഹകരിച്ചവർ

1. ശ്രീ. കെ.എൻ. രാമചന്ദ്രൻ
2. ശ്രീ. എം.എസ്സ്. തോമസ്
3. ശ്രീ. തര്യൻ മാത്യു
4. ശ്രീ. പി.പി. ശശി (ഓന്തേകാട്)
5. ശ്രീ. പി.പി. ശശി (കാരംവേലി)
6. ശ്രീ. ജോർജ് കുട്ടി
7. ശ്രീ. ജോസ് പൊയ്കയിൽ
8. ശ്രീ. എം.ആർ ഭദ്രൻ
9. ശ്രീമതി. ജഗതമ്മ
10. ശ്രീ. മാത്യു തോമസ്
11. ശ്രീമതി. സിസിലി ശമുവേൽ
12. ശ്രീ. ബിജി മാത്യു
13. ശ്രീ. എൻ.റ്റി. ഈശോ
14. ശ്രീ. ടി.കെ. ജനാർദ്ദനൻ
15. ശ്രീ. ജോജി ഉമ്മൻ
16. ശ്രീ. സി.എം. സുകുമാരൻ നായർ
17. ശ്രീ. പി.ആർ. സോമൻ
18. ശ്രീ. സി.എൻ. സത്യവ്യതൻ
19. ശ്രീ. സജി വറുഗീസ്
20. ശ്രീ. കെ.കെ സദാനന്ദൻ
21. ശ്രീ. എം. ആർ. ഗോപിനാഥൻ നായർ
22. ശ്രീ. തോമസ് കട്ടി ഈശോ
23. ശ്രീ. ടി എ. കേശവൻ
24. ശ്രീ. ആൽബി മാത്യു
25. ശ്രീ. തോമസ് തങ്കച്ചൻ
26. ശ്രീ. മേരിക്കുട്ടി ചെറിയാൻ
27. ശ്രീ. ജിനു തോമസ്
28. ശ്രീ. കൊച്ചുകുഞ്ഞ്
29. ശ്രീ. പി.റ്റി. തോമസ്
30. ശ്രീമതി. ആനന്ദവല്ലി
31. ശ്രീമതി. ശിവരാമൻ
32. ശ്രീമതി. ജെ വർഗീസ്
33. പ്രൊഫ. പി. സാമുവേൽ ഏബ്രഹാം
34. ശ്രീ. കെ.സി. ജോൺ
35. ശ്രീ. എം. എം. ജോർജ്
36. ഡോ. മൂസ്സത്
37. അഡ്വ. മൂസ്സത്
38. ശ്രീ. ജോർജ് മാത്യു
39. ശ്രീ. സുദർശൻ

ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കാം

പഞ്ചായത്ത് പ്രസിഡന്റ്

"ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്" കുടികൊള്ളുന്നതെന്ന് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നമ്മെ ഉത്ബോധിപ്പിച്ച **മഹാത്മജിയുടെ** ചിരകാല സ്വപ്നമായിരുന്ന ഗ്രാമസ്വരാജിന് ഇൻഡ്യൻ യുവത്വത്തിന്റെ പ്രതീകമായിരുന്ന അന്തരിച്ച മുൻ പ്രധാനമന്ത്രി **രാജീവ് ഗാന്ധിയുടെ** നേതൃത്വത്തിൽ രൂപം നൽകപ്പെട്ടത് ഈ സുദിനങ്ങളിൽ പ്രാവർത്തികമാകുകയാണ്. ഗ്രാമങ്ങളിലുള്ള ഓരോ കുടുംബവും ഗ്രാമസഭയിൽ പങ്കാളികളാകുകയും ചർച്ചകളിൽ കൂടെയും അഭിപ്രായസമന്വയങ്ങളിൽ കൂടെയും ഉരുത്തിരിഞ്ഞ പദ്ധതികളും വികസനപരിപാടികളും ക്രോഡീകരിച്ച് പഞ്ചായത്ത് തലത്തിൽ വികസന റിപ്പോർട്ട് ഇപ്പോൾ തയ്യാറായിക്കഴിഞ്ഞിരിക്കയുമാണ്. 1996 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തോടുകൂടി നടന്ന വിഭവ ഭൂപട നിർമ്മാണവും ഗ്രാമസഭയെത്തുടർന്നു നടന്ന പഠന പര്യടനവും ഡേറ്റാ ശേഖരണവും ഈ വികസന റിപ്പോർട്ടിന്റെ മാനദണ്ഡങ്ങളാണ്. നൂതനാനാശയങ്ങളും പദ്ധതികളും ഉൾക്കൊള്ളുന്ന ഈ പരിപാടി നമ്മുടെ സംസ്ഥാനത്തുതന്നെ നടാടെ ആയിരിക്കെ ഈ പ്രവർത്തനങ്ങളിലും റിപ്പോർട്ടുകളിലും അപാകതകളോ പാകപ്പിഴകളോ ഉണ്ടായിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക. മേലിൽ ഈ സംരംഭങ്ങളിൽ മതിയായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി സഹായിക്കണമെന്ന് നിങ്ങളോരോരുത്തരോടും അഭ്യർത്ഥിക്കുകയുമാണ്.

ഈ സംരംഭം ഇത്രത്തോളം വിജയകരമാക്കുവാൻ സാധിച്ചത് നിഷ്കാമകർമ്മികളായ അനേകരുടെ പ്രയത്നഫലമായിട്ടാണ്. ജാതി മതരാഷ്ട്രീയ ചിന്താഗതികൾക്കതീതമായി ഉയർന്നു ചിന്തിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരോടും മല്ലപ്പുഴശ്ശേരി പഞ്ചായത്തു കമ്മറ്റിക്കു വേണ്ടിയും വ്യക്തിപരമായും നിസ്സീമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ആശംസകളോടെ

മേഴ്സി സാമുവേൽ

പ്രസിഡന്റ്

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5. സാമൂഹിക, സാമ്പത്തിക, മേഖലകൾ

5.1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 കുടിവെള്ളവും പൊതുജന ആരോഗ്യവും

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5.8 സംസ്കാരം

5.9 വനിത

5.10 സഹകരണം

5.11 പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം

5.12 വിനോദസഞ്ചാരം

5.13 ടൂറിസം

6. ഉപസംഹാരം



1 ആമുഖം

എട്ട് പഞ്ചവത്സരപദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയതിന് ശേഷമാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുവാനും നടപ്പിലാക്കുവാനും കേരളസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചത് 73-ാം ഭരണഘടന ഭേതഗതിയിലൂടെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിലവിൽ വന്നതും ഈ തീരുമാനത്തിന് പ്രചോദനമായി. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിലൂടെ കുറെയേറെ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞുവെങ്കിലും ലക്ഷ്യമിട്ട നേട്ടങ്ങളുടെ അടുത്തെങ്ങും നമുക്കെത്താൻ കഴിയാഞ്ഞത് പദ്ധതിയുടെ നടത്തിപ്പിലെ പോരായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് കീഴോട്ടൊഴുകി. അതോടൊപ്പം കുത്തി ഒലിച്ചത് ജനകീയാവശ്യങ്ങളായിരുന്നു. തീരുമാനമെടുക്കുവാനും, നടപ്പാക്കുന്നതിൽ പങ്കു വഹിക്കുവാനും സാധാരണക്കാരന് അവസരം നൽകാൻ നിലവിലുള്ള ആസൂത്രണപ്രക്രിയ മാറിയെ തീരൂ ! കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്ര പ്രസ്ഥാനം, അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യ പങ്കാളിത്തം ജാതി മതാദി ഭിന്നതകൾക്കതീതമായി ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് ഉറപ്പാണ്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയും.

വികസനമെന്നത് ജനങ്ങളുടെ ഭൗതിക ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയയാണ്. ഭൗതിക ജീവിത നിലവാരം ഉയരണമെങ്കിൽ അതിനുള്ള ജീവിതോപാധികളുടെ ഉൽപാദനം ഗണ്യമായി ഉയരണം. വികസനഫലമായി ഉണ്ടാകുന്ന സാമ്പത്തിക വളർച്ച സ്ഥായിയും നീതിപൂർവ്വവുമായിരിക്കണം. ഇങ്ങനെയാ കണമെങ്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങൾ ഒറ്റപ്പെട്ട വ്യക്തികളുടെ ഇഷ്ടത്തിനു വിട്ടുകൊടുത്താൽ പോരാ. സാമൂഹികമായ ഇടപെടൽ ഉണ്ടാവണം. സമൂഹം മൊത്തത്തിൽ വളർച്ചയുടെ മുൻഗണനാക്രമം തീരുമാനിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി, ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ കാലത്തേക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ വിനിയോഗിക്കണം. ആസൂത്രണം ജനപങ്കാളിത്തത്തോടെ ആകണം.

കാർഷിക രംഗത്തും വ്യവസായ രംഗത്തും കേരളത്തിൽ മുരടിപ്പും പിന്നോട്ട് പോക്കുമാണ് നമുക്ക് കാണാൻ കഴിയുന്നത്. ആവശ്യത്തിനുള്ള ഭക്ഷ്യോൽപന്നങ്ങളുടെ 50% പോലും ഉല്പാദിപ്പിക്കുവാൻ നമുക്ക് കഴിയുന്നില്ല. വ്യവസായിക രംഗത്തും നമ്മുടെ വളർച്ച അഖിലേന്ത്യാ തോതിനേക്കാൻ വളരെ പിന്നിലാണ്. നമ്മുടെ സംസ്ഥാനം എല്ലാ അർത്ഥത്തിലും ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുന്നു. സാക്ഷരത, പൊതുജനാരോഗ്യം, സാമൂഹ്യ സുരക്ഷ, ശുചിത്വം ആയുർദൈർഘ്യം തുടങ്ങിയ പല രംഗങ്ങളിലും അന്തർദേശീയ

ശ്രദ്ധ തന്നെ പിടിച്ചുപറ്റി കേരള മോഡൽ വികസനത്തിലൂടെ നാം ഇന്ത്യയിൽ ഒന്നാമതെത്തുകയും വികസിത രാജ്യങ്ങളോടൊപ്പം ചെന്നെത്തുകയും ചെയ്തപ്പോൾ തന്നെ പ്രതീക്ഷിച്ച ഉദ്പാദനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ തന്നെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളുടേയും പിന്നിലാണ്. ഉദ്പാദന രംഗത്തെ ഈ മാന്ദ്യം അവസാനിപ്പിക്കാതെ നാം നേടിയ പുരോഗതി നിലനിർത്താൻ കഴിയില്ലെന്ന് സമീപകാല സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുതലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ജനപങ്കാളിത്തോടെയാവുമ്പോൾ കേന്ദ്രീകൃത ആസൂത്രണത്തിന്റെ ശാപങ്ങളിൽ നിന്നും നാം മുക്തരാവുന്നു. അഴിമതിക്കു സാദ്ധ്യത തന്നെ വിരളമാകുന്നു. പദ്ധതികൾ സുതാര്യമാവുമ്പോൾ നടത്തിപ്പ് കുറ്റമറ്റതാകുന്നു. ഈയൊരു പരീക്ഷണത്തിൽ വിജയിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഇതിന് ജാതി മത രാഷ്ട്രീയ ചിന്തകൾകൾക്കതീതമായി സകലരുടെയും സഹായ സഹകരണങ്ങൾ അനിവാര്യമാണ്.

മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 ഒക്ടോബർ 1 മുതലാണന് ഒക്ടോബർ 1, 2, 3, 4 തീയതികളിൽ 8 വാർഡുകളിലേയും ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിൽ പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞു ചർച്ചകൾ നടത്തപ്പെട്ടു. നവംബർ 16 - ാം തീയതി മല്ലപ്പുഴശ്ശേരി എം. റ്റി. എൽ. പി സ്കൂളിൽ കൂടിയ വികസന ശില്പശാലയിൽ 8 വാർഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പ് കൺവീനർമാർ, ഒരുമിച്ചുകൂടി. വികസന റിപ്പോർട്ടും തയ്യാറാക്കുവാനുള്ള നടപടികൾ ആരംഭിച്ചു. വികസന ശില്പശാലയിൽ വിവിധ ഗ്രൂപ്പുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കൺവീനർമാരും പഞ്ചായത്ത് കംമ്മറ്റിയംഗങ്ങളും നവംബർ 23, 25, 27 ഡിസംബർ 2 തീയതികളിൽ കൂടി വികസന റിപ്പോർട്ടിന് അന്ത്യമ രൂപം നൽകി. പഞ്ചായത്ത് കമ്മിറ്റി കൂടി വികസന റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു..

നമ്മുടെ ഗ്രാമത്തെ സമ്പൽ സമൃദ്ധിയിലേക്ക് നയിക്കാൻ, പുതിയ വികസനത്തിന്റെയും സംസ്കാരത്തിന്റെയും മാതൃക സൃഷ്ടിക്കാൻ വികസന സെമിനാറിനു സാധിക്കണം. പഞ്ചായത്തിലെ സമസ്ത വികസന മേഖലകളും സമഗ്രമായി ചർച്ച ചെയ്യുന്നതിനും ജനകീയമായ പദ്ധതി രൂപീകരണത്തിനും സെമിനാറിനും സാധിക്കട്ടെ, എന്ന് പ്രതീക്ഷയോടെ മല്ലപ്പുഴശ്ശേരി പഞ്ചായത്ത് വികസന റിപ്പോർട്ട് ജനങ്ങൾക്കു മുമ്പാകെ സമർപ്പിക്കുന്നു.

2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	—	മല്ലപ്പുഴശ്ശേരി
ഉൾപ്പെടുന്ന വില്ലേജുകൾ	—	മല്ലപ്പുഴശ്ശേരി
ബ്ലോക്ക് പഞ്ചായത്ത്	—	ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്
താലൂക്ക്	—	കോഴഞ്ചേരി
അസംബ്ലി മണ്ഡലം	—	പത്തനംതിട്ട
വിസ്തീർണ്ണം	—	12.45 ച.കി.മി.
അതിരുകൾ	—	വടക്ക് കോഴഞ്ചേരി, പമ്പാനദി,
	—	കിഴക്ക് നാരങ്ങാനവും, കോഴഞ്ചേരിയും
	—	തെക്ക് ഇലന്തൂർ, മെഴുവേലി
	—	പടിഞ്ഞാറ് ആറന്മുള, മെഴുവേലി
ജനസംഖ്യ	—	11630 (1991 - ലെ സെൻസസ്)
പുരുഷന്മാർ	—	5548
സ്ത്രീകൾ	—	6082
ജനസാന്ദ്രത	—	934
അക്ഷരാഭ്യാസമുള്ളവർ	—	9809
വാർഡുകൾ	—	8
പ്രസിഡന്റിന്റെ പേര്	—	ശ്രീമതി. മേഴ്സി സാമുവേൽ
വൈസ് പ്രസിഡന്റിന്റെ പേര്	—	ശ്രീ. വാഴുവേലിൽ രാമചന്ദ്രൻ നായർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	—	ശ്രീ. എം.ജി. സദാശിവൻ നായർ

സ്ഥാപനങ്ങൾ

ബാങ്ക്	-	13
ഹൈസ്കൂൾ	-	3
യു.പി സ്കൂൾ	-	2
എൽ.പി സ്കൂൾ	-	5
ആശുപത്രി ആകെ	-	2
സ്വകാര്യം	-	1
സർക്കാർ	-	1
അഗ്രി ഓഫിസ്സ്	-	1
മൃഗാശുപത്രി	-	1
ICDP സബ് സെന്റർ	-	1
ഫിഷറി ഓഫിസ്സ്	-	1
വില്ലേജ് ഓഫിസ്സ്	-	1
സർവീസ് സഹകരണ ബാങ്കുകൾ	-	2
ക്ഷീരോല്പാദക സഹകരണ സംഘം	-	2
സിനിമ തിയേറ്റർ	-	1
ദേവസ്വം ഓഫിസ്സുകൾ	-	2
പോലീസ് സ്റ്റേഷൻ	-	1
ലൈബ്രറി	-	6
പോസ്റ്റ് ഓഫീസുകൾ	-	5
ബാലവാടികൾ	-	4

3 സാമൂഹിക - സാംസ്കാരിക ചരിത്രം

പ്രശസ്തമായ തിരുവാറന്മുള മഹാക്ഷേത്രത്തിന്റെ തൊട്ടുകിഴക്ക് മുതൽ കിഴക്കോട്ടും തെക്കോട്ടും വ്യാപിച്ചു കിടക്കുന്ന ഒരു ഗ്രാമമാണ് മല്ലപ്പുഴശ്ശേരി. മലയും പുഴയും കൂടി സംഗമിക്കുന്ന പ്രദേശമാണ് മല്ലപ്പുഴശ്ശേരി. ഒന്നും, രണ്ടു വാർഡിന്റെ കുറച്ചു ഭാഗങ്ങള് ഒഴിച്ചാൽ ബാക്കി സ്ഥലമെല്ലാം മലമ്പ്രദേശമാണ്. പുണ്യനദിയായ പമ്പയുടെ സമ്പർക്കവും സാമിപ്യവും ഈ പ്രദേശത്തെ സമ്പന്നമാക്കുന്നു.ആഗോള ശ്രദ്ധയാകർഷിച്ചു കൊണ്ടിരിക്കുന്ന ആറന്മുള വള്ളംകളി നടക്കുന്ന പമ്പാ നദിയുടെ സിംഹഭാഗവും മല്ലപ്പുഴശ്ശേരി പഞ്ചായത്ത് പ്രദേശത്താണ്.

കോഴഞ്ചേരിയും മല്ലപ്പുഴശ്ശേരിയും ഒന്നിച്ച് കോഴഞ്ചേരി വില്ലേജ് യൂണിയൻ എന്ന പേരിലാണ് ആദ്യം അറിയിപ്പെട്ടിരുന്നത്. ജനസംഖ്യാടിസ്ഥാനത്തിലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും മല്ലപ്പുഴശ്ശേരി പ്രദേശം ഒരു പ്രത്യേക പഞ്ചായത്തായി രൂപീകരിക്കേണ്ടത് ആവശ്യമായിവന്നതിനാൽ, നിവേദനങ്ങളുടെ ഫലമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല വഹിച്ചിരുന്ന സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ മല്ലപ്പുഴശ്ശേരി പഞ്ചായത്ത് രൂപീകരിക്കുന്നതിനു അനുമതി നൽകി. 1952 ൽ മല്ലപ്പുഴശ്ശേരി പഞ്ചായത്ത് നിലവിൽ വന്നു. കർത്തവ്യത്ത് സ്വന്തമായി പണിത കെട്ടിടത്തിൽ 1972 മുതൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നു.

മല്ലപ്പുഴശ്ശേരിയുടെ ഭൂരിഭാഗവും വന നിബിഡമായിരുന്നു. കാടുതെളിച്ചു കുടിയേറിയവർ നൽകിയ വിശേഷണങ്ങളായ പിന്നെയും കാട്, ഒണ്ടെ കാട് ലോപിച്ച് പുന്നക്കാട്ട്, ഓന്തേകാടും എന്നീ സ്ഥലപ്പേരുകളായി മാറിയതായി പറയപ്പെടുന്നു. 18 ാം നൂറ്റാണ്ടിൽ പുന്നക്കാട്ട് ധാരാളം ഇസ്ലാം മതക്കാർ കൂട്ടമായി താമസിച്ചു കച്ചവടം നടത്തിയിരുന്നതായി ചില കുടുംബ ചരിത്രങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. മുസ്ലീം സമുദായക്കാർ ഇവിടെ നിന്നു പിന്നീട് പാലായനം ചെയ്തതായാണ് ഐതീഹ്യം. മല്ലപ്പുഴശ്ശേരി ഭൂപ്രദേശത്തിന്റെ ഗണ്യമായ ഭാഗങ്ങൾ തിരുവാറന്മുള ക്ഷേത്രം വകയായിരുന്നു എന്ന് പറയപ്പെടുന്നു.

വർഷങ്ങളായി തിരുവോണ ദിവസം ഉപവസിക്കുന്ന കാരണവന്മാർ ഉൾക്കൊള്ളുന്ന ഒരു പ്രദേശമാണ് ഇത്. പാപശാന്തിക്കായി നടത്തുന്ന ഉപവാസത്തിന്റെ പിന്നിൽ ഒരു ഐതീഹ്യമുണ്ട്. കണ്ണങ്ങാട്ട് മഠത്തിൽ എല്ലാ വർഷവും സാധുക്കൾക്കായി നെല്ലു അളന്നിരുന്നു. നെല്ല് അളവ് ലഭിക്കുന്നതിനായി വളരെ ദൂരെ നിന്നു വന്ന ഒരു ഹരിജൻ യുവതി, ആരുടെയും ശ്രദ്ധയിൽ പെടാത്തതിനാൽ രാത്രിമുഴുവനും മുറവും തലയിൽ ചുടി നിന്നു മഴ നനഞ്ഞു മരിച്ചെന്നാണ് ഐതീഹ്യം. ഇതിന്റെ ഓർമ്മക്കായി ഒരു കൽപ്രതിമ കണ്ണങ്ങാട്ടുമഠത്തിനു മുൻവശം ഇപ്പോഴും സ്ഥിതിചെയ്യുന്നു. ഈ ദാരുണ മരണത്തിന്റെ പാപശാന്തിക്കായി തിരുവോണ ദിവസം ഇല്ലത്തെ മുസുമാർ ഉപവാസം അനുഷ്ഠിക്കുന്നു.

1952 ൽ രൂപം കൊണ്ട മല്ലപ്പുഴശ്ശേരി പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ആറന്മുള കാവിട കുടുംബത്തിലെ ശ്രീമാൻ. കെ.പി.വേലായുധൻ നായർ ആയിരുന്നു. ആദ്ദേഹത്തിന്റെ ഭരണകാലത്ത് കൊല്ലം ജില്ലയിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് എന്ന ബഹുമതി കരസ്ഥമാക്കിയിട്ടുണ്ട്. അഡ്വ. വി. സുബ്രമണ്ണ്യൻ മൂസ്സത് 17 വർഷക്കാലത്തോളം പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. 1979 മുതൽ 1984 വരെ കുഴിക്കാല പുളിന്തിട്ട പ്രൊഫ. പി.ഇ. തോമസും 1988 മുതൽ 1995 വരെ പുന്നക്കാട്ട് മലയിൽ തോപ്പിൽ ശ്രീ. മാത്യു തോമസും പഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ടിച്ചിട്ടുണ്ട്. 1995 ൽ നടന്ന തദ്ദേശ സ്വയം ഭരണ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ പഞ്ചായത്ത് പ്രസിഡന്റ്സ്ഥാനം വനിതാമെമ്പർക്കായി സംവരണം ചെയ്യപ്പെടുകയും കുഴിക്കാല മുക്കൂട്ടിൽ ശ്രീമതി. മേഴ്സി സാമുവേൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ആറന്മുള കണ്ണാടി, ആറന്മുള അടക്ക തുടങ്ങിയവ ഈ പ്രദേശത്തിന്റെ മഹിമ വിളിച്ചോതുന്നവയായിരുന്നു. കേരളത്തിന്റെ പാരമ്പര്യകലകളാ

യ കഥകളി, ഓട്ടംതുള്ളൽ, കളരിപ്പയറ്റ്, ചിത്ര രചന തുടങ്ങിയനവധി കലാരൂപങ്ങൾ പഠിപ്പിക്കുകയും, പ്രദർശന പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്ന ഒരു സാംസ്കാരീക നിലയമാണ് വിക്ടറി കലാവേദി. അന്താരാഷ്ട്ര പ്രസിദ്ധിയുള്ള ഈ സ്ഥാപനം കഴിഞ്ഞ 15 വർഷമായി നടത്തുന്നത് ഫ്രഞ്ച് വനിത ലൂബാ ഷീൽഡാണ്. ഡോ. ബാബു പോൾ, കാവാലം നാരായണപ്പണിക്കർ, പി.എൻ. സുരേഷ് തുടങ്ങിയവർ ലൂബാ ഷീൽഡിന്റെ സേവനങ്ങളെ സഹായിക്കുന്നു.

ഹൈന്ദവ ക്രൈസ്തവ മതങ്ങളിൽപ്പെടുന്ന ജനങ്ങൾ ഒത്തൊരുമിച്ച് വസിക്കുന്ന ഒരു ഗ്രാമമാണ് മല്ലപ്പുഴശ്ശേരി. 8 ക്ഷേത്രങ്ങളും 9 കാവുകളും ഒരു ഗുരു മന്ദിരവും പഞ്ചായത്തിലുണ്ട്. 1854ൽ കുഴിക്കാലായിൽ സി.എം.എസ്സ് മിഷനറിമാർ സ്ഥാപിച്ച ആംഗ്ലിക്കൻ പള്ളിയാണ് ആദ്യ ക്രൈസ്തവദേവാലയം. മിക്ക ക്രൈസ്തവ വിഭാഗങ്ങൾക്കും ആരാധനാലയങ്ങൾ ഉണ്ട്.

1885 ൽ കുഴിക്കാലായിൽ സി.എം.എസ്സ് മിഷനറിമാർ സ്ഥാപിച്ച പ്രൈമറി സ്കൂൾ 1948 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. കുഴിക്കാലാ സി. എം. എസ്സ് ഹൈസ്കൂൾ, കാരംവേലി എസ്സ്. എൻ. ഡി.പി. ഹൈസ്കൂൾ, ആറന്മുള വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവയാണ് പ്രൈമറി സ്കൂളുകൾക്ക് പുറമെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പ്രസിദ്ധരായ പാരമ്പര്യ വൈദ്യന്മാർ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

സംസ്ഥാന വനിതാ കമ്മീഷൻ ചെയർമാനും പ്രസിദ്ധ കവയത്രിയും പരിസ്ഥിതി പ്രവർത്തകയുമായ ശ്രീമതി. സുഗതകുമാരിയുടെ വീട് ഈ പഞ്ചായത്തിലാണ്. കാഥാപ്രസംഗ കലക്ക് ആരംഭംകുറിച്ച ശ്രീ. സി.എ. സത്യദേവൻ ഈ പഞ്ചായത്തിൽ കാരംവേലിയിലാണ് താമസിച്ചിരുന്നത്.

പല പ്രധാന കാര്യങ്ങളിലും പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. കാര്യമായ വ്യവസായ സംരഭങ്ങളോ, തൊഴിൽശാലകളോ ഈ പഞ്ചായത്തിൽ ഇല്ല. ഗതാഗത സൗകര്യങ്ങൾ വേണ്ട രീതിയിൽ വർദ്ധിച്ചിട്ടില്ല. കൃഷി നഷ്ടമായതിനാൽ, ജനങ്ങൾ നാണ്യ വിളകളിലേക്ക് തിരിയുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്ന പണമാണ് ഈ പ്രദേശത്തിന്റെ ജീവൻ നിലനിർത്തുന്നത്. വിദേശ പണംഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനും കെട്ടിടംപണികൾക്ക് വേണ്ടിയും മാത്രമാണ് പ്രധാനമായും ഉപയോഗിക്കപ്പെടുന്നത്. വിദേശപണം ഉൽപ്പാദന മേഖലകളിലേക്ക് തിരിച്ചുവിടുന്നതിൽ കൂടിമാത്രമേ നാടിന് വികസനം ഉണ്ടാകു.



4 ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവം

അവലംബം :- വിഭവഭൂപടം, കൃഷിഭവൻ, രേഖകൾ, പഠനപര്യടനം

ഭൂപ്രകൃതി

വടക്ക് കിഴക്ക് ഭാഗങ്ങൾ കോഴഞ്ചേരി, നാരങ്ങാനം, ഇലന്തൂർ പഞ്ചായത്തുകളും തെക്കു പടിഞ്ഞാറ് ഭാഗങ്ങളിൽ മെഴുവേലി, ആറന്മുള പഞ്ചായത്തുകളും അതിരുകളായി വരുന്ന 1132.57 ഹെക്ടർ വിസ്തൃതിയുള്ള ഭൂപ്രദേശമാണ് മല്ലപ്പുഴശ്ശേരി പഞ്ചായത്ത്.

പഞ്ചായത്തിനെ 1 മുതൽ 8 വരെയുള്ള 8 വാർഡുകളായി വിഭജിച്ചിരിക്കുന്നു. തെക്ക് വടക്ക് 6 കി.മി., കിഴക്ക് പടിഞ്ഞാറ് 5 കി.മി. ഉം വിസ്തൃതി ഉണ്ട്. പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തു കൂടി തുമ്പമൺ കോഴഞ്ചേരി റോഡ് കടന്നു പോകുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള 1-ാം വാർഡിന്റെ (മല്ലപ്പുഴശ്ശേരി) ഓരം പറ്റി പമ്പാനദി ഒഴുകുന്നു.

ഇരപ്പൻ തോട് തെക്ക് ഇലന്തൂർ, മെഴുവേലി പഞ്ചായത്തുകളിൽ കൂടി ഒഴുകി 7-ാം വാർഡിൽ പ്രവേശിച്ച് 5,3,2, വാർഡുകളിൽ കൂടി ഒഴുകി വലിയ തോടായി ഇടയാറന്മുളയിൽ കോഴിപ്പാലത്തിനു താഴെ പമ്പാനദിയിൽ ചേരുന്നു. ആനപ്പാറയ്ക്കൽ തോട് ഇലന്തൂർ പഞ്ചായത്തിൽ കൂടി 6-ാം വാർഡിൽ പ്രവേശിച്ച് 6,3, വാർഡുകളിൽക്കൂടി ഒഴുകി പുന്നക്കാട് വയലിന്റെ താഴെ ഭാഗത്തുള്ള വലിയതോട്ടിൽ ചേരുന്നു. മേൽപറഞ്ഞ രണ്ടു തോടുകളാണ് ദേശത്തിന്റെ പ്രധാന നീരൊഴുക്കു ചാലുകൾ.

പമ്പാ ഇറിഗേഷൻ കനാൽ പഞ്ചായത്തിന്റെ ആറാം വാർഡിൽ പ്രവേശിച്ച് 7, 8, വാർഡുകളിൽ കൂടി കടന്നു പോകുന്നു. പ്രധാന കനാലിൽ നിന്നു മൂന്നു സബ് കനാലുകൾ പഞ്ചായത്തിന്റെ 1 ഉം 6 ഉം ഒഴിച്ചുള്ള എല്ലാ വാർഡുകളിൽ കൂടിയും കടന്നു പോകുന്നു.

എട്ടാം വാർഡിൽ മെഴുവേലി പഞ്ചായത്തിനോട് അതിരു ചേർന്ന് 2.5 ഹെക്ടർ വിസ്തീർണ്ണം വരുന്ന മുല്ലശ്ശേരി ചിറ എന്നറിയപ്പെടുന്ന ജലാശയവും മൂന്നാം വാർഡിൽ വടക്കു വശം കോഴഞ്ചേരി പഞ്ചായത്തിനോട് ചേർന്ന 25 ഹെക്ടർ വിസ്തീർണ്ണം വരുന്ന പന്നിവേലിച്ചിറ എന്ന ജലാശയവും അഞ്ചാം വാർഡിൽ 2 ഹെക്ടർ വിസ്തീർണ്ണം വരുന്ന കോട്ടൂർചിറ എന്ന ജലാശയവും ഈ പ്രദേശത്തിന്റെ മുഖ്യ ജലസേചന സ്രോതസ്സുകളാണ്. കൂടാതെ ധാരാളം കുളങ്ങളും നെൽപ്പാടങ്ങളോടു ചേർന്നു ഇടകലർന്നു കിടക്കുന്നു.

അഞ്ചാം വാർഡിലെ കൊല്ലൻമുരുപ്പ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമാണ്. ഈ സ്ഥലത്താണ് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സിസ്റ്റത്തിന്റെ ഹൈ ലവൽ ടാങ്ക് സ്ഥാപിച്ചിരിക്കുന്നത്. ഈ പ്രദേശത്തിന്റെ മദ്ധ്യ ഭാഗത്ത്. 0.43 ഹെക്ടർ വിസ്തീർണ്ണമുള്ള പഞ്ചായത്തു വക പരുത്തിപാറ എന്ന തട്ടുപാറക്കെട്ട് സ്ഥിതി ചെയ്യുന്നു.

ആറാം വാർഡിൽ പത്തനംതിട്ട റോഡിന്റെ തെക്കുവശം പഴയ പോസ്റ്റോഫീസ് പടി റോഡിൽ ബാലവാടിക്കു സമീപം 2 ആർ വിസ്തീർണ്ണം വരുന്ന വലിയപാറ സ്ഥിതിചെയ്യുന്നു. ഇത് പൊട്ടിച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

ഇതേ മെയിൻ റോഡിൽ വടക്കുവശം നെല്ലിക്കാല നാരങ്ങാനം റോഡിന്റെ പടിഞ്ഞാറുഭാഗം പ്ലാംകൂട്ടത്തിൽ മുരിപ്പിനു സമീപമായി 12.5 ആർ വിസ്തീർണ്ണം വരുന്ന ഊട്ടുപാറ സ്ഥിതിചെയ്യുന്നു.

ആകപ്പാടെ കുന്നുകളും, താഴ്വരകളും, നെൽപ്പാടങ്ങളും, കുളങ്ങളും, തോടുകളും ഇടകലർന്നു മനോഹരമായ ഭൂപ്രകൃതിയാണ് മല്ലപ്പുഴശ്ശേരി പഞ്ചായത്തിനുള്ളത്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 3 വിഭാഗങ്ങളായി തിരിക്കാം.

1. <u>സമതലപ്രദേശം</u>

പമ്പാ നദി വടക്കേ അതിരായുള്ള ഒന്നാം വാർഡ് മല്ലപ്പുഴശ്ശേരിയും അതിനോട് തെക്കുവശം ചേർന്നു വരുന്ന പേരാപ്പൂർ ഉൾപ്പെടുന്ന രണ്ടാം

വാർഡും , ഓന്തേകാടുൾപ്പെടുന്ന മൂന്നാം വാർഡിന്റെ പകുതി ഭാഗവും ഉൾപ്പെടുന്ന സമതല പ്രദേശം, മൊത്തം പ്രദേശത്തിന്റെ വിസ്തിതിയുടെ 20 ശതമാനം ഉണ്ടാകും.

2. <u>കുന്നിൻപ്രദേശം</u>

3 ാം വാർഡിന്റെ ഏതാണ്ട് മദ്ധ്യഭാഗം മുതൽ കിഴക്കോട്ടും തെക്കോട്ടുമായി ഉയർന്നും ചെരിഞ്ഞും കിടക്കുന്ന കുന്നിൻപ്രദേശം. ചെരിഞ്ഞു കിടക്കുന്ന പ്രദേശങ്ങളിൽ ഇടക്കാലത്ത് മേൽമണ്ണ് ഒഴുകി നഷ്ടപ്പെടുന്നുണ്ട്. മൊത്തം വിസ്തീർണ്ണത്തിന്റെ 58 ശതമാനം ഉണ്ടാകും.

3. വിവിധ വാർഡുകളിലായി കിടക്കുന്ന പാടശേഖരങ്ങൾ ഉൾക്കൊള്ളുന്ന താഴ്വര പ്രദേശങ്ങൾ

മൊത്തം ഭൂവിസ്തീർണ്ണത്തിന്റെ 22 ശതമാനം വരും. നീർവാർച്ച കുറഞ്ഞ ചതുപ്പു പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു. നീർവാർച്ചാ സൗകര്യങ്ങളില്ലാത്തതിനാൽ ചതുപ്പ് പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാകുന്നില്ല.

<u>കാലാവസ്ഥ</u>

കൂടുതലും മഴ ധാരാളമായി ലഭിക്കുന്ന മൺസൂൺ കാലാവസ്ഥയാണ് ഈ പ്രദേശത്ത് അനുഭവപ്പെടുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ കാലവർഷവും ഒക്ടോബർ മുതൽ ഡിസംബർ പകുതി വരെ തുലാവർഷവും ലഭിക്കുന്നു. ജനുവരി മുതൽ മാർച്ചുവരെ പൊതുവേ വരൾച്ച അനുഭവപ്പെടുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽമഴ ലഭിക്കുന്നു. പൊതുവെ മഴയുടെ 60 ശതമാനം ആദ്യ മാസങ്ങളിലും 30 ശതമാനം ഒക്ടോബർ നവംബറിലും 10 ശതമാനം മറ്റു മാസങ്ങളിലും ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂലൈ മാസത്തിലാണ്. മൊത്തം ഒരു വർഷം 3000 m.m മഴ ലഭിക്കുന്നുവെന്ന് കണക്കാക്കാവുന്നതാണ്.

മഴക്കാലം വളരെ ക്രമം തെറ്റിയാണ് പെയ്യുന്നത്. കാലംതെറ്റിയും ക്രമം തെറ്റിയുമുള്ള മഴ കൃഷിയേയും കാർഷിക പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുന്നു.

അന്തരീക്ഷ ഊഷ്മാവ് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഏതാണ്ട് 30 ഡിഗ്രി സെൻടി ഗ്രേഡിനടുത്താണ് ശരാശരി ഊഷ്മാവ്. വർഷത്തിലെ എല്ലാ കാലത്തിലും ഉഷ്ണം അനുഭവപ്പെടുന്നു. കഴിഞ്ഞകാലങ്ങളിൽ അനുഭവപ്പെട്ടിരുന്ന മകരകുളിര് ഇന്നനുഭവപ്പെടുന്നില്ല. നവംബർ മുതൽ ജനുവരി, മാസങ്ങളിൽ മുൻപ് ഇല്ലാത്തവിധം മൂടൽമഞ്ഞ് കാണുന്നുണ്ട്. ഇതും കാലാവസ്ഥയിലുള്ള വ്യതിയാനത്തെ സൂചിപ്പിക്കുന്നു.

<u>മൺതരം</u>

<u>പശിമരാശിമണ്ണ്</u>

ഈ പഞ്ചായത്തിലെ 1 മുതലുള്ള 8 വാർഡുകളിൽ ഒന്നാം വാർഡ് പൂഴയോരമാണ്. ഒന്നാം വാർഡിലും അതിനോട് ചേർന്നു കിടക്കുന്ന രണ്ടാം വാർഡിലേയും, മൂന്നാം വാർഡിൽ പകുതിയോളം കരപ്രദേശത്തെ മണ്ണ് ഫലപുഷ്ടിയുള്ള പശിമരാശിമണ്ണാണ്. എല്ലാവിധ കാർഷിക വിളകൾക്കും യോജിച്ചതാണ്.

<u>ചെങ്കൽമണ്ണ്</u>

മൂന്നാം വാർഡിന്റെ മദ്ധ്യഭാഗം മുതൽ പഞ്ചായത്തിൽ വ്യാപകമായുള്ള കുന്നിൻ പ്രദേശങ്ങളിലെ മണ്ണ് ചരൽ കലർന്ന ചെങ്കൽമണ്ണാണ്. ഈ മണ്ണ് ജൈവാംശവും സസ്യ മൂലകങ്ങളും കുറഞ്ഞവയാണ്. അമ്ലതമുള്ള രാസ സ്വഭാവമാണ്. ജലസംഗ്രഹണ ശേഷി കുറവാണ്. ജലാംശം കുറഞ്ഞാൽ കട്ടി പിടിക്കുന്നതാണ്. മിതമായ ജലാംശത്തിൽ കാർഷിക പ്രവർത്തനങ്ങൾക്ക് ഏറ്റവും യോജിച്ചതും രാസവളങ്ങൾക്ക് നല്ല പ്രതികരണമുള്ളവയുമാണ്. തോട്ട വിളകൾക്ക് യോജിച്ചതുമാണ്.

<u>കളിമണ്ണുള്ള പശിമരാശിമണ്ണ്</u>

പാടശേഖരങ്ങളിലെ മണ്ണ് പൊതുവെ കളിമണ്ണു കൂടുതലായുള്ള പശിമരാശിമണ്ണാണ്. ഈ മണ്ണ് അമ്ലതമുള്ളതും, സസ്യമൂലകങ്ങളിൽ പൊതുവെ മദ്ധ്യ നിലവാരത്തിലുള്ളതുമാണ്. ഏതാണ്ട് 254 ഹെക്ടർ സ്ഥലം ഈ വിഭാഗത്തിൽ പെടുന്നു.

സസ്യാവരണം

1,2,3 വാർഡുകളിൽ കര പ്രദേശത്ത് മുഖ്യമായും തെങ്ങും അതിൽ ഇടവിളകളായി ജാതി, ഗ്രാമ്പൂ, കുരുമുളക്, കമുക്, വാഴ, കപ്പ എന്നിവയും

ചില ഭാഗങ്ങളിൽ തേക്കിൻ മരങ്ങളും കൃഷി ചെയ്യുന്നു. മറ്റു ഭാഗങ്ങളിൽ ജാതി, ഗ്രാമ്പു ഒഴികയുള്ള ഇടവിളകളും കാണപ്പെടുന്നു. 3-ാം വാർഡിന്റെ ഉയർന്ന പ്രദേശങ്ങളിലും തുടർന്നുള്ള എല്ലാ വാർഡുകളിലും ഉള്ള കര പ്രദേശത്തും റബ്ബർതോട്ടങ്ങളും തെങ്ങ്, വാഴ, കപ്പ, ഇഞ്ചി, കുരുമുളക് എന്നിവ ചേർന്നു മിശ്രവിളകളായും കൃഷി ചെയ്യുന്നു.

തെങ്ങുകൾ പകുതിയും കാറ്റുവീഴ്ചാ രോഗം ബാധിച്ചതും ഫലം കുറഞ്ഞതുമാണ്. പൊതുവെ ഇടവിളകൾക്ക് പരിപാലനം കുറവായി കാണുന്നു.

8-ാം വാർഡിൽ ഏറ്റവും കൂടുതലായി ഉദ്ദേശം 60 ശതമാനം പ്രദേശത്തും റബ്ബർ തോട്ടങ്ങൾ കാണപ്പെടുന്നു.റബ്ബർ മരങ്ങൾഅത്യുൽപാദനശേഷി യുള്ളതും നല്ലവണ്ണം പരിപാലിക്കപ്പെടുന്നവയും ആകുന്നു.

പരിസ്ഥിതി പ്രശ്നങ്ങൾ

ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഇവിടെയുണ്ടായിട്ടില്ല. രണ്ടും മൂന്നും വാർഡുകളിലെ പുഞ്ചപ്പാട ശേഖരങ്ങളിൽ ഉദ്ദേശം 40 ഹെക്ടർ പാടശേഖരം വെള്ളക്കെട്ടു നിമിത്തം നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്നു.

7,8 വാർഡുകളിൽ പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടി കടന്നു പോകുന്ന PIP കനാലിൽനിന്നും ചോർന്നു വരുന്ന വെള്ളം നിമിത്തം വടക്കു ഭാഗത്ത് 7-ാം വാർഡിലും 5-ാം വാർഡിലുമുള്ള ഉദ്ദേശം 30 ഹെക്ടർ വരുന്ന വയൽ പ്രദേശം വെള്ളംകെട്ടി വിരുപ്പ് കൃഷി ചെയ്യുവാൻ നിവർത്തിയില്ലാതെ ചതുപ്പായി കിടക്കുന്നു.

ആറാം വാർഡിൽ കാരംവേലി പ്രദേശത്തുള്ള വലിയ പാറ പൊട്ടിച്ചു കൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ വയൽ പ്രദേശങ്ങളിൽ തത്വദീക്ഷയില്ലാതെ കീടനാശിനികൾ അമിതമായി ഉപയോഗിക്കുന്നത് പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട്. കർഷകരെ ബോധവൽക്കരിച്ച് ആവശ്യാധിഷ്ഠിതമായ രീതിയിൽ ഉപയോഗം ക്രമീകരിക്കേണ്ടതാവശ്യമാണ്.

കൂടാതെ ചില പ്രദേശങ്ങളിൽ തൊഴിൽ അന്വഷിച്ച് കൂട്ടമായി വന്നു പാർക്കുന്ന ജനസമൂഹങ്ങൾ ആവശ്യമായ പൊതു കക്കൂസുകളുടെ അഭാവത്തിൽ അവരുടെ ജീവിത രീതികൾ പരിസരമലിനീകരണത്തിന് കാരണമാകുന്നു. ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഈ വക കാര്യങ്ങളിൽ ശാസ്ത്രീയ സമീപനമുണ്ടാകണം.

ജനപ്രകൃതി

1991 ലെ കാനേഷ്മാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യാ കണക്ക് താഴെ വിവരിക്കുന്നു.

കുടുംബങ്ങളുടെ എണ്ണം	-	2560
മൊത്തം ജനസംഖ്യ	-	11630
പുരുഷന്മാർ	-	5548
സ്ത്രീകൾ	-	6082
പട്ടികജാതിക്കാർ	-	1948
പുരുഷന്മാർ	-	938
സ്ത്രീകൾ	-	1010
പട്ടികവർഗ്ഗക്കാർ	-	12
പുരുഷന്മാർ	-	7
സ്ത്രീകൾ	-	5
സാക്ഷരത ആകെ	-	9809
പുരുഷൻന്മാർ	-	4709
സ്ത്രീകൾ	-	5100

ഈ പഞ്ചായത്തിൽ 1078 കർഷക തൊഴിലാളികളും 688 കർഷകരും ഉൾപ്പെടെ 4648 ആളുകൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിന്റെ വികസനം കൈവരിക്കുന്നതിന് ആവശ്യമായ മാനവശേഷി ഈ പഞ്ചായത്തിന് ഉണ്ടെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.

5.1 കൃഷിയും ജലസേചനവും

മല്ലപ്പുഴശ്ശേരി പഞ്ചായത്ത് പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ മല്ലപ്പുഴശ്ശേരി വില്ലേജിൽ സ്ഥിതി ചെയ്യുന്നു. പമ്പാനദിയുടെ തീരം മുതൽ സമതല പ്രദേശങ്ങളും ചരിവുതലങ്ങളും ചെറിയ പാറക്കെട്ടുകളും കുന്നുകളും താഴ്വരകളും ചേർന്ന പ്രദേശങ്ങളുമായി സ്ഥിതിചെയ്യുന്നുവെന്നത് ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്. ചരൽകലർന്ന മണ്ണും പശിരാശിമണ്ണും ചേർന്ന ഭൂമിയാണ്. അതുകാരണം അതുകാരണം എല്ലാകൃഷികൾക്കും യോജിച്ചതാണ്. മുഖ്യകൃഷികൾ റബർ, തെങ്ങ്, നെല്ല്, കൊക്കോ, വാഴ, കിഴങ്ങുവർഗങ്ങൾ മുതലായവയാണ്. ഭൂ ഉടമകൾ അധികവും ഒരു ഹെക്ടറിൽ കുറവ് ഭൂമിയുള്ളവരാണ്. പകുതിയിൽ കൂടുതലും കുടുംബങ്ങൾ കൃഷിയെമാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്.

വാർഡ്	നാമമാത്ര കർഷകർ	ചെറുകിട കർഷകർ	വൻകിടകർഷകർ
നമ്പർ	1ഹെക്ടർറിൽ താഴെ	1-2 ഹെക്ടർ	2ഹെക്ടറിൽ മുകളിൽ
1-8	1925	223	4

ഈ പഞ്ചായത്തിലെ ഭൂമിയെപ്പറ്റിയുള്ള വിവരങ്ങൾ

ഇനം നിലം	വിസ്തീർണ്ണം 254.21 ഹെക്ടർ
പുരയിടം	733.15 ,,
കൃഷിക്ക് യോജിച്ച തരിശ്	33.70 ,,
കൃഷിക്ക് യോഗ്യമല്ലാത്ത തരിശ്	110.00 ,,
പുറമ്പോക്ക്	7.00 ,,
ആകെ	1138.06 ,,

ആകെയുള്ള ഭൂമിയുടെ അഞ്ചിൽ ഒരു ഭാഗം വയലാണ്. എന്നിരുന്നാലും നെൽകൃഷി കുറഞ്ഞുകൊണ്ടിരിക്കുന്നു. വർഷത്തിൽ മൂന്നു പ്രാവശ്യം വരെ നെൽകൃഷി നടത്തിക്കൊണ്ടിരുന്ന വയലുകളിൽ ഇപ്പോൾ ഒരു പ്രവശ്യം മാത്രമേ കൃഷി ചെയ്യുന്നുള്ളു.

നെൽകൃഷി ആദായകരമല്ലാതെയായിതീർന്നിരിക്കുകയാണ്. ഉഴവുമാടുകളുടേയും കർഷകത്തൊഴിലാളികളുടേയും ദൗർലഭ്യം, വളത്തിന്റെ ഉയർന്ന വില, തൊഴിലാളികളുടെ നിയന്ത്രണമില്ലാത്ത കൂലി വർദ്ധന എന്നിവയാണ് നെൽകൃഷി കുറയാനുള്ള കാരണങ്ങൾ. ജലസേചനക്കുറവ്, മടവീഴ്, കനാലുകളുടെ ചോർച്ച മുതലായ കാരണങ്ങളാൽ നെൽപ്പാടങ്ങൾ തരിശായി തീർന്നിരിക്കുന്നു.

P.I.P. യുടെ പ്രധാന കനാലും ശാഖാ കനാലുകളും ഈ പഞ്ചായത്തിൽ കൂടിയാണ് കടന്നു പോകുന്നത് ഈ കനാലുകളുടെ ചോർച്ച കാരണം 5 ാം വാർഡിലെ പാണംചാൽ, മുരിക്കൊലിപടവ് 7,8 വാർഡുകളിലെ മണ്ണാത്തുപാറപ്പാടം, മുട്ടത്തിൽ പാടം എന്നീ നെൽപ്പാടങ്ങൾ തീർത്തും തരിശായി തീർന്നിരിക്കയാണ്. ഈ പാടങ്ങളിൽ മീൻകൃഷി ആദായകരമാക്കാവുന്നതാണ്. ഭവന നിർമ്മാണത്തിനു വേണ്ടിയും കൂടുതൽ ആദായകരമായ മറ്റുകൃഷികൾക്കുവേണ്ടിയും പലയിടത്തും നെൽപ്പാടങ്ങൾ നികത്തിയെടുക്കുന്നുണ്ട്.

1,2,3 വാർഡുകൾ മിക്കവാറും സമതലങ്ങളാണ്. ഇവിടെ നെൽകൃഷി കൂടാതെ തെങ്ങ്, കമുക് എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കാവുന്നതാണ്. 4-8 വാർഡുകൾ ചരിവുതലങ്ങളാണ്. ഇവിടെ ഈടി കയ്യാലകൾ തീർത്തും മണ്ണ് സംരക്ഷിക്കേണ്ടതും മണ്ണൊലിപ്പ് തടയേണ്ടതുമാണ്.

പുരയിടങ്ങളിലെ പ്രധാന കൃഷികൾ തെങ്ങ്, മരച്ചീനി, ഏത്തവാഴ, കുരുമുളക് എന്നിവയായിരുന്നു. രോഗം നിയന്ത്രിക്കാൻ കഴിയാത്തതു കാരണം തെങ്ങു കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. മറ്റു കൃഷികളും കുറഞ്ഞുകൊണ്ടിരിക്കയാണ്. കൃത്യമായി ജലസേചനവും വളപ്രയോഗവും നടത്തി ഈ കൃഷികൾ സംരക്ഷിക്കാവുന്നതാണ്.

റബ്ബർ കൃഷിയാണ് ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ചീക്കൽ, പട്ട മരവിക്കൽ എന്നീ രോഗങ്ങൾ റബ്ബറിന് ഭീഷണിയായി തീർന്നുകൊണ്ടിരിക്കുന്നു. കൂടാതെ പരിശീലനം ലഭിച്ച ടാപ്പിംഗുകാർ ഇല്ലാത്തതു കാരണം 8 10 വർഷം ആദായം ലഭിച്ചു കഴിയുമ്പോഴേക്കും മരങ്ങൾ വെട്ടിമാറ്റി വേറെ മരങ്ങൾനട്ടു പിടിപ്പിക്കേണ്ടി വരുന്നു. അതു കാരണം ചില കൃഷിക്കാർ തേക്ക് കൃഷിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഇത്രമാത്രം റബ്ബർകൃഷിയുണ്ടെങ്കിലും ഇവിടെ റബ്ബർതടി സംസ്കരിക്കുന്നതിനും, റബ്ബർ പാൽ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്നതിനുമുള്ള ഫാക്ടറികൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. പുകപ്പുര നിർമ്മിക്കുന്നതിനും റബ്ബർ റോളറുകൾ വാങ്ങുന്നതിനും കൂടുൽ സഹായംനൽകി റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കുരുമുളക് കൃഷിയും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഓരോ കർഷകനും15 -20 കുരുമുളകു വള്ളികൾ വെച്ചുപിടിപ്പിക്കത്തക്കവണ്ണം വേണ്ട പ്രോത്സാഹനം ചെയ്യേണ്ടതാണ്.

പ്രധാനപ്രശ്നങ്ങൾ

1 പ്രധാന കനാലിന്റേയും ഗാഖാ കനാലിന്റേയും ചോർച്ച കാരണം നെൽപ്പാടങ്ങൾ കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലായിരിക്കയാണ്.

2 മണ്ണ് പരിശോധന നടത്താത്തതു കാരണം വളപ്രയോഗം ശാസ്ത്രീയമല്ല.

3. വെള്ളം ഒഴുകിപോകാത്തതു കാരണം താഴെപ്പറയുന്ന പാടങ്ങളിൽ നെൽകൃഷി മുടങ്ങിക്കിടക്കുന്നു.

2 ാം വാർഡിലെ പുലയൻകോട്, 3 ാം വാർഡിലെ പുതിയിടത്തു മൂലപ്പാടം, അയ്യനാംകുളം പാടം, 6 ാം വാർഡിലെ മലേമണ്ണിൽപ്പടി പാടം

4. കൃഷിയും ജലസേചനവുമായി ബന്ധപ്പെടുത്തി കൊണ്ട് നിലവിലുള്ള തോടുകളും കുളങ്ങളും സംരക്ഷിക്കുന്നില്ല.

5. കൃഷി ആയുധങ്ങൾ നിർമ്മിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളില്ല.

6. കൃഷിതൊഴിലാളികളുടെ കൂലി ഏകീകൃതമല്ല.

7. കർഷകർക്ക് ആധുനീത കൃഷി സമ്പ്രദായത്തെക്കുറിച്ചുള്ള അറിവ് കുറവാണ്.

8. പരിശീലനം ലഭിച്ച ടാപ്പറിന്മാരില്ല.

9. കർഷകസംഘങ്ങളും കർഷക സമിതികളും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

10. കൃഷിഭവന്റെ സേവനംകൃഷിയുടെ വികസനത്തിൽ വേണ്ടത്ര സ്ഴാധീനം ചെലുത്തി കാണുന്നില്ല.

നിർദ്ദേശങ്ങൾ

1. P.I..P കനാലുകളുടെ ചോർച്ച നിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

2. പന്നിവേലിച്ചിറ ജല സംഭരണിയുടെ ആഴം കൂട്ടി ചിറകൾ ബലവത്താക്കി ചീപ്പുകൾ പ്രവർത്തന ക്ഷമമാക്കുക. രാത്രിയും പകലും ഡ്യൂട്ടിക്ക് വാച്ച്മാനെ നിയമിക്കുക. പന്നിവേലിച്ചിറ മുതൽ തുണ്ടഴം വരെയുള്ള വെള്ളത്തോട് PIP കനാലുമായി ബന്ധിപ്പിച്ച് ജലം സംഭരിക്കുക.

3. വെള്ളത്തോടുകളിൽ നിന്നുമുള്ള അശാസ്ത്രീയമായ മണൽ വാരൽ നിരോധിക്കുക.

4. താഴെപ്പറയുന്ന തോടുകൾ ആഴവ് വീതിയും കൂട്ടി വശങ്ങൾ കല്ലുകൊണ്ട് കെട്ടി ജലസേചനയോഗ്യമാക്കുക.

1. പമ്പയാറിന്റെ തീരത്തുനിന്നും ആറന്മുള പുഞ്ച ചിറയത്തുഭാഗം പാടം വരെയുള്ള തോയ്.

2. പന്നിവേലിച്ചിറ മുതൽ പടിഞ്ഞാറോട്ടുള്ള തോടുകൾ

3. മുട്ടടി മുതൽ തെക്കു പടിഞ്ഞാറോട്ടുള്ള തോടുകൾ

4. മേൽച്ചിറ മുതൽ പടിഞ്ഞാറോട്ടുള്ള കനാൽ തോട്.

5. ചാക്കപ്പാലം മുതൽ മുണ്ടകൻ തോട് വരെയുള്ള തോട്.

6. മുണ്ടകൻ മുതൽ പടിഞ്ഞാറോട്ട് തെക്കേടത്തുപാടം വരെയുള്ള തോട്.

7. കരിയാരം മുതൽ കോഴിത്തോടുവരെയുള്ള തോട്.

8. പൂങ്കനാൽ പടി മുതൽ പുലയൻ കോടുവരെയുള്ള തോട്.

9. കോട്ടുച്ചിറ മുതൽ പുലയൻ കോടു വഴി വലിയതോട് വരെയുള്ള തോട്.

10. മുണ്ടൻ കുളം മുതൽ തുരുത്തിപ്പടി വരെയുള്ളതോട്.

11. ചെറുവേലിമുതൽ അയ്യനാം കുളം വഴി ചാലിൽ ചെന്നു ചേരുന്ന തോട്.

12. കാഞ്ഞിരബലിപ്പാലത്തിന്റെ തൊട്ടുവടക്കുനിന്നുള്ള തോട്.

13. മുണ്ടൻകുളം മുതൽ തുരുത്തിമല വരെയുള്ള തോട്

14. കരീക്കടു നിലം മുതൽ നടുവിലെ മണ്ണു വഴി ചാലിൽ ചെന്നുചേരുന്ന തോട്.

15. പുതക്കുഴ നിലത്തിൽ നിന്നും നീർവേലി വഴി ചാലിൽ ചെന്നെത്തുന്ന തോട്.

16. കൊറ്റൻകുളത്തു പാടം നാല്പതുനാഴി പാടം വേണാട്ടകണ്ടം ഇവയുടെ സൈഡിൽ കൂടിയുള്ളതോട്.

17. മാഠപ്രക്കണ്ടം പുത്തൻചിറപ്പാടം എവന്നിവയിടെ വശത്തുകൂടി പോകുന്നതോട്.

18. അട്ടക്കുളം മുതൽ മണപ്പുറത്തുപടി വരെയുള്ള തോട്.

19. പാണംചാൽ മുതൽ രൊനക്കരപടി വരെയുള്ള തോട്.

20. നെടുമ്പാറപ്പടി മുതൽ കുറവൻ പാറ വരെയുള്ള തോട്.

21. വെണ്ടോലിക്കൽ കെച്ചിപതാലിൽ പനച്ചക്കൽ തോട്.

22. തുണ്ടിക്കുളം മുതൽ ആറന്മുള ചാലുവരെയുള്ള തോട്.

23. ശാസ്താവേത്തു ജംഗ്ഷൻ മുതൽ മുണ്ടൻകുളം വരെയുള്ള തോട്.

5. താഴെപ്പറയുന്നവയുടെ ആഴം കൂട്ടി വളങ്ങൾ കെട്ടി ബലപ്പെടുത്തുക.

1. അട്ടക്കുളം
2. കോട്ടുച്ചിറ
3. മുല്ലശ്ശേരിച്ചിറ
4. മാടമ്പിക്കുളം
5. കണ്ടങ്ങോട്ടുകുളം
6. തുമ്പിക്കുളം
7. കക്കുഴിക്കളം

6. നെടുമ്പാറ ഏലായുടെ കരത്തോടുകൾ ഉയർന്ന നിരപ്പിലായതിനാൽ സൈഡുകൂടി കെട്ടി ബലപ്പെടുത്തുക.

7. മലേമണ്ണിൽ പാടത്തു നിന്നും വെള്ളം ഒഴുകി പോകത്തക്കവണ്ണം തോട് നിർമ്മിക്കുക.

8. പുളിന്തിട്ട ഏലയിലെ ബണ്ട് ബലപ്പെടുത്തുക.

9. പുതുപ്പറമ്പിൽ ഏലയിലെ ബണ്ട് ബലപ്പെടുത്തുക.

10. ച്നാവേലിപ്പാടത്തുബണ്ട് കെട്ടണം.

11. പുട്ടലലിൽ മുട്ടത്തിൽ ഏലായിൽ നിന്നും വെള്ളം ഒഴിഞ്ഞു പോകാൻ കനാൽ തോടിന്റെ സൈഡ് കെട്ടുക.

12. പൊയ്കയിൽ കൊയ്പ്പള്ളി ഏലായിൽ നിന്നും വെള്ളം ഒഴുകി പോകാനുള്ള തോട് നിർമ്മിക്കുക.

13. പുതിയിടത്തുമൂല മുതൽ പുഞ്ച ഡ്രൊയിനേജ് കനാൽ നിർമ്മിക്കുക.

14. ചെറുവേലി മൂല കണ്ണൻ പാമ്പ് ഏലായിൽ ഡ്രെയിനേജ് കനാലിന്റെ ആഴം കൂട്ടുക.

15. ഗുണ നിലവാരമുള്ളതും മെച്ചപ്പെട്ടതുമായി നടീൽ വസ്തുക്കളും വൃക്ഷതൈകളും പഞ്ചായത്തിൽ തന്നെ ഉൽപ്പദിപ്പിച്ച് വിതരണം ചെയ്യുക.

16. കാലാകാലങ്ങളിൽ കാർഷീക പ്രതിനിധികളും കാർഷീക തൊഴിലാളി പ്രതിനിധികളും ചേർന്ന് കൂലിനിശ്ചയിക്കുക.

17. എല്ലാ നെൽപ്പാടങ്ങളിലേക്കും വാഹന ഗതാഗത സൗകര്യം മുണ്ടാക്കുക.

18. സൗജന്യ നിരക്കിൽ കൃഷി ഉപകരണങ്ങളും കൊയ്തു മെതി യന്ത്രങ്ങളും ലഭ്യമാക്കുക.

19. റബ്ബർ ബോർഡിന്റെ സഹകരണത്തോടുകൂടി ടാപ്പുരന്മാർക്ക് പരിശീലനം നൽകുക.

20. വലിയതോട്ടിൽ മട വീഴാൻ സാദ്ധ്യതയുള്ള ഭാഗത്ത് വരമ്പ് കെട്ടി ബലപ്പെടുത്തുക.

21. നിലവിലുള്ള ചീപ്പുകൾക്ക് പലകയിട്ട് പ്രവർത്തനയോഗ്യമാക്കുക.

22. പുന്നയ്ക്കാട്ടു വയലിലെ വെള്ള വറ്റത്തക്കവണ്ണം ഒരു വലിയ തൂമ്പിടുക.

23. വലിയ തോട്ടിൽ താഴെ പായുന്ന ഭാഗത്ത് ക്രോസ് ബാറുകൾ നിർമ്മിക്കുക.

1. മുളയോട് നിലത്തിന്റെ ഭാഗത്ത്

2. തടത്തിൽ പടിയ്ക്കൽ

3. മുണ്ടൻകുളത്ത് പാടത്തന് അടിവശത്ത്

24. വലിയതോട്ടിൽ താഴെപ്പറയുന്ന ഭാഗത്ത് ഉള്ള കവിച്ചിൽ പ്രവർത്തനയോഗ്യമാക്കുക.

1. മുണ്ടൻകുളത്തിനു താഴെയുള്ള രണ്ടെണ്ണം

2. മുണ്ടൻകുളത്തിനു മുകളിലുള്ള അഞ്ചെണ്ണം.

25. പിലയൻകോട്ടു നിലം കൃഷിയോഗ്യമാക്കുക.

26. താണസ്ഥലങ്ങളിൽ കമുക് കൃഷി പ്രോത്സാഹിപ്പിക്കക.

27. ഔഷധ ചെടികളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

28. പുഷ്പകൃഷിയും പ്രോത്സാഹിപ്പക്കുക.

29. ഇഞ്ചികൃഷി പ്രോത്സാഹിപ്പിക്കക.

30. പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക. ഓരോവീട്ടിലും പച്ചക്കറി തോട്ടം ഉണ്ടാക്കത്തക്കവണ്ണം വേണ്ടതു ചെയ്യുക.



മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

2.3 പതിച്ചുകൊടുക്കാവുനന ഭൂമി സംബന്ധിച്ച വിവരങ്ങൾ(Ref രജിസ്റ്റർ നമ്പർ 5)

വിസ്തീർണ്ണം (ഏക്കറിൽ)						
വില്ലേജിന്റെ പേര്	പുരയിടം	നിലം	തരിശ്	മറ്റുള്ളവ	ആകെ	സ്ഥാവര വസ്തുക്കളുടെ വിവരം
മല്ലപ്പുഴശ്ശേരി	735574	2541904	4450	1423692	11325750	
ആകെ						

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

1.19 പുറമ്പോക്ക് ഭൂമി. സംബന്ധിച്ച വിവരങ്ങൾ Ref. K

വാർഡ്	തരം.	വിസ്തീർണ്ണം														
		I	II	III	IV	V	VI	VII	VIII	IX	X	XI	XII	XIII	XIV	XV
1		2	3	4	5	6	7	8	9	10	11	12	13	14	15	16
റോഡ്		161915														
ഇടവഴി		261155														
തോട് പുഴ		158275														
കുളം	എണ്ണം															
	വിസ്തീർണ്ണം	26250														
മറ്റുള്ളവ		816097														
ആകെ		1423692														

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ(Ref പുറമ്പോക്ക് രജിസ്റ്റർ)

	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ									ഉടമസ്ഥരുടെ എണ്ണം		
						1-10	10-25	25-50	50-100	1-2	2-5	5
വില്ലേജിന്റെ പേര്	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	സെന്റ്	സെന്റ്	സെന്റ്	സെന്റ്	ഏക്കർ	ഏക്കർ	ഏക്കറിന് മേൽ
മല്ലപ്പുഴശ്ശേരി	7359704	2541904	1423692	4450	11325750	1539	2499	2117	798	39	5	3
ആകെ												

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ(Ref പുറമ്പോക്ക് രജിസ്റ്റർ)

വിസ്തീർണ്ണം ഹെക്ടറിൽ

വില്ലേജിന്റെ പേര്	റോഡ്	തോട്	കുളം	നദി	റെയിൽവെ	റവന്യൂ	വനം			ആകെ
1	2	3	4	5	6	7	8	9	10	11
	161915	158275	26250	170000		04.05.20				
ആകെ										

ജലസേചന സംവിധാനങ്ങൾ

അവലംബം കൃഷി ഭവൻ മല്ലപ്പുഴശ്ശേരി

വാർഡ് നമ്പർ	പൊതു ജലസേചന കിണർ	കുളം
1	2 Nos.	2 Nos.
2	3 Nos.	3 Nos.
3	3 Nos.	2 Nos.
4	3 Nos.	2 Nos.
5	3 Nos.	2 Nos.
6	1 No	2 Nos.
7	2 Nos.	1 No
8	2 Nos.	1 No

നടീൽ വസ്തു വിതരണം

ഇനം	1993 -94	1994-95	1995-96
തെങ്ങ്	3000 Nos	520 Nos.	973 Nos
കുരുമുളക്	4500 Nos	10300 Nos	3950 Nos

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ്. നമ്പർ	തെങ്ങ് എണ്ണം			രോഗംബാധിച്ച തെങ്ങ്					
	തെങ്ങ് കൃഷി വിസ്തീർണം	കായ്ക്കുന്നത്	കായ്ക്കാത്തത്	ആകെ	റൂട്ട്വിൽറ്റ്	ബഡ്റൂട്ട്	സ്റ്റംബ്ലീഡിംഗ്	ലിഫ്റോട്ട്	ആകെ
1-8	270 Hcc	18000 Nos	36000 Nos	54000 Nos	7713 Nos	5160 Nos	713 Nos.	8510 Nos	22096 Nos

കാർഷികോപകരണങ്ങൾ

വാഡ്	ഉഴവുപകരണങ്ങൾ				മരുന്ന് തളിക്കുന്ന ഉപകരണങ്ങൾ			
	ട്രാക്ടർ	ട്രില്ലർ	നാടൻ	കലപ്പ	റോക്ക്	സ്പ്രയർ	നാപ്സ്റ്റാക്ക്സ്പ്രയർ	തെങ്ങുകയറ്റയന്ത്രം
1		2						
2								
3								
4					10 Nos		35 Nos	1No
5	1	1						
6		1						
7								
8								

5.2 മൃഗസംരക്ഷണം - മത്സ്യബന്ധനം

കറവപ്പശുവിനേയും കയറിട്ട കാളയേയും കണികാണുന്നത് ശുഭകരം എന്ന് വിശ്വസിക്കുന്ന ഗ്രാമീണജനത, അനാദി കാലം മുതൽക്കേ മൃഗസംരക്ഷണത്തിൽ ശ്രദ്ധിച്ചിരുന്നു. കൃഷി പ്പണികൾക്ക് മുഖ്യമായും കാളകളെ ഉപയോഗിച്ചു. ഗ്രാമത്തിൽ സുലഭമായി കണ്ടിരുന്ന കാളയും കാളവണ്ടിയും പഴങ്കഥകളായി മാറി. ഒരു വീടിന് ഒരു തൊഴുത്ത്, ഒരു തൊഴുത്തിൽ ഒരു ധേനു എന്നത് ജീവിതചര്യയായിരുന്നു. പുന്നെല്ലിൻകതിരും കറവപ്പശുവും ഐശ്വര്യ ദേവതയായി കണ്ടിരുന്ന ഗ്രാമീണർ കൃഷിയും മൃഗസംരക്ഷണവും ഉപജീവനമാർഗ്ഗമായി ഇന്നും സ്വീകരിക്കുന്നു. അരനൂറ്റാണ്ടുകൾക്കപ്പുറം കന്നുകാലികളേയും ആടുമാടുകളേയും കൂട്ടംകൂട്ടമായി വളർത്തിയിരുന്ന കർഷകർ ഇവിടെ ഉണ്ടായിരുന്നു. കാരംവേലിയിൽ മാത്യു സാറിന്റെ ആട്ടിൽകൂട്ടത്തേയും, കുഴിക്കാല, തണ്ണിശ്ശേരിയിൽ ശേഖരപ്പണിക്കരുടെ എരുമപ്പറ്റത്തേയും കണ്ണിമയ്ക്കാതെ നോക്കിനിന്നവരാണ് ഇന്നാട്ടുകാർ.

കാലംമാറി. ഗ്രാമീണ ജീവിതരീതിയും കൃഷിരീതിയും മാറിയെങ്കിലും കാലിവളർത്തലിന്റെ മഹിമ ഇന്നും കുറഞ്ഞിട്ടില്ല. തുച്ഛവരുമാനക്കാരായ ചെറുകിട കൃഷിക്കാരുടെ അക്ഷയപാത്രമാണ് സങ്കരയിനം കന്നുകാലികൾ. ഗ്രാമത്തിലെ എട്ടു വാർഡുകളിലെ 70 ശതമാനം വീടുകളിലും വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നുണ്ട്. ഏറ്റവും ഒടുവിലത്തെ, ഗ്രാമത്തിലെ "കാറ്റിൽ സെൻസസ്" പ്രകാരം മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ 1650 കന്നുകാലികളും 450 ആടുകളും 8500 കോഴികളും 390 താറാവുകളും ഉണ്ട്. വളർത്തുപശുക്കളിൽ 70 ശതമാനവും അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനങ്ങളാണ്. ഇവയിൽനിന്നു കിട്ടുന്ന പാൽ എല്ലാവാർഡുകളിലും വിപണന സൗകര്യമില്ലാത്ത തിനാൽ കർഷകർ സമീപ ചായ പീടികകളിലും വീടുകളിലും നൽകിവരുന്നു. vii ാം വാർഡിൽ കുഴിക്കാല പുന്നമൂട് ജംഗ്ഷനു സമീപവും vi ാം വാർഡിൽ കാരംവേലി തുണ്ടെഴം ജംഗ്ഷനിലും ഓരോ മിൽക്ക് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. ആ വാർഡുകളിലുള്ള ക്ഷീരോൽപ്പാദകർക്ക് അത് സഹായം തന്നെ. I,II,III,IV എന്നീ വാർഡുകളിൽ പാൽ വിൽക്കുവാൻ സ്ഥലവാസികൾ ബുദ്ധിമുട്ടേണ്ടി വരുന്നു.

മിക്ക മൃഗസംരക്ഷകരും കാലിത്തീറ്റ വില കൊടുത്തു വാങ്ങുന്നു. ഒരു ചെറിയ വിഭാഗം പുല്ലു ശേഖരിക്കുന്നുണ്ട്.

വാർഡ് I ൽ രണ്ടും II ൽ ഒന്നും III ൽ ഒന്നും IV ൽ ഒന്നും ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ആറാം വാർഡിൽ പുൽകൃഷി ചെയ്യുന്ന കൃഷിയിടങ്ങളും കർഷകരും ഉണ്ട്. മറ്റുള്ള വാർഡുകളിലെ മൃഗസംരക്ഷകരും പുൽകൃഷിക്ക് താല്പരരാണ്. പക്ഷെ സ്ഥലപരിമിതി തടസ്സമായി നിൽക്കുന്നു.

കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രാമീണരുടെ പ്രശ്നങ്ങൾ ഗ്രാമസഭ സവിസ്തരം ചർച്ച ചെയ്തു. മൃഗസംരക്ഷണത്തിന് പ്രധാന പ്രതിബന്ധം കാലിത്തീറ്റകളുടെ ക്രമാനുഗതമായ വില വർദ്ധനവു തന്നെ. പല ക്ഷീരോത്പാദകർക്കും ഒന്നിൽ കൂടുതൽ സങ്കരവർഗ്ഗപശുക്കളെ സംരക്ഷിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും സൗകര്യ പ്രദമായ തൊഴുത്തുകളുടെ പോരായ്മ തടസ്സമാകുന്നു. തീറ്റ ചെലവു, പാലിൽ നിന്നും കിട്ടുന്ന വരുമാനവും തട്ടിച്ചു നോക്കുമ്പോൾ കാലി വളർത്തൽ ആദായകരമല്ല. എന്ന് പല കർഷകർക്കും അഭിപ്രായമുണ്ട്.

സങ്കരയിനം കന്നുകാലികൾക്കുണ്ടാകുന്ന സാംക്രമിക രോഗബാധ മൃഗസംരക്ഷകർക്ക് ഒരു പേടി സ്വപ്നം തന്നെ. കഴിവിൽ കവിഞ്ഞ പരിചരണം ഉണ്ടായിട്ടുപോലും രോഗബാധമൂലം പല കർഷകർക്കും കാലിവളർത്തൽ നഷ്ടക്കച്ചവടമായി. കഴിഞ്ഞ ഒരു വർഷം (1995-96) ഈ പഞ്ചായത്തിൽ ചികിത്സയ്ക്കു വിധേയമായ കന്നുകാലികളുടെ കണക്കു പരിശോധിച്ചാൽ കർഷകരുടെ പരാതി അടിസ്ഥാന രഹിതമാണെന്നു പറയുവാൻ പറ്റില്ല. പട്ടിക 1 കാണുക

പട്ടിക 1 വളർത്തുമൃഗങ്ങളുടെ രോഗവിവരം

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി	താറാവ്	മറ്റുള്ളവ
1	2	3	4	5	6	7	8	9
1	ദഹനസംബന്ധമായവ	405		60	120			
2	ശ്വാസകോശ ,,	106		65				
3	ഉപാപചയ ,, (metabolic diseases)	70		15				
4	ത്വക്ക് രോഗങ്ങൾ	160		40	40			
5	ധാതുലവണങ്ങളു	165		10				
	ടെ അഭാവം							
6	വന്ധ്യത	80						
7	പ്രത്യുൽപാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ടവ	200		20				
8	അകിടുവീക്കം	42						
9	പരാദരോഗങ്ങൾ	360		70				
10	മുടന്തൽ പനി	210		25				
11	പകർച്ച വ്യാധികൾ							
	ആകെ	1798		305	160	170		

കൃത്രിമബീജ സങ്കലനത്തിനു വിധേയമാക്കിയ പശുക്കളും കിടാരികളുമായി ആകെ 766 ആയിരുന്നു. ഇതിൽ 45 എണ്ണം ഒന്നിലധികം തവണ ബീജ സങ്കലനം നടത്തേണ്ടിവന്നു. കാലികൾക്ക് തുടരെയുണ്ടാകുന്ന രോഗബാധസംബന്ധിച്ച് മൃഗസംരക്ഷകർ ഉത്കണ്ഠാകുലരാണ്. നിലവിലുള്ള മൃഗസംരക്ഷണകേന്ദ്രം അപര്യാപ്തമാണ്. VII ാം വാർഡിൽ കുഴിക്കാല ചന്തയ്ക്കു സമീപം പഞ്ചായത്തിൽ ഒരേഒരു മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുറഞ്ഞത് 5. കി.മി വരെ ദൂരമുള്ള കോഴഞ്ചേരി, ഇലന്തൂർ എന്നീ മൃഗാശുപത്രികളെ ആശ്രയിക്കണം.

ഈ പോരായ്മകൾ ഒഴിവാക്കേണ്ടതുണ്ട്. കാലിവളർത്തലിന് ഗതസ്സമായ പ്രശ്നങ്ങൾ താഴെ ചേർക്കുന്നവയാണ്.

1 കാലിത്തീറ്റയുടെ വിലക്കയറ്റം

2 പാലിന്റെ വിലയിലുള്ള അപര്യാപ്തത

3 സൗകര്യ പ്രദമായ തൊഴുത്തിന്റെ അഭാവം

4 പുതിയ സാംക്രമീക രോഗങ്ങൾ

5 മൃഗസംരക്ഷണ കേന്ദ്രത്തിന്റെ കുറവ്

6. മുട്ടക്കോഴിക്കും ഇറച്ചിക്കോഴിക്കും ഉണ്ടാകുന്ന കോഴി വസന്ത

ഗ്രാമത്തിൽ ഇറച്ചിക്കോഴി വളർത്തുന്ന രണ്ടു കേന്ദ്രങ്ങൾ III, VII എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്നു. തീറ്റ വിലയിലുള്ള വർദ്ധനവും പരിചരണത്തിലുള്ള പരിചയക്കുറവും കോഴി വളർത്തൽ നഷ്ടത്തിന്റെ കഥ പറയുന്നു. എങ്കിലും പുതിയ യൂണിറ്റുകൾ തുടങ്ങാൻ പലരും താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്. പഞ്ചായത്തിൽ മുയൽ വളർത്തൽ കേന്ദ്രത്തിനും ചെറിയ സാദ്ധ്യതയുണ്ട്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് പഞ്ചായത്തിൽനിന്നും കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഒരാളെ നിയമിച്ചിരുന്നു. ഒരു പരിധിവരെ നായ്ക്കളുടെ ശല്യം ഇതുമൂലം കുറഞ്ഞു. വളർത്തു നായ്ക്കൾക്ക് പേ വിഷബാധ ഒഴിവാക്കാനുള്ളകുത്തിവെയ്പ് സാർവ്വത്രീകമാക്കേണ്ടതാണ്. കഴിഞ്ഞ ഒരു വർഷം കൊണ്ട് പേപ്പട്ടികടിയേറ്റശേഷം കുത്തിവെയ്പു നടത്തിയ മൃഗങ്ങളുടെ എണ്ണം ആട് 2, പട്ടി 12 എന്നിങ്ങനെടാണ്.

മൃഗസംരക്ഷണത്തിലും ക്ഷീരോൽപാദനത്തിലും ഏർപ്പെട്ടിരിക്കുന്ന ഗ്രാമീണർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ സ്ഥിര പരിഗണന അർഹിക്കുന്നവയാണ്. അവ ഇല്ലാതാക്കുന്നതിന് താഴെ നിർദ്ദേശങ്ങൾ ഗ്രാമ സഭ അംഗീകരിച്ചു.

നിർദ്ദേശങ്ങൾ

1 ക്ഷീരോത്പാദന ക്ഷമതയുള്ള കാലാനുയോഗ്യമായ സങ്കരവർഗ്ഗ പശുക്കളെ താത്പരരായ കർഷകർക്ക് സബ്സിഡി വ്യവസ്ഥയിൽ എത്തിച്ചു കൊടുക്കുക.

2 കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ സഹകരണ സംഘം വഴി ലഭ്യമാക്കുക.

3 നല്ലയിനം തീറ്റപുൽ വിത്തുകൾ കാലി വളർത്തൽ കർഷകർക്കു വിതരണം ചെയ്യുക.

4 പാൽ സംഭരണ, വിപണന സൊസൈറ്റി കുടുതലായി സ്ഥാപിക്കുക.

5 സഞ്ചരിക്കുന്ന മൃഗാശുപത്രി ഏർപ്പെടുത്തുകയും ആഴ്ചയിലൊരിക്കൽ ഓരൊ വാർഡിലും എത്തുന്നതിന് സൗകര്യമുണ്ടാക്കുകയും ചെയ്യുക.

6 കാലിത്തൊഴുത്തു നിർമ്മിക്കുന്നതിന് സാമ്പത്തീക സഹായം നൽകുക.

7 ഗോബർഗ്യാസ് ഉത്പാദകരെ പ്രോത്സാഹിപ്പിക്കുക.

8 കോഴിവളർത്തൽ ലാഭകരമാക്കുന്നതിന് കോഴിത്തീറ്റയും മേൽത്തരം കോഴിക്കുഞ്ഞുങ്ങളേയും കുറഞ്ഞ വിലയ്ക്കു നൽകുക.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഏറെയാണ് പാലും, മാംസവും, മുട്ടയും ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. വരും തലമുറയുടെ വളർച്ചയ്ക്ക് ഗ്രാമീണ ജനതയ്ക്കുള്ള പങ്ക് വിസ്മരിക്കാവുന്നതല്ല. അവരുടെ കൈകൾക്ക് കരുത്തു നൽകുവാൻ ഗ്രാമപഞ്ചായത്തിന്റെ ജനസമ്പർക്ക പരിപാടി ഒരനുഗ്രഹമാകട്ടെ.

മത്സ്യബന്ധനം

പമ്പാനദിയുടെ സാമീപ്യം ഗ്രാമീണജനതയ്ക്ക് അനുഗ്രഹം തന്നെ. വഞ്ചിപ്പാട്ടിനൊപ്പം വള്ളം തുഴയാനും വള്ളത്തിൽ കയറി മത്സ്യം പിടിക്കാനും പരിശീലനം നൽകിയത് പമ്പയാണ്. മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന പാരമ്പര്യ മത്സ്യത്തൊഴിലാളി കുടുംബം ഗ്രാമത്തിൽ കുറവല്ല. ഒന്നര കി. മീറ്ററിനുമേൽ പുഴയോരമുള്ള മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ ആകെ 80 കുടുംബങ്ങൾ മത്സ്യം പിടിച്ചു ജീവിക്കുന്നു. (I, II, III എന്നീ വാർഡുകളിൽ യഥാക്രമം 33, 22, 25)

കൂടാതെ വിദൂര സ്ഥലങ്ങളിൽനിന്നും മത്സ്യം വാങ്ങി വിറ്റുജീവിക്കുന്ന 10 കുടുംബങ്ങൾ വേറെയുമുണ്ട്.

മത്സ്യസമ്പത്ത് കുറഞ്ഞു വരുന്നതിനാൽ മത്സ്യം പിടിച്ചു കുടുംബം പുലർത്തുന്നവരുടെ വരുമാനമാർഗവും കുറഞ്ഞു. മരച്ചീനിയും മീൻകറിയും ഗ്രാമീണരുടെ സാദിഷ്ട ഭക്ഷണമാണെന്നോർക്കുമ്പോൾ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

IV ാം വാർഡിൽ മീൻ വളർത്തുന്ന 30 ച.മി. വിസ്തീർണ്ണമുള്ള ഒരു കുളം ഉണ്ട്. ശുദ്ധജല മത്സ്യങ്ങളായ വരാൽ, കുറുവ, ചേറുമീൻ, വാള, കാരി ആരകൻ മുതലായവ ധാരാളം വളരുന്നു. ഇവ

മുട്ടയിടുന്നത് ജൂൺ - ജൂലൈ മാസങ്ങളിലാണ്. കാലവർഷംആരംഭിക്കുമ്പോൾ തന്നെ" ഊത്തയും" ആരംഭിക്കുന്നു.

നാടൻ ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ ചതുപ്പുനിലങ്ങൾ പഞ്ചായത്തിന്റെ III, IV എന്നീ വാർഡുകളിലുണ്ട്. സർക്കാർ തലത്തിലുള്ള മീൻ വളർത്തൽ കേന്ദ്രം IV -ാം വാർഡിൽ പന്നിവേലിച്ചിറയോടുചേർന്നതാണ്. V-ാം വാർഡിൽ മൂന്നേക്കറിൽപരം വിസ്താരമുള്ള കോട്ടൂച്ചിറ ശുദ്ധ മത്സ്യ വളർത്തൽ കേന്ദ്രമാക്കി മാറ്റാൻ സാധിക്കും ചെമ്മീൻ കൃഷിചെയ്യുന്ന ആരും തന്നെ ഈ പഞ്ചായത്തിലില്ല. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പൊതുവേ സ്കൂളിൽ പോകുന്നവരാണ്.

കുളങ്ങളിലെ ജലം ഉപ്പുരസമുള്ളതല്ല പാടങ്ങളോടെ ബന്ധിച്ചുകിടക്കുന്ന തോടുകളിലെ മത്സ്യങ്ങൾക്ക് രോഗബാധ കാണുന്നുണ്ട് എന്നാൽ കുളങ്ങളിൽ മത്സ്യ രോഗബാധ കുറവുണ്ട് നെൽപ്പാടങ്ങളിലെ അമിത കീടനാശിനി പ്രയോഗമാവാം മത്സ്യരോഗബാധയ്ക്ക് കാരണം എന്ന് അനുമാനിക്കാം .

ഇപ്പോൾ പഞ്ചായത്തിൽ VI-ാം വാർഡിൽ ചെറിയ തോതിൽ ആഴ്ചയിൽ രണ്ടു ദിവസം മത്സ്യ വിപണനം നടക്കുന്നുണ്ട്. സ്ഥിര വിപണന കേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല. മത്സ്യ സമ്പത്ത് ഉയർത്തുന്നതിനും മത്സ്യ ബന്ധനം നടത്തുന്നവർക്കും പ്രയോജനകരമായ ചില നിർദ്ദേശങ്ങൾ ഗ്രാമ സഭയുടെ മുമ്പാകെ വരികയും അവ അഞ്ചു വർഷം കൊണ്ട് പ്രാവർത്തികമാക്കുകയും ചെയ്യണമെന്ന് തീരുമാനമായി.

നിർദ്ദേശങ്ങൾ

1. മീൻ വളർത്തലിനു തത്പരരായ ചെറുകിട കർഷകർക്ക് നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ സൗന്യനിരക്കിൽ നൽകുകയും പരിചരണക്രമം മനസ്സിലാക്കുകയും ചെയ്യുക
2. IV - ാം വാർഡിൽ 40 ഏക്കർ സ്ഥലം (പന്നിവേലിച്ചിറ) മാനർ ഇറിഗേഷൻ ജല സംഭരണിയാണ് അത് ഏറ്റെടുത്ത് പഞ്ചായത്തു തലത്തിൽ മത്സ്യ സംഭരണ വിപണന കേന്ദ്രമാക്കി മാറ്റാവുന്നതാണ്.

മൂന്നാം വാർഡിലെ ചതുപ്പുനിലങ്ങളും മത്സ്യ കൃഷിക്ക് പരിഗണിക്കണം.

3. V- ാം വാർഡിലെ കോട്ടൂച്ചിറയിൽ മത്സ്യം വളർത്തണം
4. മീൻപിടുത്തം ഉപജീവനമാർഗ്ഗമായ കുടുംബങ്ങൾക്ക് വലയും മറ്റുപകരണങ്ങളും നൽകണം.
5. തോടുകളിലും നദികളിലും തോട്ടാ ഇട്ടു മീൻപിടിക്കുന്ന സമ്പ്രദായം -ശിക്ഷാർഹമാക്കണം.

ജലസമ്പത്തും മത്സ്യ സമ്പത്തും ജനനന്മയ്ക്ക് ഉതകും വിധം വിനിയോഗിക്കുവാൻ ബോധവൽക്കരണം പഞ്ചായത്തുതലത്തിൽ നടത്തുകയും ജീവിത സാഹചര്യങ്ങൾ ഉയർത്തുന്നതിന് കൂട്ടായ പരിശ്രമം ഉണ്ടാകുകയും വേണം.



മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്
പേ വിഷ ബാധ പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തി വയ്പ് നൽകിയവയുടെ എണ്ണം				315		
കടിയേറ്റതിനു ശേഷം കുത്തി വെയ്പു നടത്തിയവയുടെ എണ്ണം			2	12		

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്
കൃത്രിമ ബീജസങ്കലന വിവരങ്ങൾ
From April 1995 to March 1996

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ
പശു		766	
കിടാരി			45
എരുമ			

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്
മത്സ്യബന്ധനം

മത്സ്യ വാർഡ് നമ്പർ	കടൽ മത്സ്യം ബന്ധനോപകരണങ്ങൾ		ഉൾനാടൻ മത്സ്യം	
	മത്സ്യബന്ധന തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ	വിസ്തീർണ്ണം കർഷകരുടെ എണ്ണം	യന്ത്രവത്കൃത ബോട്ടുകൾ / യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ / യന്ത്രം ഘടിപ്പിക്കാ നാടൻ വള്ളങ്ങൾ
	മുഖ്യ തൊഴിൽ	ഭാഗീക തൊഴിൽ		
	മത്സ്യ വിപണനം	വല നന്നാക്കൽ		
	സംരക്ഷണം			
	Nil	Nil	0.16 Hectrs 2	Nil

5.3

വ്യവസായം

വ്യവസായ മേഖലക്ക് യാതോരു ശക്തീകരണവും ഇതുവരെ ലഭിക്കാത്ത ഒരു പഞ്ചായത്താണ് മല്ലപ്പുഴശ്ശേരി. ഈ പഞ്ചായത്തിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നത് ഇത് വ്യക്തമാക്കുന്നു.

പട്ടിക 1	
സോമിൽ	2
വെൽഡിംഗ്	2
സർവീസ് സ്റ്റേഷൻ	2
റൈസ് ആന്റ് ഓയിൽ മിൽ	10
ഹോളോ ബ്രിക്സ്	1
സ്റ്റോൺ ക്രഷർ യൂണിറ്റ്	1
സോഡാ ഫാക്ടറി	1
ക്ഷീരോൽപ്പന്നങ്ങൾ	1

പരമ്പരാഗത മേഖലയിൽ ഈറയും വാറും ഉപയോഗിച്ച് പരമ്പുകളും കൂട്ടകളും ഉണ്ടാക്കിയിരുന്നു. പായ് നെയ്ത്ത് ലാഭകരമല്ലാത്തതിനാൽ ചെറിയ തോതിൽ മാത്രമായിരിക്കുന്നു.

ഏറ്റവും കൂടുതൽ തൊഴിലാളികൾ പങ്കെടുക്കുന്ന ഒരു മേഖല കെട്ടിട നിർമ്മാണമാണ്. ഈ തൊഴിലാളികൾ ഭൂരിപക്ഷവും തമിഴ് നാട്ടിൽ നിന്നും പണികൾക്കായി കുടിയേറിയിട്ടുള്ളവരാണ്.

ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്ന ജില്ലാ നിർമ്മിതി കേന്ദ്രം ഈ പഞ്ചായത്തിൽ തുണ്ടഴത്തിൽ സ്ഥതിചെയ്യുന്നു.

പ്രശ്നങ്ങൾ

ഒരു കാർഷീക മേഖലയെന്ന നിലയിലാണ് ഈ പ്രദേശം വളരെക്കാലം നിലനിന്നിരുന്നത്. കർഷകരും കർഷകത്തൊഴിലാളികളും മാത്രമുള്ള ഒരു ഗ്രാമമായിരുന്നു. വിദ്യാഭ്യാസം ലഭിച്ചവർ നഗരങ്ങളിലേക്ക് കുടിയേറി. മറ്റുള്ളവർ ഗൾഫ് രാജ്യങ്ങൾ, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും തൊഴിൽ തേടിപ്പോകുകയുണ്ടായി.

ഗൾഫിൽ പോകുന്നതാണ് പല കാരണങ്ങളാൽ സൗകര്യപ്രദം എന്നതിനാൽ ചെറുപ്പക്കാർ പോലും വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ഒരുമ്പെടുന്നില്ല.

വ്യവസായ വളർച്ച ഇല്ലതിരിക്കുവാനുള്ള കാരണങ്ങൾ

പട്ടിക 2
1. മുഖ്യ കാർഷീകോല്പന്നങ്ങളായ നാളീകേരവും നെൽകൃഷിയും ലാഭകരമായി കൃഷി ചെയ്യുവാൻ സാധിക്കുന്നില്ല. അതു കൊണ്ടു തന്നെ അവയെ വ്യവസായ ഉല്പന്നങ്ങളാക്കി മാറ്റുവാനുള്ള സാദ്ധ്യതകളില്ല.
2. സാങ്കേതീക പരിജ്ഞാനക്കുറവ്
3. ധനസഹായം കിട്ടുവാനുള്ള ബുദ്ധിമുട്ട്
4. വിപണന സദ്ധ്യതക്കുറവ്
5. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്
6. സ്ഥലം കുറഞ്ഞ വിലക്ക് ലഭ്യമല്ലാത്ത അവസ്ഥ
7. തൊഴിൽ തർക്കത്തെക്കുറിച്ചുള്ള ഭയം

പട്ടിക 3
ഗ്രാമസഭാ നിർദ്ദേശങ്ങൾ (ചെറുകിട വ്യവസായങ്ങൾ)
1. ക്ഷീരോല്പാദനവും പാൽ ഉല്പന്നങ്ങളും
2. കോഴി വളർത്തൽ
3. റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം
4. പ്ലാസ്റ്റിക്ക് വ്യവസായം
5. ഇലക്ട്രോണിക്ക് ഉല്പന്നങ്ങൾ
6. പ്രിന്റിംഗ് കോംപ്ലക്സ്
7. കറി പൗഡർ
8. റബ്ബർ ബാന്റ്, ബൂഷ്, ബലൂൺ
9. സിമന്റ് കട്ടയും കിണർ റിംഗുകളും

പട്ടിക 4
മത്സ്യ വളർത്തലിനും വിപണനത്തിനും നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ
1. മുല്ലശ്ശേരിച്ചിറ 8ാം വാർഡ് (6 ഏക്കർ)
2. പാണംച്ചാൽ 5ാം വാർഡ് (8 ഏക്കർ)
3. കോട്ടുച്ചിറ 5ാം വാർഡ് (3.5 ഏക്കർ)
4. പതിനെട്ടുപറ 7ാം വാർഡ് (5 ഏക്കർ)

സാദ്ധ്യതകൾ

മല്ലപ്പുഴശ്ശേരി പഞ്ചിയത്തിൽ 5 -ാം വാർഡിൽ പരത്തുമ്പാറയിൽ, തുണ്ടെഴത്തിലും മൂന്നാം വാർഡിൽ പന്നിവേലിച്ചിറയിലും ഉള്ള തരിശു ഭൂമികൾ ഫലപ്രദമായി ഉപയോഗിക്കെയെന്നതാണ് ജനകീയാസൂത്രണത്തിലൂടെ ഉണ്ടാവേണ്ട ഒരു പ്രധാന കാര്യം.

പരുത്തുംമ്പാറയിൽ ഒരേക്കർ പതിനെട്ടു സെന്റ് പൊതു സ്ഥലമുണ്ട്. പത്തനംതിട്ട ജില്ലയിൽ ലഭിക്കുന്ന റബ്ബറിന്റെ തടിയും പാലും ഉപയോഗിച്ചുള്ള വ്യവസായശാലകൾ ഇവിടെ തുടങ്ങാവുന്നതാണ്. റബ്ബർ തടി പ്രോസസ്സ് ചെയ്തു ഉറപ്പുള്ള തടിയാക്കുന്ന ഒരു ഫാക്ടറിക്ക് സാദ്ധ്യതയുണ്ട്. റബ്ബർ പാൽ ഉപയോഗിച്ചു വിവിധ ഉൽപന്നങ്ങളാക്കി മാറ്റുവാനും സാധിക്കും. ഫോം മെത്തകൾ, കുഷ്യനുകൾ ചപ്പലുകൾ തറയിൽ വിരിക്കുന്ന മാറ്റുകൾ തുടങ്ങിയവ നിർമ്മിക്കുവാൻ സാധിക്കും. സംസ്കരിച്ച റബ്ബർതടി ഉപയോഗിച്ച് ഒരു ഫാണിച്ചർ യൂണിറ്റിനും സാദ്ധ്യതയുണ്ട്.

മരങ്ങളുടെ വേരുകൾ തുരന്നെടുത്ത് കൗതുക വസ്തുക്കളാക്കി മുറിയിൽ വെക്കാവുന്ന രീതിയിൽ സജ്ജീകരിക്കുന്നത് ഒരു സാദ്ധ്യതയുള്ള വ്യവസായമാണ്.

പന്നിവേലിച്ചിറയിലുള്ള ഫിഷറീസ് വക മീൻ കുളങ്ങളിൽ എല്ലാത്തരം മത്സ്യങ്ങളേയും വ്യവസായടിസ്ഥാനത്തിൽ വളർത്തി വിപണിയിലെത്തിച്ചാൽ ഉപഭോക്താക്കൾക്കും, ഫിഷറീസിനും പഞ്ചായത്തിനും പ്രയോജനപ്പെടുന്നതാണു്. കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുവാനും ഇതു നിമിത്തം സാധ്യതയുണ്ട്

ടൂറിസം വികസനം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കയാണു്. പന്നിവേലിച്ചിറയിൽ തരിശായി കിടക്കുന്ന നാല്പതോളം ഏക്കർ ഭൂമി ടൂറിസം വികസനത്തിനുപയോഗിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കുവാനും സാധ്യതയുണ്ട്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ ജില്ലാ അധികാരികൾക്കും സംസ്ഥാന സർക്കാരിനും നേരത്തെ സമർപ്പിച്ചിട്ടുള്ള പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണു്. ടൂറിസത്തിന്റെ കൂടെ പദ്ധതി വിശദമായി പ്രതിപാദിക്കുന്നുണ്ടു്.

പന്നിവേലിച്ചിറയിലെ ടൂറിസ വികസനവും പരുത്തുംമ്പാറയിലെ റബ്ബർ തടി സംസ്കരണ ഫാക്ടറിയും, റബ്ബർ പാൽ ഉല്പന്നങ്ങളാക്കുന്ന ഫാക്ടറിയും ഈ പഞ്ചായത്തിന്റെ വികസനത്തിനു സഹായിക്കുന്ന പ്രധാന പദ്ധതികളായിരിക്കും. ഈ പ്രദേശത്തുള്ള വിദേശമലയാളികൾക്ക് പണം നിക്ഷേപിക്കാവുന്ന പദ്ധതികളാക്കി മാറ്റിയാൽ ഈ പദ്ധതികൾക്ക് പണം കണ്ടെത്തുവാനും വൻ നിക്ഷേപമുള്ള പദ്ധതികളാക്കി മാറ്റുവാനും സാധിക്കും



5.4

വിദ്യാഭ്യാസം

മദ്ധ്യതിരിവതാംകൂറിന്റെ സാംസ്കാരിക കേന്ദ്രമായ ആറന്മുള മുതൽ പമ്പയുടെ ഓരം പറ്റി തെക്കുകിഴക്കായി നീണ്ടുകിടക്കുന്ന മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്. ആറന്മുള, കോഴഞ്ചേരി, ഇലന്തൂർ, മെഴുവെലി എന്നീ പഞ്ചായത്തുകൾ ഇതിന്റെ നാലതിരുകളാണു്.

"വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന് നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ ജീവിതശൈലിയാക്കി മാറ്റിയവരാണു് ഇവിടുത്തുകാർ. 1885-ൽ ക്രിസ്തീയ മിഷനറിമാരുടെ സംഭാവനകളായി കുഴിക്കാല, പുന്നക്കാട് എന്നീ കരകളിൽ ഓരോ പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചതോടുകൂടി ഗ്രാമത്തിൽ വിദ്യാവെളിച്ചം വീശിത്തുടങ്ങി. ചുരുക്കം ചില നിലത്തെഴുത്താശാന്മാരുടെ കീഴിൽ സംസ്കൃത അഭ്യസനം നേടി സ്വന്തമായി സംസ്കൃത പാഠശാല നടത്തിയ കാരംവേലി, എരുത്തിലിക്കിഴക്കേതിൽ കേശവൻ വൈദ്യരെ മുതിർന്ന തലമുറ ആദരവോടുകൂടി ഇന്നും സ്മരിക്കുന്നു.

രാജഭരണക്കാലത്ത് സ്ഥാപിതമായ രണ്ടു ഗവൺമെന്റ് വിദ്യാലയമൊഴിച്ചാൽ ഇന്ന് കാണുന്ന വിദ്യാലയങ്ങളിൽ ഏറിയ പങ്കും ക്രൈസ്തവസഭകളുടെ സംഭാവനകളാണു്. ഇന്നാട്ടുകാർക്ക് ഇംഗ്ലീഷ് ഭാഷ അഭ്യസിക്കാനുള്ള ഭാഗ്യം കൈവന്നത് കുഴിക്കാലയിൽ 1885-ൽ C.M.S മിഷനറിമാരാൽ സ്ഥാപിതമായ ഇംഗ്ലീഷ് L.P.S-ൽ കൂടിയാണ്.

പുന്നക്കാട്C.M.S.L.P.S-(1886), M.T.L.P.S ഓന്തേകാട്-(1894), M.T.L.P.S മല്ലപ്പുഴശ്ശേരി-(1894), ഗവൺമെന്റ് ഗേൾസ് L.P.S ആറന്മുള-(1906), ഗവൺമെന്റ് മലയാളം പ്രൈമറി സ്കൂൾ, കാരംവേലി-(1910); M.T.L.P.S കുഴിക്കാല-(1915), M.T.U.P.S കാരംവേലി-(1930) എന്നിവ ആദ്യകാല വിദ്യാലയങ്ങളാണു്.

ഭാരത സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ഗ്രാമത്തിലൊട്ടാകെ വിദ്യാഭ്യാസരംഗത്ത് കൂടുതൽ ഉണർവ്വുണ്ടായി. രണ്ടു ഹൈസ്കൂളുകൾ ഒരേ വർഷം തന്നെ അനുവദിച്ചു കിട്ടിയത് ഉപരിപഠനത്തിനു കൂടുതൽ സൗകര്യമായി. അവ C.M.S.H.S.കുഴിക്കാല, (1948), S.N.D.P.H.S. കാരംവേലി (1948). അധസ്ഥിത ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ വികസനത്തിന് ഈ വിദ്യാലയങ്ങൾ ഉത്തേജനം നല്കി എന്നുള്ളതിന് രണ്ടു പക്ഷമില്ല. 1968 ൽ പുന്നക്കാട് C.M.S.L.P സ്കൂൾ U.P. സ്കൂളായും 1968 ൽ തന്നെ ആറന്മുള ഗവൺമെന്റ് U.P. സ്കൂൾ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ഈ ഹൈസ്കൂൾ 1990 ൽ പൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി വീണ്ടും ഉയർത്തുകയുണ്ടായി. ഇങ്ങനെ ഗ്രാമത്തിലെ ആകെ വിദ്യാലയങ്ങളുടെ എണ്ണം പത്തായി ഉയർന്നു. (L.P.S-5, U.P.S-2, H.S-2, V.H.S.S-1). ചെറുതും വലുതുമായ ഈ വിദ്യാലയങ്ങളിൽ ആകെ 2178 വിദ്യാർത്ഥികളും 90 അദ്ധ്യാപകരുമുണ്ട്.

"പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ
അജ്ഞത കൊണ്ടോ ലംഘിക്കുന്നതിൽ
നിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത് "

— ഗാന്ധിജി

(പട്ടിക-1-A)

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജുമെന്റ്	വിദ്യാർത്ഥികൾ		ആകെ	അദ്ധ്യാപകർ		
			ആൺ	പെൺ		പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	C.M.S.L.P.S, കുഴിക്കാല	എയ്ഡഡ്	36	46	82	...	4	4
2	M.T.L.P.S, ഓന്തേകാട്	,,	55	71	126	...	4	4
3	M.T.L.P.S, ആറന്മുള	,,	76	71	147	...	4	4
4	M.T.L.P.S, കുഴിക്കാല	,,	70	70	140	...	5	5
5	Govt: L.P.S, കാരംവേലി, നെല്ലക്കാല	ഗവൺമെന്റ്	94	95	189	2	3	5
6	C.M.S.U.P.S, പുന്നക്കാട്	എയ്ഡഡ്	83	82	165	...	8	8
7	M.T.U.P.S, കാരംവേലി	,,	110	112	222	...	7	7
8	C.M.S.H.S, കുഴിക്കാല	,,	149	118	267	5	7	12
9	S.N.D.P.H.S, കാരംവേലി	,,	154	156	310	4	10	14
10	Govt: V.H.S.S, ആറന്മുള	ഗവൺമെന്റ്	276	254	530	5	22	27
	ആകെ		1103	1075	2178	16	74	90

ആകെയുള്ള വിദ്യാലയങ്ങളിൽ രണ്ടെണ്ണം മാത്രമേ സർക്കാർ തലത്തിൽ ഉണ്ടായിട്ടുള്ളു. ബാക്കി എല്ലാസ്കൂളുകളും മാനേജ്മെന്റ് സ്കൂളുകളാണ്. ആകെയുള്ള വിദ്യാർത്ഥികളിൽ 33% വും അദ്ധ്യാപകരിൽ 31% വും ഗവൺമെന്റ് സ്കൂളുകളിലാണ്.

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വളരെ നേരിയ തോതിൽ വിദ്യാർത്ഥികൾ ഇടയ്ക്കു വെച്ച് പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തെ പഠനം ഉപേക്ഷിച്ചു പോയ വിദ്യാർത്ഥികളുടെ വിവരം പട്ടിക 1-B-ൽ കൊടുത്തിരിക്കുന്നു.

(പട്ടിക 1-B പഠനം നിർത്തിയവരുടെ വിവരം)

SC/ST വിദ്യാർത്ഥികൾ			മറ്റുള്ള വിദ്യാർത്ഥികൾ			
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	മൊത്തം
4	1	5	5	1	6	11

പട്ടിക.1-C.								
പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം								
L.P			U.P			H.S&V.H.S.S		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
684	136	19.88	387	110	28.42	1107	267	24.11
							ആകെ	23.55%

അവലംബം സെക്കന്ററി ഡേറ്റാ

പഞ്ചായത്തിലുള്ള രണ്ട് ഹൈസ്കൂളുകളിലും ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലും S.S.L.C.പരീക്ഷയിൽ വിജയ ശതമാനം താരതമ്യന കുറഞ്ഞു വരുന്നതായി കാണുന്നു. 1995-96 വിദ്യാലയവർഷം ഈ സ്കൂളുകളിലെ വിജയ ശതമാനം ഇപ്രകാരമാണു്.

പട്ടിക1-D - S.S.L.C. വിജയശതമാനം						
നമ്പർ	സ്കൂൾ	91-92	92-93	93-94	94-95	95-96
1	S.N.D.P.H.S കാരംവേലി	45%	47%	89%	50%	48%
2	C.M.S.H.S കുഴിക്കാല	31%	70%	72%	84%	47%
3	V.H.S.S ആറന്മുള		24.73%	31.25%	21.1%	47.14%

അവലംബം സെക്കന്ററി ഡേറ്റാ

കുറഞ്ഞ മാർക്കു വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കുക പ്രയാസമാണ്. കോഴഞ്ചേരി, പത്തനംതിട്ട എന്നീ സ്ഥലങ്ങളിലുള്ള പാരലൽ കോളേജുകളെ ശരണം പ്രാപിക്കുകയേ ഗത്യന്തരമുള്ളൂ. കാരംവേലിയിൽ ഒരു പാരലൽ കോളേജ് പ്രവർത്തിക്കുന്നത് സ്ഥലവാസികളായ വിദ്യാർത്ഥികൾക്ക് ഒരു തരത്തിൽ അനുഗ്രഹം തന്നെ.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ I.T.I പോലുള്ള സാങ്കേതിക വിദ്യകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളോ ഗ്രാമത്തിലില്ല. ആറന്മുള ഗവൺമന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ മെഡിക്കൽ ലബോറട്ടറികോഴ്സും അടുത്തകാലത്ത് കംമ്പ്യൂട്ടർ കോഴ്സും നടത്തുന്നതിനുള്ള പരിമിതമായ സൗകര്യമുണ്ട്. ഒന്നാം വാർഡിലും ആറാം വാർഡിലും യഥാക്രമം ഒന്നും രണ്ടും വീതം ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. 8-ാം വാർഡിൽ ഒരു തയ്യൽ പരിശീലനകേന്ദ്രവും ചെറിയതോതിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ 10 പൊതു വിദ്യാലയം കൂടാതെ രണ്ട് പ്രീ പ്രൈമറി സ്കൂളുകൾ ഉണ്ട്. അവയിലൊന്ന് പുന്നക്കാട് സി.എം.എസ്സ്. യു.പി.സ്കൂളിനോടും മറ്റൊന്ന് എം.റ്റി.എൽ.പി.എസ്സ്. മല്ലപ്പുഴശ്ശേരിയോടും ചേർന്ന് പ്രവർത്തിക്കുന്നു. മൂന്ന് ബാലവാടികളും അഞ്ച് നേഴ്സറി സ്കൂളുകളും വിവിധ വാർഡുകളിലായി ഉണ്ട്. ആധുനിക

രീതിയിൽ പഠനം കൂടുതൽ ആകർഷകമായിത്തീർക്കുന്നതിന് നേഴ്സറി സ്കൂളുകളിൽ കുറഞ്ഞ സൗകര്യങ്ങളെ ഉള്ളു. കൂടുതൽ കളിക്കോപ്പുകളും മറ്റ് പഠനോപകരണങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ ഗ്രാമത്തിൽ പൊതുവിദ്യാലയങ്ങൾ അടുത്തടുത്തുണ്ടെങ്കിലും വീടുരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് എൽ.പി.യു.പി., ഹൈസ്കൂൾ തലത്തിലുള്ള 350ൽ പരം വിദ്യാർത്ഥികൾ നിത്യേനവാഹനം കയറുന്നു. പുത്തൻ ജീവിതാഭിലാഷങ്ങൾ സാക്ഷാത്കരിക്കാൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉപകരിക്കും എന്നുള്ള കണക്കുകൂട്ടലുകളിൽ പരിമിതവരുമാനക്കാരായ രക്ഷിതാക്കൾ പോലും തങ്ങളുടെ പിഞ്ചു കുഞ്ഞുങ്ങളെ ആവേശപൂർവം തള്ളിവിടുന്ന കാഴ്ച ഗ്രാമത്തിൽ പുത്തരിയല്ല.

ഉന്നത വിദ്യാഭ്യാസം നേടിയ അഭ്യസ്ഥവിദ്യർ തൊഴിലിനുവേണ്ടി നെട്ടോട്ടമോടുന്ന കാഴ്ച ഒട്ടു കുറവല്ല. ബിരുദവും ബിരുദാനന്തരബിരുദവുമെടുത്ത യുവതീയുവാക്കളുടെ എണ്ണം ഇവിടെ 300 ൽ അധികമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഗ്രാമ ജീവിതത്തെ എന്നപോലെ വിദ്യാർത്ഥി ജീവിതത്തെയും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ബാധിക്കുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസ് മുറിക്കു വെളിയിലേക്ക് അവരെ നയിക്കുന്നു. 18 കഴിയുമ്പോൾ പാസ്സ്പോർട്ട് വാങ്ങണം. ഈ ചിന്ത അവരെ പഠനത്തിൽ നിന്നും അകറ്റുകയാണോ എന്ന ചിന്ത അസ്ഥാനത്തല്ല.

സാക്ഷരതയുടെ കാര്യത്തിൽ വളരെ മുന്നിലാണ് ഈ ഗ്രാമ പഞ്ചായത്ത്. പക്ഷേ വിദ്യാഭാസ നിലവാരം സാധാരണ ഗ്രാമത്തിലേപ്പോലെതന്നെ. കഴിഞ്ഞകാലങ്ങളിൽ കഴിവ് തെളയിച്ച പ്രഭരായ പ്രതിഭകളെ ഈ തരുണത്തിൽ സ്മരിക്കേണ്ടതുണ്ട്. ഈ ഗ്രാമത്തിൽ നിന്നും ആദ്യ കാലങ്ങളിൽ ബിരുദം നേടിയ പ്രൊഫസർ വാഴുവേലിൽ കാർത്തിയായനിയമ്മ, ശ്രീ. പി.ജി. ഈശോ, ശ്രീ.എം. ജെ.കുര്യൻ, ശ്രീ. സി.കെ കോശി എന്നിവരും നീതി ന്യായപീഠത്തിൽ ഡിസ്ട്രിക്റ്റ് ജഡ്ജിയായിരുന്ന ശ്രീ.പി.ഇ. ചെറിയാനും വിജ്ഞാന പാതയിൽ എന്നെന്നും ശോഭിക്കിന്നു.

ഈ പഞ്ചായത്തൽ വിവിധവാർഡുകളിലായി 6 വായനശാലകളും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. കുറഞ്ഞ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയാണ് 2, 5 എന്നീ വാർഡുകളിലെ വായനശാലകൾ. പുസ്തകങ്ങളും ഉപകരണങ്ങളും വളരെ കുറവാണ്. ഈ പോരായ്മ നികത്തുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമുണ്ട്. ആറാം വാർഡിൽ ഉണ്ടായിരുന്ന വായന ശാല തീർത്തും പ്രവർത്തന രഹിതമാണ്. 3, 7 എന്നീവാർഡുകളിൽക്കൂടി വായനശാലകൾ സ്ഥാപിക്കണം. നാലാം വാൾഡിലുള്ള കെ.പി.ഒ. യീണിയൻ വായനശാല പഞ്ചായത്തിലെ മറ്റുള്ള വായനശാലകളെ അപേക്ഷിച്ച് സൗകര്യപ്രദമായ ഇരുനിലക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എങ്കിലും ഒരു ഫുൾടൈം ലൈബ്രേറിയന്റെ കുറവ് നികത്തേണ്ടിയിരിക്കുന്നു. അഞ്ചാം വാർഡിലുള്ള വായന ശാലക്കും ലൈബ്രേറിയൻ ആവശ്യമാണ്.

2,3,4,5 എന്നീ വാർഡുകളൽ നിന്നു സ്കൂളുകളിൽ പോകുന്നതിന് വിദ്യാർത്ഥികൾക്ക് 3 കിലോമീറ്ററിലധികം ഗതാഗതയോഗ്യമല്ലാത്ത ആവഴികളിൽ കൂടി കാൽനട യാത്ര ചെയ്യേണ്ടിയിരിക്കുന്നു. കോഴഞ്ചേരി, കുഴിക്കാല, കാരംവേലി എന്നീസ്ഥലങ്ങളിൽ പോയിവരുന്നു.

മൂന്നാം വാർഡിൽ കുറുന്താർ ഭാഗത്ത് ഗവൺമെന്റ് തലത്തിൽ ഒരു സ്കൂൾ അനുവദിച്ചു കിട്ടിയാൽ ഒരു പരിധിവരെ ഈ യാത്ര ഒഴിവാക്കാവുന്നതാണ്.

ആദ്യക്ഷരങ്ങൾ പഠിപ്പിക്കുന്ന പത്തോളം നിലത്തെഴുത്തുകളരികൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട് . പഴമയും പുതുമയും തമ്മിൽ സമ്മേളിക്കുന്ന ഈ "കുടിപ്പള്ളിക്കൂടങ്ങൾ" തള്ളിക്കളയാവുന്നവതല്ല.

ഇത്തരം ഒരു പഠന റിപ്പോർട്ടിൽ പ്രഥമ പരിഗണന നൽകേണ്ടത് അക്കാദമിക് സൗകര്യങ്ങളിലാണ്. വിദ്യാലയാന്തരീക്ഷം ഉന്മേഷകരമാക്കുന്നതിന് സൗകര്യപ്രദമായ സാഹചര്യം ഒരുക്കേണ്ടതുണ്ട്. നല്ല ലൈബ്രറി, ലബോറട്ടറി, പഠന ഉപകരണങ്ങൾ, ദൃശ്യ, ശ്രവ്യ ഉപകരണങ്ങൾ വലിപ്പമുള്ള ബ്ലാക്ക് ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയവ വിദ്യാലയത്തന്റെ മേന്മയെക്കാണിക്കുന്നു. ഇവിടെയുള്ള വിദ്യാലയങ്ങളുടെ നിലവിലുള്ള സൗകര്യങ്ങൾ കാണിക്കുന്ന പട്ടക താഴെ ചേർക്കുന്നു.

സ്കൂളിന്റെ പേര്	ലൈബ്രറി	ലാബോറട്ടറി	പഠനോപകരണങ്ങൾ	ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ								ബ്ലാക്ക് ബോർഡ്		95 ശതമാനത്തിനു മുകളിൽ ഹാജരുള്ള ദിവസം	95 ശതമാനത്തിനു താഴെ ഹാജരുള്ള ദിവസം	ഹാജരില്ലാത്ത കുട്ടികൾ	മാതൃസംഗമം	പി.ടി.എ
				റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ വി.സി.പി.	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
M.T.L.P.S കുഴിക്കാല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	196	ഇല്ല	4	സജീവം	പവർത്തിക്കുന്നു
M.T.U.P.S കാരംവേലി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	7	195	-	-	സജീവം	പവർത്തിക്കുന്നില്ല
Govt. L.P.S. കാരംവേലി	ഉണ്ട്	ഭാഗികം	ചാർട്ട്ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	10	193	3	4	സജീവം	പവർത്തിക്കുന്നു
M.T.L.P.S. ഓന്തേക്കാട്	ഇല്ല	ഇല്ല	കുറവ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	യോഗ്യമല്ല	194	4	2	സജീവം	പവർത്തിക്കുന്നു
C.M.S. U.P.S. പുന്നയ്ക്കാട്	ഉണ്ട്	ഉണ്ട്	കുറവ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	7	195	ഇല്ല	5	സജീവം	പവർത്തിക്കുന്നു
C.M.S. L.P.S. കുഴിക്കാലാ	ഉണ്ട്	ഉണ്ട്	2	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	4	195	-	-	സജീവം	പവർത്തിക്കുന്നു
M.T.L.P.S. മല്ലപ്പുഴശ്ശേരി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	4	195	2	3	സജീവം	പവർത്തിക്കുന്നു
Govt. V.H.S.S. ആറന്മുള	ഉണ്ട്	-	ഉണ്ട്	-	ഇല്ല	ഇല്ല	ഉണ്ട	ഉണ്ട	ഇല്ല	ഇല്ല	ഇല്ല	10	18	192	-	-	സജീവം	പവർത്തിക്കുന്നു
C.M.S. H.S. കുഴിക്കാലാ	ഉണ്ട്	ഉണ്ട്	കുറവ്	ഇല്ല	1	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	10	9	195	-	5	സജീവം	പവർത്തിക്കുന്നു
S.N.D.P. H.S. കാരംവേലി	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	ഇല്ല	ഇല്ല	1	1	ഇല്ല	ഇല്ല	10	8	195	-	2	സജീവം	പവർത്തി

പട്ടിക II B സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ആകെ ഡിവിഷൻ	കെട്ടിടങ്ങളുടെ എണ്ണം				മുറികളുടെ എണ്ണം		ഇനിയും ആവശ്യമുള്ള മുറികളുടെ എണ്ണം	ഇനിയും നിർമ്മിക്കുവാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകൾ	ഒരേ സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനിയും ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗയോഗ്യമായ വയുടെ എണ്ണം	കുടിവെള്ള സംവിധാനം കിണർ/പൈപ്പ്	വൈദ്യുതീകരണം	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണ്ണിച്ചർ മതിയാകുമോ	ഇനിയും ആവശ്യമുള്ളതിന്റെ എണ്ണം				
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം													ഡസ്ക്	ബഞ്ച്	മേശ	കസേര	ഓംചീസ് ഫർണ്ണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
M.T.U.P.S കാരംവേലി	6	3	-	-	10	-	-	-	-	2	20	1	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	20	20	5	10	അലമാര മേശ 1
S.N.D.P. H.S. കാരംവേലി	8	2	3	-	11	10	-	-	ഉണ്ട്	2	25	-	1	1	ഉണ്ട് കിണർ	ഉണ്ട്	ഇല്ല	ഉണ്ട	ഇല്ല	10	20	6	8	6
C.M.S. H.S. കുഴിക്കാലാ	9	6	ഇല്ല	ഇല്ല	23	1	1	1	ഉണ്ട്	2	4	2	1	1	ഉണ്ട് കിണർ പൈപ്പ്	ഉണ്ട്	ഇല്ല	ഉണ്ട	ഇല്ല	27	27	10	10	അലമാര മേശ 1
M.T.L.P.S. മല്ലപ്പുഴശ്ശേരി	4	1	-	-	-	-	-	1	ഉണ്ട്	1	5	1	1	ഇല്ല	ഉണ്ട കിണർ	ഉണ്ട്	ഉണ്ട	ഉണ്ട	ഇല്ല	25	10	1	2	മേശ 1 കസേര1
Govt. V.H.S.S. ആറന്മുള	17	4	-	-	23	-	-	12	ഉണ്ട്	2	16	3	1	1	ഉണ്ട കിണർ	ഉണ്ട്	ഉണ്ട	ഉണ്ട	ഇല്ല	24	ഇല്ല	15	30	അലമാര 4
C.M.S. L.P.S. കുഴിക്കാലാ	4	1	-	-	4	-	-	-	ഉണ്ട്	1	4	1	1	-	ഉണ്ട് പൈപ്പ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	5	1	4	1
C.M.S. U.P.S. പുന്നയ്ക്കാട്	7	5	-	-	7	-	-	1	ഉണ്ട്	2	4	-	1	-	ഉണ്ട് കിണർ	ഉണ്ട്	ഉണ്ട	ഇല്ല	ഇല്ല	16	16	2	3	-
Govt. L.P.S. കാരംവേലി	4	1	-	-	-	-	-	-	-	1	1	-	1	ഇല്ല	ഉണ്ട് കിണർ	ഉണ്ട്	ഉണ്ട	ഇല്ല	ഇല്ല	20	16	6	1	1
M.T.L.P.S. ഓന്തേകാട്	6	1	-	-	6	-	-	2	ഉണ്ട്	2	10	-	1	ഇല്ല	ഉണ്ട് കിണർ	ഉണ്ട്	ഉണ്ട	ഇല്ല	ഇല്ല	30	-	-	-	കിണർ
Govt. L.P.S. കാരംവേലി	5	1	-	-	-	-	-	-	ഇല്ല	2	10	1	1	ഇല്ല	ഉണ്ട് പൈപ്പ്	ഇല്ല	ഉണ്ട	ഇല്ല	10	5	4	5	1	കിണർ

വിദ്യാലങ്ങളുടെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ മേഖയുടെ വലിയ പോരായ്മ തന്നെ അപകടം പതിയിരിക്കുന്ന പഴയ സ്കൂൾ കെട്ടിടങ്ങൾ, ഗതാഗതക്കുരുള്ള റോഡിലെ ചുറ്റുമതിലില്ലാത്ത പ്രൈമറിസ്കൂളുകൾ, കുടിവെള്ളവും, മൂത്രപ്പുരകളും കക്കൂസും ഇല്ലാത്ത വിദ്യാലയങ്ങൾ ഗ്രാമത്തിൽ ഇന്നും കാണാൻ കഴിയുന്നു. ഈ വിവരം കണക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

(പട്ടിക II - B) കാണുക

സക്ളുകളുടെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത, അക്കാഡമിക്ക് സൗകര്യങ്ങളുടെ പോരായ്മ, ശിക്ഷണരാഹിത്യം, ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, വിദ്യാർത്ഥി സമരം എല്ലാം കൂടി പൊതുവേ വിദ്യാഭ്യാസ നിലവാരം താണുവരുന്നതായി പഠനരേഖകൾ സൂചിപ്പിക്കുന്നു. ഇതിനു പരിഹാരമായി ഗ്രാമ സഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചു വർഷം കൊണ്ട് നിവാരണം ചെയ്യേണ്ട പരിപാടികൾ ചർച്ചയിൽ പൊന്തിവന്നു. അവയിൽ ഏതാനം ചിലത് ഇവിടെ ചേർക്കുന്നു.

1. ഈ ഗ്രാമത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള കുറവു പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത 5 -ാം വാർഡിൽ ലഭ്യമായ സർക്കാർ വക സ്ഥലത്ത് ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കുക.
2. വാർഡ് 3 ൽ കുറുന്താർ ഭാഗത്ത് ഗവൺമെന്റ് തലത്തിൽ ഒരു വിദ്യാലയം അനുവദിക്കുക.
3. 6, 8 എന്നീ വാർഡുകളിലുള്ള പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണികഴിപ്പിക്കുക. 6 ാം വാർഡിൽ ഗവൺമെന്റ് L.P.S. ന് സ്ഥലപരിമിതി ഒഴിവാക്കാൻ ക്ലാസ്സ് മുറികൾ പുതുതായി പണികഴിപ്പിക്കുക.
4. വാർഡ് 6 ലുള്ള ഗവൺമെന്റ് L.P.S.ന് ചുറ്റുമതിലും ഗയിറ്റും പണികഴിപ്പിച്ച് അപകടസാദ്ധ്യത ഒഴിവാക്കുക. 4 ാം വാർഡിലുള്ള M.T.L.P.S.നുംചുറ്റുമതിൽ ഉയർത്തിക്കെട്ടേണ്ടതാണ്.
5. 3, 7 എന്നീ വാർഡുകളിൽ വായന ശാലകൾ സ്ഥാപിക്കണം. 6 ാം വാർഡിലുള്ള വായനശാല പുനർജീവിപ്പിക്കണം. 2, 5 വാർഡുകളിലെ വായനശാലക്കെട്ടിടം സൗകര്യപ്രദമായ തരത്തിൽ പുതുക്കി പണികഴിപ്പിക്കുക. ഉപകരണങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും സമ്പാദിക്കുക.
6. 4, 5 വാർഡിലുള്ള വായനശാലകൾക്ക് ഫുൾടൈം ലൈബ്രേറിയനെ നിയമിക്കുക.
7. നിലവിലുള്ള മൂന്ന് ബാലവാടികൾ അംഗൻവാടികളായി മാറ്റുകയും പുതുതായി പത്ത് അംഗൻവാടികൾ കൂടി ആരംഭിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ ഇന്നുള്ള സ്കൂളുകളിൽ വിദ്യാർത്ഥികൾ ക്രമേണ കുറഞ്ഞു വരുന്നതായി കാണുന്നു. ഇതിനു പരിഹാരം കാണാനായി ഗ്രാമ സഭ താഴെക്കാണുന്ന നിർദ്ദേശങ്ങൾ അടുത്ത അഞ്ച് വർഷത്തെ പരിപാടികളിൽ ഉൾക്കൊള്ളിക്കേ10ണ്ടതാണെന്ന തീരുമാനത്തിലെത്തിച്ചേർന്നു.

നിർദ്ദേശങ്ങൾ

1. എല്ലാ L.P. സ്കൂളിനോടും സംബന്ധിച്ച് മലയാളം മീഡിയം പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കുക.
2. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പരിമിതപ്പെടുത്തുക.
3. സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്നതിന് നിലവിലുള്ള എല്ലാ ഹൈസ്കൂളുകളും V.H.S.S. ആയി ഉയർത്തുക.
4. പാഠപുസ്തകങ്ങൾ യഥാസമയം സ്കൂളുകളിലെത്തിക്കാൻ പഞ്ചായത്തുതലത്തിൽ നടപടികൾ സ്വീകരിക്കുക.
5. മാതൃഭാഷാ പഠനത്തിനു പ്രോത്സാഹനം കൊടുക്കുക.
6. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.
7. പാഠ്യവിഷയത്തോടൊപ്പം കാർഷിക വിഷയങ്ങളും വിദ്യാർത്ഥികളെ പഠിപ്പിക്കാൻ സൗകര്യം ഒരുക്കുക.
8. സ്കൂൾ ഹെൽത്ത് പ്രോഗ്രാം കുറ്റമറ്റതാക്കുക.
9. താഴ്ന്ന വരുമാനമുള്ള കുടുംബത്തിൽ നിന്നു വരുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ, വസ്ത്രം, ഉച്ചഭക്ഷണം എന്നിവ പഞ്ചായത്ത് മുഖേന എത്തിച്ചുകൊടുക്കുക.
10. വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കുറക്കുക.

11. അദ്ധ്യാപകർക്കുള്ള ശിൽപ്പശാല പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
12. ദൃശ്യ ശ്രവണ മാധ്യമങ്ങൾ എല്ലാ വിദ്യാലയങ്ങളിലും എത്തിക്കുക.
13. മാതൃകാ വിദ്യാലയത്തെയും, മാതൃകാ വിദ്യാർത്ഥിയെയും, മാതൃകാ അദ്ധ്യാപകനെയും കണ്ടെത്തി പഞ്ചായത്ത് തലത്തിൽ സ്ഥിരം റോളിംങ്ങ് ട്രോഫികൾ ഏർപ്പെടുത്തുക.
14. അവാർഡുകളും പ്രോത്സാഹന സർട്ടിഫിക്കറ്റുകളും പ്രൈമറി തലം മുതൽ ഏർപ്പെടുത്തുക.
15. പൊതു മൽസരപ്പരീക്ഷകൾ ഫലപ്രദമായി നടത്താൻ നടപടികൾ സ്വീകരിക്കുക.
16. സ്കൂളിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ഏറ്റെടുത്ത് ചെയ്യുക.
17. വായന ശാലകളോടൊപ്പം സൗജന്യ ട്യൂഷൻ ക്ലാസുകളും ഏർപ്പെടുത്തുക.
18. ആദ്യാക്ഷരങ്ങൾ പഠിപ്പിക്കുന്ന നിലത്തെഴുത്തുസമ്പ്രദായവും നിലനിർത്തുന്നതിനു വേണ്ടി പ്രോത്സാഹനം നൽകുക.
19. P.T.A. കളും മാതൃസംഗമങ്ങളും കൂടുതൽ സജീവമാക്കുക.
20. കായിക കലാമത്സരം പഞ്ചായത്തു തലത്തിൽ നടത്തുക. ഗ്രാമോത്സവമാക്കിമാറ്റുക.



5.5 കുടി വെള്ളവും പൊതു ജനാരോഗ്യവും

ഒരു സമൂഹത്തന്റെ ശക്തി ആ സമൂഹത്തിലുള്ള ജനതയുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം എന്നിവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ പ്രഥമഗണനീയമായ ഘടകങ്ങളാണ്. ജലക്ഷാമമാണ് ഈ പഞ്ചായത്തിന്റെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് കേരളീയ ജനത പൊതുവെ വ്യക്തിപരമായി ശുചിത്വമുള്ളവരാണെങ്കിലും സാമൂഹിക സാഹചര്യങ്ങളുടെ അപര്യാപ്തതയാൽ കൂടുതൽ ആളുകൾ അതിൽ ശ്രദ്ധാലുക്കളായിക്കാണുന്നില്ല.

കിണറുകൾ

പൊതുക്കിണർ		സ്വകാര്യ കിണർ		കുഴൽക്കിണറുകൾ	മൊത്തം കിണറുകൾ
വെള്ള മുള്ളത്	വെള്ളമി ല്ലാത്തത്	വെള്ളമു ള്ളത്	വെള്ളമി ല്ലാത്തത		
6	4	911	496	8	1417

കേരളാ വാട്ടർ അതോറിട്ടിയുടെ ഒരു ജലവിതരണ പദ്ധതി മാത്രമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. സാമാന്യേന കുന്നിൻ പ്രദേശമായ 4,5,6,7,8 എന്നീ വാർഡുകളിലെ ജലവിതരണത്തിന് ഈ പദ്ധതി അശാസ്ത്രീയവും അപ്രായോഗീകവുമാണെന്നു അനുഭവങ്ങൾ തെളിയിച്ചു തന്നു. 53 പൊതുടാപ്പുകളും 48 സ്വകാര്യ കണക്ഷനുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഗ്രാമവാസികളുടെ വെള്ളത്തിനുള്ള മുറവിളി ഇന്നും ശേഷിക്കുന്നു.

ജനങ്ങളിൽ 95% പേരും കിണറുകളെയാണ് ആശ്രയിക്കുന്നത് 65 % പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പടുന്നു. 4,5,6,7,8 എന്നീ വാർഡുകളിൽ ജലക്ഷാമം അതിരൂക്ഷമാണ്. 1,2,3 വാർഡുകളിൽ മലിനജല പ്രശ്നം ചെറിയതോതിൽ അനുഭപ്പെടുന്നു. വേനൽക്കാലത്ത് ഈ പ്രശ്നങ്ങൾ ഗ്രാമസഭ സജീവമായി ചർച്ച ചെയ്തു.

വിശേഷാൽ ഗ്രാമ സഭകളിൽ നിന്നുയർന്നു വന്നതായ പ്രശ്ന വിശകലനവും പ്രശ്ന പരിഹാരങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാകുന്നതും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു. വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും വിശകലനത്തിനായി ഇതിൽ ചേർക്കുന്നു.

കുടിവെള്ളം: പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1	ആറ്റുതീര പ്രദേശം	ആറ്റുതീരത്തുള്ള കിണറുകളിൽ വേനൽക്കാലത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്നു ആറ്റിലെ മണൽ അശാസ്ത്രീയമായി വാരുന്നതാണ് കാരണം. വേണ്ട പരിഹാരമാർഗ്ഗം ഉണ്ടാക്കണം.
2.	വാർഡിൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ	പൈപ്പ് ലൈൻ നീട്ടുക ടാപ്പുൾ സ്ഥാപിക്കുക
3.	വാർഡിൽ ചിലപ്രദേശങ്ങൾ	പൈപ്പ് ലൈൻ നീട്ടുക ടാപ്പുൾ സ്ഥാപിക്കുക കുരുന്താർ കോളനിയിലെ പൊതുകിണർ ഉപയോഗപ്രദമാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

4. വാർഡിൽപ്പെട്ട മുരുപ്പേൽ ഭാഗം, കിഴക്കേപ്പാമ്പിൽ ഭാഗം, ചരിവിൽ ഭാഗം, കാവുംഭാഗം മൂർത്തി പറമ്പ് ലക്ഷംവീയ് കോളനി, ചാരുംമൂട്ടി പടി മുതൽ മണ്ണിൽ പടിവരെ, പാണത്തറയിൽ പടി എന്നീ സ്ഥലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.	പൈപ്പ് ലൈൻ നീട്ടുക ടാപ്പുൾ സ്ഥാപിക്കുക മൂർത്തിപറമ്പ് ലക്ഷംവീടു കോളനിയിൽ പൊതു കിണർ സ്ഥാപിക്കുക. കാവുംപുറം ഭാഗത്ത് പൈപ്പ് ലൈൻ എത്തുന്നുണ്ടെങ്കിൽ തന്നെ ജലവിതരണം പരിമിതമായ തോതിൽ മാത്രം. പ്രാദേശീകമായ ജലവിതരണ പദ്ധതി ആവിഷ്ക്കരിക്കാൻ കാവും പുറത്ത് സാധ്യത ഉണ്ട്.
5. പരുത്തൻ പാറ ഭാഗം, പൊയ്കയിൽപടി, കാലായിൽ ഭാഗം, തര്യൻ നഗർ (കാഞ്ഞിക്കൽ ഭാഗം), നെടുമ്പുറത്തു പടി, തുണ്ടിയയ്യത്ത് പടി, ഉറമ്പിൽ പടി, മലമേൽ പടി, മേലേക്കുറ്റു പടി, പാണംതലക്കൽ പടി, കൊറ്റൽകുളം, പൂവകുന്നിൻപടി	പൈപ്പ് ലൈൻ നീട്ടുക കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക.
6 എസ്.എൻ.ഡി.പി.സ്കൂൾ, കാരംവേലി, വേങ്ങോലി മുരുപ്പു വരെ, വട്ടനിൽക്കുന്നതിൽ ഭാഗം(തോപ്പിൽ പടി), മായക്കോട്ടു ഭാഗം(പുറത്തൂട്ടു വരെ) പുതിയ ഹൗസിംഗ് കോളനി മുതൽ ഉതിനിൽക്കുന്നതിൽ ഭാഗം വരെ തുണ്ടിയിൽ ഭാഗം. തുണ്ടിയിൽ പാറ മുതൽ പടീഞ്ഞാറേപ്പടി വരെ വല്യപാറ ഭാഗം. വാർഡിന്റെ കൂടുതൽ ഭാഗത്തു രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.	പൈപ്പ് ലൈൻ നീട്ടുക ടാപ്പുകൾ സ്ഥാപിക്കുക. ഏകദേശം മൂന്നു കി.മീ സ്ഥലത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കണം.
7 കുഴിക്കാല സ്കൂളിനു സമീപം കുഴിക്കാല സ്കൂളിനും കുളത്തിങ്കൽ പടിവരെ കുഴിക്കാല മുരുപ്പേൽ പടി- കുഴിക്കാല P.I.P. ഫില്ലിംഗ് വരെയും	നിലവിലുള്ള ലൈൻ കുഴിക്കാല മാർത്തോമ്മാ പള്ളി ജംഗ്ഷൻ വരെ എത്തിയിട്ടുള്ളൂ. ഈ ലൈൻ പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള ചിറയിൽപടി വരെ (തുമ്പമൺ-കോഴഞ്ചേരി റോഡ്) നീട്ടുക. പൈപ്പ് ലൈൻ നീട്ടുക ടാപ്പുകൾ സ്ഥാപിക്കുക
8 കുഴിക്കാല വട്ടമോടിയിൽ കോളനി മുക്കൂട്ടിൽ ഓയിൽ മിൽസ്- ഓലക്കാലാപ്പടി, ചുട്ടുമണ്ണിൽ ഭാഗം. കുഴിക്കാല ചന്ത-മുരുപ്പേൽപ്പടി കുഴിക്കാല മാർത്തോമ്മാ ചർച്ച്-മുല്ലശ്ശേരിച്ചിറ. പുന്നമൂട്ടിൽ ജംഗ്ഷൻ തെക്കോട്ടുള്ള ഭാഗം	നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക പുതിയ ടാപ്പുകൾ സ്ഥാപിക്കുക. പ്രദേശിക തലങ്ങളിൽ ജലവിതരണ പദ്ധതികൾക്ക് സാധ്യതയുണ്ട്.

പൊതു നിർദ്ദേശങ്ങളും, പരിഹാര മാർഗ്ഗങ്ങളും

വേനൽക്കാലത്ത് 4,5,6,7,8 എന്നീ വാർഡുകളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. 6-ാം വാർഡിൽ ഇതു വളരെ രൂക്ഷമാണ്. കേരളാ വാട്ടർ അതോറിട്ടിയുടെ ഒരു ജലവിതരണ പദ്ധതി മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. പൈപ്പുകൾ പൊട്ടിയും, ടാപ്പുകൾ കേടു സംഭവിച്ചും ജലവിതരണം സ്തംഭിക്കുക സാധാരണമാണ്.

പുതിയ ഒരു ടാങ്കു കൂടി നിർമ്മിച്ച് താണ പ്രദേശങ്ങളിലേക്കുള്ള ജലവിതരണത്തിനു പുതിയ ടാങ്ക് ഉപയോഗിച്ചാൽ പൈപ്പു പൊട്ടുന്നതു തടയാൻ കഴിയും. പ്രാദേശികമായ ചെറിയ പദ്ധതികൾ ആവിഷ്കരിക്കുക.

ആറാം വാർഡിലുള്ള മുളങ്കുഴി തോട്, കാവുംപുറത്തു ഭാഗം വഴി പുത്തൻചിറ വഴിയുള്ള തോടുകളിലേക്ക് വെള്ളം കനാലിൽ നിന്ന് പമ്പു ചെയ്തു വിടുകയാണെങ്കിൽ സമീപ പ്രദേശത്തുള്ള ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനോടൊപ്പം കാർഷിക ആവശ്യത്തിനുള്ള ജലം ലഭ്യമാവുകയും ചെയ്യും.

ജലക്ഷാമം രൂക്ഷമായ വേനൽക്കാലത്ത് ഒരു മുഴുവൻ സമയ ജോലിക്കാരനെ നിയമിച്ചു ജലവിതരണം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കണം. കോഴഞ്ചേരി- മല്ലപ്പുഴശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ ഒന്നാം വാർഡിലെ ജലക്ഷാമം പരിഹരിക്കാം.

മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ പുതിയ ഒരു ജലവിതരണ പദ്ധതികൂടി 6-ാം വാർഡിലെ വേങ്ങോലി മുരുപ്പ് കേന്ദ്രമായി ആരംഭിക്കണം.

" ഓരോരുത്തരും അവരവരുടെ
നെറ്റി വിയർപ്പൊ പണിയെടുത്തു
ജീവിച്ചെങ്കിൽ മാത്രമേ സ്വർഗമായി
മാറുമായിരുന്നു. "

— ഗാന്ധിജി

ആരോഗ്യം

പഞ്ചായത്തിലെ കൂടുതൽ ജനങ്ങളും സ്വകാര്യ ആശുപത്രികളേയും സമീപത്തുള്ള ആശുപത്രികളേയും ആശ്രയിച്ചു വരുന്നു. ജനന നിരക്ക് കേരളത്തിലെ ശരാശരിയേക്കാൾ വളരെ കുറവാണ്. കിടക്കകളോടു കൂടിയ സർക്കാർ ആശുപത്രികളൊന്നും തന്നെ ഗ്രാമത്തിലില്ല. ആധുനീക സൗകര്യങ്ങളോടു കൂടിയ കണ്ണാശുപത്രി (സി.എസ്.ഐ. മിഷൻ) ആശുപത്രി, പുന്നക്കാട്, അർഹരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നു എന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമത്രേ

നംബർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	പ്രാഥമീക ആരോഗ്യ കേന്ദ്രം പുന്നക്കാട്	3,4	1981	7
2.	കുടുംബക്ഷേമ കേന്ദ്രം കുഴിക്കാല	7,8		1
3.	കുടുംബക്ഷേമ കേന്ദ്രം കാഞ്ഞിരവേലി	1,2		1
4.	കുടുംബക്ഷേമ കേന്ദ്രം പുന്നക്കാട്	5,6		1

മല്ലപ്പുഴശ്ശരി പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും മൂന്ന് കുടുംബക്ഷേമ കേന്ദ്രവും പ്രവർത്തിക്കുന്നു. ഇവയിലെല്ലാം കൂടി പതിനൊന്ന് ജീവനക്കാർ ഉണ്ട്. മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളെക്കാൾ ബോധവൽക്കരണത്തിനും, പ്രതിരോധ പ്രവർത്തനത്തിനും ഊന്നൽ നല്കുന്നു. ഫീൽഡു വർക്കിൽ ഊന്നിയ ബോധവൽക്കരണം വഴി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കണം.

അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ഹോസ് പിറ്റലുകളുടെ ഒരു സമുച്ചയം ഉണ്ടാക്കുവാനുള്ള ശ്രമം ആവശ്യമാണ്. കിടക്ക സൗകര്യമുള്ള ആശുപത്രി അനിവാര്യമാണ്.

ബാലവാടികളിലും സ്കൂളുകളിലും ആരോഗ്യബോധവൽക്കരണം നടത്തുകയും ആവശ്യമായ പോഷകങ്ങൾ മരുന്നുകളായും ആഹാരമായും നല്കണം. 5,6, വാർഡുകളിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുവാനുള്ള സാദ്ധ്യതകൾ ഉണ്ട്.

കക്കൂസ്

പൊതു ജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. പരിസരശുചീകരണം സാംക്രമിക രോഗം പടർന്നു പിടിക്കുവാൻ സാദ്ധ്യതയുള്ള ഈ കാലയളവിൽ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. കോളനികളിലും ജലദൗർലഭ്യവുമുള്ള കുന്നിൻപ്രദേശങ്ങലിലുമാണ് പ്രശ്നം രൂക്ഷം

	തടസകാരണങ്ങൾ	പരിഹാരം
1.	സാമ്പത്തിക പരാധീനത	സർക്കാർ അർദ്ധ സർക്കാർസ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
2.	സ്ഥലപരിമിതി (കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലം)	പൊതുകക്കൂസുകൾ പൊതുവായി ഒരു സെപ്റ്റിടാങ്ക് നിർമ്മിച്ച് പരിഹാരം കാണുക
3.	ജലദൗർലഭ്യം - പാറസ്ഥലങ്ങൾ	ജലവിതരണത്തിന് പ്രസ്തുത സ്ഥലത്ത് കൂടുതൽ കൊടുത്ത് പദ്ധതി നടപ്പിലാക്കുക
4.	ആവശ്യകത വേണ്ടത്ര പ്രവർത്തനം വിപുലമാക്കുക.	ആരോഗ്യ ബോധവൽക്കരണ യൂണിറ്റിന്റെ ബോദ്ധ്യപ്പെടാത്തതിനാൽ

പരിസര ശുചിത്വം

പരിസര മലിനീകരണം ഗുരുതരമല്ല ചെറിയതോതിൽ ഇല്ലെന്നില്ല. ചപ്പുചവറുകളും, മലിനജലവും കെട്ടിക്കിടക്കുന്നതുമൂലം കൊതുകുശല്യം വ്യാപകമായി ഉണ്ടാകുന്നുണ്ട്. സാമൂഹ്യപരമായ ശുചിത്വത്തിന്റെ അഭാവം പല രംഗങ്ങളിലും ദൃശ്യമാണ്. കൃഷി ഭൂമിയിൽനിന്നും, വീടുകളിൽ നിന്നുമുള്ള ചപ്പുചവറുകൾ റോഡുകളിലും പൊതുസ്ഥലങ്ങളിലും, പ്രത്യേകിച്ച് റോഡുകളിലും കാനകളിലും നിക്ഷേപിക്കുന്നതായി കാണുന്നുണ്ട് മതിലുകളും കയ്യാലകളും തീർക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കാനകളും തീർക്കുവാൻ വ്യക്തികളെ ബോധവൽക്കരിക്കണം. ടാറുചെയ്ത റോഡുകളിൽ പോലും മലിനജലം കെട്ടിനിൽക്കുന്നു.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിലെ ദുർബല കണ്ണികളായ അശരണരായ വൃദ്ധജനങ്ങൾ ഈ പഞ്ചായത്തിൽ കൂടിവരുന്നുണ്ട്. ഈ വിഭാഗത്തെ അവഗണിക്കുന്നത് വൃദ്ധഗാപത്തിനു വഴിതെളിക്കും. അതിൽ നിന്നും മോചനം നേടുന്നതിനായി വൃദ്ധസദനങ്ങളും അവർക്കുള്ള പരിചരണ കേന്ദ്രങ്ങളും കൂടിയേതീരൂ. പഞ്ചായത്തടിസ്ഥാനത്തിൽ സൗകര്യമായ സ്ഥലത്ത് വയോജനപരിപാലന കേന്ദ്രം ആരംഭിക്കണം.

പൊതുശ്മശാനം

പഞ്ചായത്തിൽ പൊതുശ്മശാനം ഇല്ല. 3 കോളനികൾ ഉള്ള 3-ാം വാർഡിൽ അതിനനുയോജ്യമായ സ്ഥലം കണ്ടെത്തി പൊതുശ്മശാനം നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

യോഗാസന കേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ നന്മയ്ക്കായി യോഗാഭ്യസകേന്ദ്രം ഉപകരിക്കും. അതിനായി പരിശീലനകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ വേണ്ട ബോധവൽക്കരണവും ജനസമ്പർക്ക പരിപാടിയായി ക്ലബുകളേയും സന്നദ്ധസംഘടനകളേയും പങ്കെടുപ്പിച്ച് കൂട്ടയോട്ടം പോലുള്ള പരിപാടികൾ സംഘടിപ്പിക്കണം.

പൊതുനിർദ്ദേശം

പൊതുവേ കുന്നിൻ പ്രദേശങ്ങളിൽ റബ്ബർ കൃഷി ചെയ്യുന്നതുമൂലം മഴവെള്ളം മുഴുവൻ ഒഴുകിപ്പോകുന്നു. ചരിവു പ്രദേശങ്ങളിൽ നിർക്കുഴികൾ എടുത്ത് മഴവെള്ളം തടഞ്ഞാൽ കിണറുകളിലെ വെള്ളനില ഒരു പരിധിവരെ ഉയർത്താൻ കഴിയും അന്യനാടുകളിൽ നിന്നും ഗ്രാമത്തിൽ വന്നു തൊഴിൽ ചെയ്യുന്നവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിച്ച് മലിനീകരണം ഒഴിവാക്കുക.

പ്രകൃതി ചികിത്സാകേന്ദ്രം

പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കണം. അലോപ്പതി ഔഷധങ്ങളുടെ വില വർദ്ധിച്ചു വരുന്നതുകൊണ്ട് സാധാരണക്കാർക്ക് ഇത്തരം ചികിത്സാ അപ്രാപ്യവുമാണ് പൊതുവേ ചിലവുകുറഞ്ഞ ആയുർവേദ ഹോമിയോ ചികിത്സാരീതിയുള്ള ആശുപത്രികൾ പഞ്ചായത്തിൽ വരേണ്ടിയിരിക്കുന്നു. ഇതിനായി ഗ്രാമീണ ആയുർവേദ ക്ലീനിക്കും ഹോമിയോ ക്ലീനിക്കും തുടങ്ങുന്നതിനായി സന്നദ്ധതയുള്ളവരെ പ്രോത്സാഹിപ്പിക്കണം.

"ഒരേ മനസ്സും ലക്ഷ്യവുമായ് നാം ഒന്നായ് നീങ്ങിടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട് നമ്മൾ തേടണം
ഞാനും നീയും തന്നാൽ കഴിവതു നല്കേണം "

—ഗാന്ധിജി

5.6 ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

ഗ്രാമീണ റോഡുകൾ ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന ഘടകമാണ്. ഗ്രാമ റോഡുകൾ തന്നെ ടാർ ചെയ്ത റോഡുകൾ, മെറ്റൽ റോഡുകൾ, ചരൽ റോഡുകൾ, മൺ റോഡുകൾ എന്നീ വിഭാഗത്തിൽ പ്പെടുന്നു. ഗ്രാമീണ റോഡുകളുടെ നിർമ്മാണവും സംരക്ഷണവും വികസനത്തിന്റെ അനിവാര്യ ഘടകമാണ്. ഗ്രാമീണ റോഡുകൾ ഗ്രാമജനതയുടെ യാത്ര സൗകര്യങ്ങൾക്ക് മാത്രമായല്ല നിർമ്മിക്കപ്പെടുന്നത്. കൃഷി, വ്യവസായം, വിപണനം എന്നീ മേഖലകളിൽ ഗ്രാമീണ റോഡുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ശുദ്ധജല വിതരണം, വൈദ്യുതി വിതരണം, ടെലിഫോൺ, എന്നിവയും ഗ്രാമീണ റോഡുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതൊക്കെക്കൊണ്ട് വ്യക്തമാക്കുന്നത് ഗ്രാമീണ റോഡുകൾ കൂടാതെ ഒരുവിധത്തിലുള്ള ഗ്രാമ വികസനവും സാദ്ധ്യമല്ല. പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് കൂടുതൽ റോഡുകൾ ടാർചെയ്യുന്നതിനും, മെറ്റൽ ചെയ്ത് കോൺക്രീറ്റ് ചെയ്യുന്നതിനും ശ്രമിക്കുന്നത് ഏറെ ഗുണകരം ആയിരിക്കും. മൺറോഡുകൾ ഏറെയും നാട്ടുകാരുടെ സഹകരണത്തോടുകൂടി ശ്രമദാനമായും മറ്റും വാർഷിക അറ്റകുറ്റപണികൾ നടത്തുവാൻ ശ്രമിക്കുന്നതും നന്നായിരിക്കും. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് നമ്മുടെ പഞ്ചായത്ത് റോഡ് നിർമ്മാണത്തിനും, സംരക്ഷണത്തിനും വമ്പിച്ച പ്രാധാന്യം നൽകിവരുന്നത്. അതുകൊണ്ട്തന്നെയാണ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ സിംഹ ഭാഗവും ഇതിലേക്കായി ചിലവാക്കുന്നത്. പഞ്ചായത്തിലെ റോഡുകളുടെ വളർച്ച ജനതയുടെ പട്ടണപ്രദേശങ്ങളിലേക്കുള്ള കുടിയേറ്റത്തിന് തെല്ലൊരു ശമനം വരുത്തി അവരെ തദ്ദേശങ്ങളിൽ തന്നെ നിലനിർത്തുന്നതിന് സഹായിക്കും.

ഈ പഞ്ചായത്തിൽ വാഹന ഗാതാഗതയോഗ്യമായ ആകെ റോഡ് 18കി.മി ആണുള്ളത്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 18 കി.മി. ആണ് ഉള്ളത്. ബസ് ടെർമിനലുകളോ ഓട്ടോ സ്റ്റാന്റോ ഇവിടെയില്ല. കോഴഞ്ചേരി തുമ്പമൺ പന്തളം റോഡിൽ നാമമാത്രമായി സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുകളും പ്രൈവറ്റു ബസുകളും സർവ്വീസ് നടത്തുന്നു. കുമ്പഴ തിരുവല്ല റോഡിൽ ആറാം വാർഡിൽപ്പെട്ട നെല്ലിക്കാല തുണ്ടഴം ഭാഗത്തുകൂടി പ്രൈവറ്റ് ബസുകളും സ്റ്റേറ്റ് ട്രാൻസ്പോർട്ട്ബസ്സുകളും സർവീസ് നടത്തുന്നു. ശേഷം റോഡുകളിലായി ജീപ്പ്, കാർ, ആട്ടോ എന്നിവ സർവ്വീസ് നടത്തുന്നു.

1952-ൽ പഞ്ചായത്ത് നിലവിൽവരുമ്പോൾ വളരെ പ്രധാനപ്പെട്ട റോഡുകൾ ഒന്നും ഈ പ്രദേശത്ത് കൂടി കടന്നു പോയിരുന്നില്ല. എന്നാൽ പഞ്ചായത്തിന്റെ അതിരുകളിൽക്കൂടി കടന്നു പോയിരുന്ന മാവേലിക്കര - കോഴഞ്ചേരി റോഡ്, കുമ്പഴ - തിരുവല്ല റോഡ്, പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന തുമ്പമൺ തെക്കേമല റോഡും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്നുള്ള പഞ്ചായത്തു റോഡുകളിൽ ഭൂരിഭാഗവും നടപ്പാതകളും, തോടുകളുമായിരുന്നു. ജനങ്ങളുടെ ആവശ്യാനുസരണം ഈ തോടുകളും നടപ്പാതകളും കാലക്രമേണ പഞ്ചായത്തു റോഡുകളായി പരിവർത്തനം ചെയ്യുകയായിരുന്നു. 1960 - നുശേഷം P.W.D റോഡുകൾ കൂടി പഞ്ചായത്തിൽ കൂടി കടന്നു പോകുന്നുണ്ട്

പഞ്ചായത്തിലെ ടാർ റോഡുകൾ

	റോഡ്	ഉടമസ്ഥത	ദൂരം	വീതി മി.	ബസ് മറ്റ് യാത്രാ സൗകര്യം
1.	കോഴഞ്ചേരി - തുമ്പമൺ - പന്തളം പന്നിവേലിച്ചിറ മുതൽ കുഴിക്കാലപ്പടിയിൽപടി	PWD	6.KM	4.5 M	ഉണ്ട്
2.	മാവേലിക്കര - കോഴഞ്ചേരി ആറന്മുള ക്ഷേത്ര ജംഗ്ഷൻ മുതൽ കുന്നത്തുകരവരെ	PWD	1.5 KM	8 M	ഉണ്ട്
3.	തിരുവല്ല - കുമ്പഴ തിരുവല്ല മുതൽ നെല്ലിക്കാല വരെ	PWD	1 KM	8 M	ഉണ്ട്
4.	നെല്ലിക്കാല - കടമ്മനിട്ട റോഡിൽ നെല്ലിക്കാലാ മുതൽ-അയ്ക്കുഴവരെ	PWD	0.5 KM	7 M	ഇല്ല
5.	ആറന്മുള പരിയാരം റോഡ് പരമൂട്ടുംപടി മുതൽ - പുന്നയ്ക്കാട് ചക്കിട്ടപ്പടി വരെ	PWD	3 KM	4 M	ഇല്ല
6.	കാഞ്ഞിരവേലി - കുഴിക്കാല	PWD	3 KM	8 M	ഇല്ല
7.	കുഴിക്കാല ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കുളത്തിങ്കൽപ്പടി	PWD	1 KM	7.5 M	ഉണ്ട്
8.	കുഴിക്കാല മുരുപ്പേൽപ്പടി - കൊട്ടാരത്തിൽപ്പടി	PIP	1 KM	7.5 M	ഇല്ല
9.	കുഴിക്കാല മാർത്തോമ്മാപ്പള്ളി-മുല്ലശ്ശേരിച്ചിറ	R.LE.G.P	1 KM	8 M	ഇല്ല
10.	കുഴിക്കാല നെല്ലിക്കാട്ടിൽ പടി - കുന്നേൽ പ്രാർത്ഥനാലയം	FLOOD Fund	116 M	3 M	ഇല്ല
11.	ഊപ്പല്ലൂർപടി - ചരിവിൽപ്പടി	FLOOD Fund	300 M	3 M	ഇല്ല
12.	വഞ്ചിപ്പടി - കോഴിമല	JRY	400 M	8 M	ഇല്ല
13.	കുഴിക്കാല ചന്ത - തെക്കേ പറമ്പിൽപടി	FLOOD Fund	200 M	3 M	ഇല്ല
14.	തുണ്ടഴം മുതൽ - കുഷിഭവൻ വരെ	FLOOD	500 M	3 M	ഇല്ല
15.	ഉത്തിനിൽക്കുന്നതിൽ - ഇടപ്പാര കോളനി റോഡ്	FLOOD Fund	200 M	8 M	ഇല്ല

റോഡ് നിർമ്മാണം

ടാർ റോഡുകളുടെ പ്രശനങ്ങൾ

നിലവിലുള്ള റോഡുകളിലെ ടാറിംഗ് ഗുണനിലവാരമില്ലാത്താണ്. യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തേണ്ടതാണ് കൊടും വളവുകളും, വീതിക്കുറവ്, നടപ്പാത ഇല്ലായ്മ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

പുതിയ റോഡുകൾ

ഈ പഞ്ചായത്തിലെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നിദ്ദേശങ്ങൾ എല്ലാ വർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

മെറ്റൽ റോഡുകളുടേയും മൺ റോഡുകളുടേയും ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും മൺ റോഡുകളുടേയും, മെറ്റൽ റോഡുകളുടേയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതായിരുന്നു. പൊട്ടിപ്പൊളിഞ്ഞ ഭാഗവും കുണ്ടും കുഴിയുമായി കിടക്കുന്ന റോഡുകളും അടിയന്തിരമായി അറ്റകുറ്റപണികൾ ചെയ്യണം. ഓട ഇല്ലാത്തതുകാരണം വെള്ളം റോഡിൽ കെട്ടികിടക്കുന്നതുകൊണ്ട് ടാർറോഡുകൾ പെട്ടെന്നു നശിക്കുന്നു. ആയതുകൊണ്ട് പ്രാധാന റോഡുകൾക്കെല്ലാം ഓട നിർമ്മിക്കണം.

പുതിയ മൺ റോഡുകൾ

പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നിലവിലുള്ള ഇടവഴികളിൽ പലതും മൺറോഡാക്കിമാറ്റിയാൽ പല പ്രദേശങ്ങളിലും യാത്രാസൗകര്യം കൂടാൻ സാദ്ധ്യതയുണ്ട്. ഇവ അനുബന്ധം B-യിൽ പട്ടികയിൽ പെടുത്തിയിരിക്കുന്നു.

റോഡ് ഗതാഗതം

1. ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും റോഡുകൾ നല്ല നിലവാരം പുലർത്തുന്നതിനുമായി ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാധ്യതകൾ ഊരിത്തിരിയുന്നു.

2. റോഡുകളിലുള്ള അപകടത്തിനു പ്രധാനകാരണം വളവുകൾ ഉള്ളതുകൊണ്ട്. തെക്കേമല -തുമ്പമൺ റോഡിൽ പന്നിവേലിച്ചിറയ്ക്കു സമീപമുള്ളവളവും, കുഴിക്കാല, പുന്നമൂട് PIP കനാലിനു സമീപമുള്ള വളവും വളരെ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. പന്നിവേലിച്ചിറയിൽ ഇരുവശങ്ങളിലേയും വണ്ടികൾ കാണത്തക്കരീതിയിൽ റോഡ് വശങ്ങളിൽ കണ്ണാടികൾ വയ്ക്കുന്നത് നല്ലതാണ് പന്നിവേലിച്ചിറ തൊമ്മിൻ പാമ്പിൽ പടിഭാഗം റോഡിനു 8 മീറ്റർ ഉറപ്പാക്കിയാൽ അപകടങ്ങൾ കുറയ്ക്കുവാൻ സാധിക്കും.

3. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക. റോഡുകളി ഇരുവശങ്ങളിലുമായി നാലടിവീതിയുള്ള നടപ്പാതകൾ നിർമ്മിക്കുക. റോഡ് പുറമ്പോക്ക് ഭൂമികൾ നല്ലൊരുപങ്കും വ്യാപാരികളും ചെറുകച്ചവടക്കാരും കയ്യേറിക്കൊണ്ടിരിക്കുകയാണ്. ഇത് ഒഴിപ്പിച്ചെടുക്കുക. യാത്രാതടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ ടെലഫോൺ പോസ്റ്റുകൾ എന്നിവ റോഡിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കണം.

4. പുതിയറോഡ്. ഈപഞ്ചായത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്ന റോഡുകളാണ് നടുവത്തുപടി പുന്നയ്ക്കാട് റോഡും തുണ്ടഴം സി.എസ്.ഐ. റോഡും ഈ റോഡുകൾ ടാർ ചെയ്ത് ബസ് സർവ്വീസ് ആരംഭിച്ചാൽ ഈ പഞ്ചായത്തിലുള്ള വർക്ക് പത്തനംതിട്ടയിൽ പോകുവാൻ 3 Km. ലാഭിക്കുവാൻകഴിയും.

5. കോഴഞ്ചേരി - ഇലവുംതിട്ട - പന്തളവും പത്തനംതിട്ട - ഇലന്തൂർ - കുഴിക്കാല, ചെങ്ങന്നൂർ എന്നീ റൂട്ടുകളിൽ പുതിയ സർവീസ് തുടങ്ങിയാൽ ഈ പഞ്ചായത്തിലെ യാത്രാക്ലേശം പരിഹരിക്കുവാൻ സാധിക്കും. നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കണം. കോളജ് സ്കൂൾ സമയങ്ങളിൽ കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കണം.

6. കുഴിക്കാല ചിറയിൽപ്പടിയിൽ ഒരു കലുങ്ക് ആവശ്യമാണ് കാരംവേലി S.N.D.P ഹൈസ്കൂളിനു സമീപം PWD റോഡിൽ കലുങ്ക് നിർമ്മിക്കണം.

7. പഞ്ചായത്തിന്റെ എട്ടു വാർഡുകളിലുമുള്ള പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

8. മുമ്പുണ്ടായിരുന്ന ആറന്മുള - മലയാലപ്പുഴ കെ.എസ്. ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുക.

9. കർത്തവ്യം O.L.H കോളനിയുടെ അടുത്തുള്ള കലുങ്ക് അറ്റകുറ്റപണികൾ നടത്തുക .

10. പരമുട്ടിൽപടി മുതൽ കാഞ്ഞിരവേലി വരെയുള്ള ആറന്മുള പരിയാരം റോഡിന്റെ ആദ്യഭാഗം ഓടനിർമ്മിക്കുക.

അനുബന്ധം - A

I

നിലവിലുള്ള റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം M	വീതി M	മെറ്റൽ ചെയ്യേണ്ടത്	മെറ്റൽചെയ്ത് കോൺക്രീറ്റ്	ടാർ ചെയ്യേണ്ടത്	ഓട	കലുങ്ക്	സംരക്ഷണ ഭിത്തി	ഗ്രമദാനം	കനികൽ പാകൽ	
1.	ചാങ്ങേത്തുപടി-വെട്ടത്തുപടി റോഡ്	400.00	5.50	✓			✓					
2.	ഗണപതി അമ്പലപ്പടി - തലശ്ശേരിൽപ്പടി	510.00	5.40		✓	✓	✓	✓				
3.	പാലശ്ശേരിൽ പടി - മാവേലിൽ പടി റോഡ്	490.00	4.00		✓	✓	✓	✓				
4.	താമരശ്ശേരിൽപ്പടി - M.T.L.P. സ്കൂൾപടി	340.00	3.45		✓		✓					
5.	കിഴക്കേനട - പോലീസ് സ്റ്റേഷൻ പടി	100.00	5.50		✓		✓					
6.	വാഴുവേലിൽ പടി - ടെമ്പിൾ റോഡ്	130.00	3.50		✓		✓					
7.	മാന്താനത്ത് കടവ് കിഴക്കേനട റോഡ്	110.00	5.25	✓			✓					
8.	കിഴക്കേനട - വാരിയത്ത് പടി	110.00	5.50		✓							
9.	കുറ്റങ്ങാലിൽ പടി - പോർക്കോലിൽപടി	160.00	3.50		✓							
10.	പുലിത്തിട്ട പടി - പള്ളിയതിൽപടി	160.00	4.00								✓	
11.	മരുതൂർപടി - മരുതൂർ കടവ് റോഡ്	100.00	5.00		✓							
12.	മരുതൂർ - കൈപ്പുഴക്ഷേത്രം	100.00	3.00			✓						
13.	കീഴൂർ പടി - കാവിടപടി റോഡ്	100.00	3.75			✓						
14.	മങ്ങാട്ടുപടി - പുവേലി കടവ് റോഡ്	80.00	3.00	✓								
15.	കൊച്ചുകോയിക്കൽ പടി-കോയ്ക്കൽ കടവ്	120.00	3.00			✓						
16.	കാവിടപടി - മുതുകാടത്തുപടി	220.00	2.50								✓	
17.	പഞ്ചവടി പടി - ഹൈസ്കൂൾ റോഡ്	90.00	2.60		✓							
18.	പെരുമ്പത്തിൽപ്പടി -തേനാലിൽ കടവ്	60.00	3.00								✓	
19.	തോട്ടത്തിൽപടി - ചെമ്പോത്ത് കടവ്	60.00	3.00								✓	
20.	വേള്ളാറേത്തുപടി - വടശ്ശേരി തുണ്ടിൽ കടവ്	110.00	2.75								✓	
21.	പട്ടേരിൽ പടി - മാടമ്പിൽ പടി	110.00	3.75								✓	

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം കി. മീ	വീതി മി	മെറ്റൽ ചെയ്യേണ്ടത്	മെറ്റൽചെയ്ത് കോൺക്രീറ്റ്	ടാർ ചെയ്യേണ്ടത്	ഓട	കലുങ്ക്	സംരക്ഷണ ഭിത്തി	ശ്രമദാനം	കരിങ്കൽ പാകൽ	ചപ്പാത്ത്	
22.	തറയിൽ മുക്ക് - പുഞ്ചപ്പാടം റോഡ്	1.200	4.00		✓		✓	✓		✓			
23.	അമ്പാട്ടെപടി - തെക്കേതിൽപ്പടി	300.0	4.00		✓				✓	✓			
24.	പുത്തൻതറയിൽപ്പടി-പുഞ്ചപ്പാടംറോഡ്	1.200	4.00		✓		✓	✓		✓			
25.	പിള്ളേടേങ്ങ് പടി-മാപ്ലിളേത്ത് പുരയിടം	-250.0	5.00		✓		✓	✓	✓				
26.	ചാരുമൂട്ടിൽപടി - പിള്ളേടങ്ങുപടി	350	5.00		✓		✓	✓					
27.	പരമൂട്ടിൽ പടി - M.T.LP സ്കൂൾ വെട്ടത്തുപടി കാരകാരപ്പടി	800.0	5.00		✓		✓	✓					
28.	പേരപ്പൂർവടക്കേൽപടി-പാതാംമണ്ണിൽപടി	1000.0	5.50		✓		✓			✓	✓		
29.	M T L P സ്കൂൾ -വെട്ടോക്കോട് പടി	900.0	4.00		✓		✓	✓		✓			
30.	കണ്ണങ്ങാട്ടുപടി - തേവള്ളിപ്പടി	700.0	4.00		✓		✓	✓					
31.	പേങ്കരപ്പൂർ വടക്കേൽ പടി-പുഞ്ചപ്പാടം	250.0	4.00				✓			✓			
32.	കൊച്ചുതുണ്ടിപ്പടി-മാതിരംപള്ളിപടി	650.0	3.50		✓		✓			✓			
33.	പടിഞ്ഞാറ്റേതിൽപ്പടി - ശാസ്താവേത്ത്	1100.0	4.00		✓		✓	✓					
34.	വായനശാല പടി -പറയന്റയ്യത്തുപടി	300.0	3.00		✓		✓	✓	✓				
35.	കക്കുഴിപ്പടി - കക്കഴികുളം റോഡ്	500.0	3.0		✓		✓	✓		✓			
36.	വായനശാല -പുന്നാകുഴി	250.0	3.00		✓		✓		✓				
	മാങ്കുഴിക്കൽ മുതൽ -	500.0	4.00				✓			✓			
	കരിന്താജർ ഭാഗത്തേക്ക് കൊച്ചുതുണ്ടിൽപ്പടി-മാതിരം പള്ളിപ്പടി	650.0	3.5		✓			✓			✓		
37.	വാഴയിൽപടി -പന്നിവേലിച്ചിറകനാൽ റോഡ്	1.50		✓	✓		✓	✓		✓			
38.	വഞ്ചിപ്പടി-അയ്യനാകുളം ഹൗസ് സൈറ്റ് കോളനി	750.00	3.25			✓							
39.	പന്നിവേലിച്ചിറ-തോപ്പിൽപ്പടി-വാഴയിൽപടി റോഡ്	1.KM	4.50		✓							✓	
40.	തേവള്ളിൽ ലക്ഷംവീട് കോളനി റോഡ്	180.0	3.75		✓								
41.	കുളത്തിങ്കൽ പടി - മണവേലികുറ്റി ലക്ഷം വീട് കോളനി	400.0	3.00		✓								

III

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം മീ.	വീതി	മെറ്റൽ ചെയ്യേണ്ടത്	മെറ്റൽചെയ്ത് കോൺക്രീറ്റ്	ടാർ ചെയ്യേണ്ടത്	ഓട	കലുങ്ക്	സംരക്ഷണ ഭിത്തി	ശ്രമദാനം	കരിങ്കൽ പാകൽ	ചപ്പാത്ത്
42.	വാഴുവിലേത്തുപടി- താഴേത്തുപടി	370.00	3.65		✓		✓	✓				
43.	കുറ്റിക്കണ്ടം നടവരമ്പ് റോഡ്	160.00	4.00		✓							
44.	നിരന്നകാവുപടിമുതൽ താഴെ കന്നാല് വരെ റോഡ്	150.00	2.00			•						
45.	കുഴുമ്പടി-ആനാംപടി-കുര്യൻചിറ പന്നിവേലിച്ചിറ	700.00	4.00		✓							
46.	a) മണ്ണാൻ കോട്ടേജ് പടി-പുഞ്ചപ്പാടംറോഡ് b) കൈതവന പടി-കല്ലുവെട്ടാംകുഴി			✓	✓							
47.	a) കിഴക്കോടത്തിൽ പടി - ഫിഷറീസ് ഓഫീസ് റോഡ്	1.00	3.5									
	b) മുണ്ടൻ കുളംവഞ്ചിപ്പിടിറോഡ്	900.00	8.00	✓	✓							
48.	കർത്തവ്യം മൈലുവള്ളി പടി - തോപ്പിൽപ്പടി റോഡ്	1.20	3.5	✓	✓							✓
49.	വായനശാലപടി-കല്ലുപടി റോഡ്	515.00	3.25		✓			✓				
50.	ചാരമുട്ടിൽ പടി-കുന്നാഞ്ചേരിപടി മണ്ണിൽ പടി	500.00	3.50		✓							
51.	വെയിറ്റിംഗ് ഷെഡ് C.S.I പള്ളി പന്നിവേലിച്ചിറ റോഡ്	1.50KM	5.60	✓	✓	✓		✓		✓		
52.	കൊച്ചേത്തുക്കാവുപടി-ഔട്ട്പുർപടി	420.00	5.15		✓							
53.	ചാരുവിൽപടി - വടക്കാവുപടി	340.00	3.60		✓							
54.	മിനികുളം ഫിഷറി ആഫീസ് - കൊച്ചേത്തുകാവുപടി	300.00	5.75		✓							
55.	തൊമ്മിപ്പറമ്പിൽ - പന്നിവേലിച്ചിറ വടക്കേടത്തുപടി	270.00	3.5		✓			✓				
56.	കുറുപ്പംഭാഗം ... കാഞ്ഞിരം നിൽക്കുന്നതിൽ റോഡ്	350.00	3.5		✓							
57.	താഴേക്കൂട്ട്-കാഞ്ഞിരം നിൽക്കുന്നതിൽപടി ഓത്തേകാട്	170.00	3.5									
58.	C S I ശ്മശാനംറോഡ്-കിഴക്കേ വീട്ടിൽ പടഹുത്തുപ്പറമ്പിൽ പടി	500.00	2.5									
59.	മാർത്തോമ്മാപാഴ്സനേജ്-മണ്ണിൽപടി	250.00	3.5									
60	O.L.H കോളനി ഇളയശ്ശേരിപടി	300.00	2.5	✓								
61.	ചാരുപറമ്പിൽ പടി-തോപ്പിൽ പടി പന്നിവേലിച്ചിറ	400.00	3.5		✓							
62.	തോപ്പിൽപ്പടി പന്നിവേലിച്ചിറ	400.00	2.00		✓							

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം കി.മീ	വീതി	മെറ്റൽ ചെയ്യേണ്ടത്	മെറ്റൽചെയ്ത് കോൺക്രീറ്റ്	ടാർ ചെയ്യേണ്ടത്	ഓട	കലുങ്ക്	സംരക്ഷണ ഭിത്തി	ശ്രമദാനം	കരിങ്കൽ പാകൽ	ചപ്പാത്ത്
63.	മാർത്തോമ്മാ പള്ളിപ്പടി	200 m	2.00		✓							
64.	മുട്ടിത്തോട്ടത്തിപ്പടി പുത്തേത്ത് പടി റോഡ്	175.0	2.25		✓							
65.	മീൻകുളം കർത്തേത്തുകണ്ടംബണ്ട് റോഡ്	300.0	3.25		✓			✓	✓			
66.	തയ്യിൽ പടി ആഞ്ഞിലിമൂട്ടിപ്പടി	460	6.25									
67.	നടുവത്തു പടി പുന്നക്കാട്	2.5k.m	8m	✓	✓		✓	✓	✓			
68.	ചക്കിട്ടേ മുക്ക് കോളങ്ങാട്ടുപടി	5.0	4.00									
69.	നെടുമ്പ്രേത്തു പടി ചിറക്കരപ്പടി പാണഞ്ചാലിൽ റോഡ്	460	4.00									
70.	പള്ളിപ്പടി വടക്കേതുണ്ടിയിൽപ്പടി ആലുമൂട്ടിപ്പടി വടത്തിൽപ്പടി കാരിത്രയിൽ ചാരംപറമ്പിൽ പടി	670	2.75									
71.	പുലയന്റേത്തുപടി C.S.I. ചർച്ച് റോഡ്	600	4.9									
72.	C.S.I. U.P.സ്കൂൾ തുണ്ടഴം	1.2	7.00	✓	✓		✓					
73.	തറശ്ശേരിൽപ്പടി മേലേപ്പറമ്പിൽപ്പടി	770	5.3									
74.	കിഴക്കേമലയിൽപ്പടി വാട്ടർ ടാങ്ക് റോഡ്	210	4.35									
75.	തെക്കേതുണ്ടിയിൽ കോട്ടുച്ചിറ റോഡ്	400	3m									
76.	പൊയ്കയിൽപ്പടി ആലുനിൽക്കുന്നതിൽപ്പടി	270	3.5									
77.	കൊച്ചേത്തുപടി ആലുനിൽക്കുന്നതിൽപ്പടി	350	5.00									
78.	തൈപ്പറമ്പിൽപ്പടി പടിഞ്ഞാറെവഴി കാരംവേലിപ്പാടം റോഡ്	150	1.00									
79.	നെല്ലിക്കാലാ പഴയപോസ്റ്റോഫീസ്ബാലവാടി	750	4m		✓	✓		✓				
80.	കാരംവേലി കുറവൻ പാറ	540	4.9		✓			✓				
81.	S.N.D.P. H.S. ഴങ്ങോലിക്കൽ റോഡ്	540	4.9		✓			✓				
82.	പനച്ചക്കൽ റോഡ് കാവുംപടി ചരിവു പുരയിടം റോഡ്	530	4		✓			✓				
83.	തുണ്ടഴം വേങ്ങോലിപ്പടി	910	5.2	✓			✓					
84.	താഴയിൽപ്പടി ചൂരത്തലക്കൽ	360	5.75		✓							
85.	താഴയിൽപ്പടി ലക്ഷം വീട്	660.0	5.25		✓				✓			
86.	താഴയിൽപ്പടി മാർത്തോമ്മാ പുതിയപള്ളി	360.0	5.75		✓				✓			
87.	ചൂറപറമ്പിൽ തോപ്പൽപടി	260.0	4.00		✓			✓				
88.	വേങ്ങോലിപ്പടി അയ്ക്കുഴ ജംഗഷൻ	500.0	5.00		✓			✓				
89.	ചുട്ടിപ്പാറപ്പടി വലിയ പാറ	200.0	4.00		✓			✓	✓			
90.	പടിഞ്ഞാറേ പടി തുണ്ടുപാറ	250.0	4.00		✓			✓				

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം കി.മീ	വീതി	മെറ്റൽ ചെയ്യേണ്ടത്	മെറ്റൽചെയ്ത് കോൺക്രീറ്റ്	ടാർ ചെയ്യേണ്ടത്	ഓട	കലുങ്ക്	സംരക്ഷണ ഭിത്തി	ശ്രമദാനം	കരിങ്കൽ പാകൽ	ചപ്പാത്ത്
91.	പോസ്റ്റോഫീസ് പടി പുറത്തൂട്ട്	200.0	4.00		✓			✓				
92.	തുണ്ടഴം C.S.I. പള്ളി റോഡ്	1.20	7.00	✓	✓	✓		✓				
93.	കാലാപുറത്തുപടി വലിയപാറ	100.0	3.00							✓		
94.	വട്ടമോടിയിൽ പടി മുട്ടത്തുമൺ ഏലാ	200	3.1		✓				✓	✓		
95.	പട്ടൻപറമ്പിൽപടി കണ്ണൻപറമ്പിൽ പടി	400	3.5	✓	✓	✓			✓		✓	
96.	കല്ലുംപുറത്തുപടി വേലൻവടക്കേൽ കോളനി മുരുപ്പേൽ പടി	300	3.50		✓				✓		✓	
97.	കല്ലുംപുറത്ത് പടി വേലൻവടക്കേൽ കോളനി	150	3.50			✓					✓	
98.	പടിഞ്ഞാറേതിൽപടി തെക്കേവീട്ടിൽ പടി	150	1m									
99.	കുഴിക്കാലാ മാർക്കറ്റ് മുട്ടത്തിൽപടി പതിനെട്ടുപറ ഏല	300	3.10		✓	✓		✓			✓	
100.	കഴിക്കാലാ മാർക്കറ്റ് കല്ലിതെക്കേതിൽപടി	200	2.50			✓						
101.	ചുരുവിൽപടി മാനാറാം കുന്നേൽ	200	3		✓	✓					✓	
102.	പുതുച്ചിറപടി മാനാറാം കുന്നേൽ	200	3		✓	✓					✓	
103.	മുക്കൂട്ടിൽ ഓയിൽ മിൽ ഇരപ്പൻപാറ	150	3.10		✓			✓			✓	
104.	കുഴിക്കാല വയൽ ഹൗസ് സൈറ്റ് കോളനി റോഡ്	150	3.10			✓						
105.	a) പുതുച്ചിറ പടി ഇടമല റോഡ്	400.0	4.10			✓		✓				
	b) പുന്നമൂട്ടിൽ പടി PIP ഫില്ലിംഗ്	400	5			✓						
106.	കുഴിക്കാല ചന്ത വട്ടമുരുപ്പേൽ പടി പള്ളത്തു പടി മുട്ടത്തുമൺറോഡ്	1.80	3.5		✓		✓	✓	✓			
107.	മുക്കൂട്ടിൽ ഓയിൽ മിൽ പടി ഓലക്കാലായിൽ പടി	510.0	7.00			✓	✓	✓				
108.	മാർത്തോമ്മാ പള്ളി കിഴക്കേമുറി മാവുനിൽക്കുന്നതിൽ മുല്ലശ്ശേരിച്ചിറ	1.50	5.00		✓		✓	✓				
109.	ചിറയിൽ പടി മുക്കൂട്ടിൽ പടി വാഴയിൽ പടി കനാൽ പാലം	1.250	4.25		✓		✓	✓				

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം കി.മീ	വീതി	മെറ്റൽ ചെയ്യേണ്ടത്	മെറ്റൽചെയ്ത് കോൺക്രീറ്റ്	ടാർ ചെയ്യേണ്ടത്	ഓട	കലുങ്ക്	സംരക്ഷണ ഭിത്തി	ശ്രമദാനം	കരിങ്കൽ പാകൽ	ചപ്പാത്ത്
110.	വടക്കേമുരി പടി എബനേസർ പടി	240.0	3.00		✓							
111.	C.M.S. H.S. മുക്കൂട്ടിൽ പടി	250.0	4.50		✓		✓	✓				
112.	കുഴിക്കാലാ വയൽ പള്ളത്തുപടി	400.0	3.2		✓		✓	✓	✓			
113.	മുക്കൂട്ടിൽ പടി വട്ടമോടിയിൽ പടി	200.0	3.00		✓				✓			
114.	ചിറമണ്ണിൽ പടി ചിറക്കരോട്ട്	200.0	3.5		✓							
115.	വട്ടമുരുപ്പേൽ പടിഞ്ഞാറ്റേൽ കോളനി കുഴിക്കലാ വയൽ	250.0	3.5		✓							
116.	മുരുപ്പേൽ പടി കുഴിക്കലാ വയൽ	470.0	3.15		✓			✓				
117.	വല്യപറമ്പിൽ മുരുപ്പേൽ	210.0	2.35		✓							
118.	കുരീക്കാട്ടിൽ പടി കുന്നേൽ പടി	210.0	3.5		✓	✓						
119.	പുന്നമൂട് പെരുവേലിമോടി പരുവക്കൂട്ടത്തിൽ	350.0	3.0		✓				✓			
120.	വടക്കേമുറി കാക്കാൻതുണ്ടിയിൽ പടി	300.0	2.8		✓				✓			

ഊർജ്ജം

ഏകദേശം നാല്പതു് വർഷം മുൻമ്പ് മുതലെ ഈ പഞ്ചായത്തിന്റെ ഏതാനും ചില ഭാഗങ്ങളിൽ വൈദ്യുതി ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്നും പഞ്ചായത്തിലെ ഒരു വാർഡിൽ പോലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തായതിനാൽ പ്രശ്ന പരിഹാരത്തിനായി വളരെ ഏറെ ബുദ്ധിമുട്ടേണ്ടിയിരിക്കുന്നു. ഗാർഹീക ഉപ ഭോക്താക്കളിൽ ഏറിയപങ്കാളുകൾക്കും വോൾട്ടേജ് കുറവിനെ സംബന്ധിച്ച പരാതികൾ ഉള്ളവരാണ്. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടിയിരിക്കുന്നു. വൈദ്യുതിയുടെ കാർഷിക ഉപയോഗവും, വ്യാവസായിക ഉപയോഗവും ഈ പഞ്ചായത്തിൽ നാമമാത്രമായെയുള്ളു. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് കറന്റ് ചാർജ്ജ് അടക്കുന്നതിന് 4-5 കി.മി സഞ്ചരിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലുള്ള ഏഴ് ഹരിജൻ കോളനികൾ വൈദ്യുതീകരിക്കാൻ ഇന്നും സാധിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇല്ല. ഉള്ളതുതന്നെ ക്രമമായി പ്രകാശിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ ഉണ്ടാകണം.

സോളാർ ലാമ്പുകൾ 8 വാർഡുകളിലും സ്ഥാപിക്കണം. ഗാർഹികാവശ്യത്തിന് ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കണം. അടുപ്പിൽ വിറകുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് ജനപ്രീതി കുറവാണ്. മാടുകളെ വളർത്താനുള്ള സാഹചര്യക്കുറവും ജോലിക്കാരെ കിട്ടുവാനുള്ള ബുദ്ധിമുട്ടുമാണ് കാരണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വാർഡിലും വൈദ്യുതി പ്രശ്നം രൂക്ഷമാണ്.
2 വൈദ്യുതി ഓഫീസുകളുടെ പരിധി 4 - 5 കി.മി അകലെ, കോഴഞ്ചേരിയിലും, ആറന്മുളയിലും ആയതുകൊണ്ട് ഉപഭോക്താക്കൾക്ക് വളരെ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നു. പുറമെ ജനപ്രതിനിധികൾക്കും, സാമൂഹ്യ പ്രവർത്തകർക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമങ്ങൾ അനുഭവപ്പെടാറുണ്ട്.
3 വൈദ്യുതിലൈനിന്റെ മുകളിലേക്ക് കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റാത്തത് കൊണ്ട് നിരന്തരം വൈദ്യുതിക്ക് മുടക്കം വരുന്നു. ഈ കാര്യത്തിൽ ഉദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിക്കണം.
4 പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുടെ ഉപയോഗത്തെപ്പറ്റിയുള്ള അറിവുകുറവ്.
5 പാചകവാതകത്തിന്റെ ലഭ്യത കുറവ്.
6 ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ. പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവ വിഷമങ്ങൾ കൂട്ടുന്നു.
7 എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ / OLH കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.

സാധ്യതകൾ

1 കറന്റ് ചാർജ്ജ് അടക്കുവാൻ ഈ പഞ്ചായത്തിൽ തന്നെ ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം.
2 ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുക.
3 പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ 15 ൽ അധികം കി. മീ. 3 ഫേസ് ലൈനുകളും, 10കി.മീ. സിംഗിൾ ഫേസ് ലൈനുകളും വേണ്ടി വരും.
4 എല്ലാ ഗ്രാമസഭകളിൽ നിന്നും സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി ഒരു നീണ്ട പട്ടിക തന്നെ സമർപ്പിച്ചിരുന്നു. ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അതാതു വാർഡിലെ എണ്ണം നിജപ്പെടുത്തിയിരിക്കുന്നു.
5 വൈദ്യുതി ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാകണം.
6 ഉദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും സർക്കിൾ തല കമ്മറ്റി രൂപീകരിക്കുകയും എല്ലാ

മാസവും ബോർഡിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തുകയും ചെയ്യുക.

7 പുന്നയ്ക്കാട് ഓവർസീയർ ഓഫീസിൽ ഇലക്ട്രിസിറ്റി ബിൽ അടയ്ക്കുവാൻ സംവിധാനം ഉണ്ടാക്കുക.

8 ഗ്രാമ സഭകളിലെ ചർച്ചകളുടെ ഫലമായി ധാരാളം നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത്,

വ്യവസായികമായി വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് താഴെ പറയുന്ന ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

വാർഡ്	പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടത്
i	പേരപ്പൂർ കണ്ണങ്ങോട്ട്മാഠം ഭാഗത്ത്.
iv	C.S.I Road പന്നിവേലിച്ചിറ
	നാല്പനാഴി ഭാഗം (4,5) വാർഡ്.
viii	കുഴിക്കാലായിൽ 7,8 വാർഡ്.
iv	ഓന്തേകാട് രാമൻചിറ പടി.
iii	പന്നിവേലിചിറ ശ്മശാനം പടി ട്രാൻസ്ഫോമർ പവർ കൂട്ടുക.

8 പ്രധാനപ്പെട്ട എല്ലാ ജംഗ്ഷനിലും സോളാർ ലാമ്പുകൾ സ്ഥാപിക്കുക.

9 പന്നിവേലി ചിറശ്മശാനത്തിനു സമീപം സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോമറിൽനിന്നും കനാൽ റോഡിൽ കൂടി പോകുന്ന വൈദ്യുതി ലൈനിൽകൂടി ഒരു ഫെയിസ് ലൈൻ മാത്രമെ വലിച്ചിട്ടുള്ളൂ. ഈ ലൈനിൽനിന്നും കൂടുതൽ കണക്ഷനുകൾ വീടുകളിൽ കൊടുത്തിട്ടുള്ളതിനാൽ എല്ലാ ദിവസവും സന്ധ്യസമയം മുതൽ രാവിലെ വരെ കറണ്ട് കട്ടായി പോകുന്നു. ആയതിനാൽ ഈ ലൈനിൽക്കൂടി ഒരു ഫെയിസ് ലൈൻ കൂടി വലിച്ച് നിത്യേനയുള്ള വൈദ്യുതിക്ഷാമം ഒഴിവാക്കണം.

10. കർത്തവ്യം നാല്പനാഴിയിൽ ഭാഗം, ചരുവിൽ ഭാഗം എന്നിവിടങ്ങളിൽ സിംഗിൾ ഫേസ് ലൈൻ മാത്രമെയുള്ളൂ. ഈഭാഗത്ത് വോൾട്ടേജ് കുറവായതിനാൽ നാല്പനാഴിയിൽ ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ വെച്ച് ത്രീഫേസ് ലൈൻ വലിക്കുക.

11. തുണ്ടഴം വേങ്ങോലിമുരിപ്പു ഭീഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

<u>വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ</u>

<u>വാർഡ് 1</u>

1 പുത്തേത്തു മണ്ണിൽ പുതിയ ലൈൻ വലിച്ച് രണ്ടു ട്യൂബ് ലൈറ്റുകളും രണ്ടു ബൾബുകളും പഞ്ചായത്തു വകയായി വേണ്ടതാണ്. വൈദ്യുതി ലഭിക്കേണ്ട വീടുകളും ഈ ഭാഗത്തുണ്ട്.

2 ആറാട്ടുകടവിലും, ഒന്നും രണ്ടും വാർഡുകളിലെ സ്ത്രീകൾ കുളിക്കുന്ന പള്ളിയമ്പിൽ കടവിലും ഓരോ ട്യൂബു ലൈറ്റ് സ്ഥാപിക്കേണ്ടുന്നതാണ്. ഇത്, ആറന്മുള K.S.E.B. യുടെ അധികാരാതിർത്തിയിലാണ്.

3 കോഴഞ്ചേരി K.S.E.B. യുടെ കീഴിലുള്ള ഒന്നാം വാർഡിൽ കൈപ്പുഴ ക്ഷേത്രത്തിലേക്കു പോകുന്ന റോഡിലും, മരുത്തൂർ കടവിലും, പുലൂർ പടിക്കലും, വടശ്ശേരിതുണ്ടിയിലെ കുളിക്കടവിലും, ഇല്ലത്തു പറമ്പിന്റെ വടക്കേയറ്റത്ത് പുളിമുട്ടിലേക്കുള്ള റോഡിലും രണ്ടു ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

4 ഒന്നാം വാർഡിന്റെ തെക്കുകിഴക്ക്, കോക്കുന്നത്ത് പാണൻ പറമ്പിൽ പടിക്കൽ ഒരു ട്യൂബ് ലൈറ്റ് അത്യാവശ്യം വേണ്ടതാണ്.

ഇനം	എണ്ണം
40 വാട്ട്സ് വിളക്കുകൾ	
60 വാട്ട്സ് വിളക്കുകൾ	
100 വാട്ട്സ് വിളക്കുകൾ	
ട്യൂബ് ലൈറ്റുകൾ	

<u>വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ</u>

<u>വാർഡ് II</u>

1 വേട്ടോക്കോട്ടു ഭാഗം എം.റ്റി.എൽ.പി. സ്കൂളിനു വടക്കു ഭാഗം പുതിയ ലൈൻ

വലിച്ച് ബൾബുകൾ ഇടണം
(10 വീടുകൾക്ക്)

2 പേരപ്പൂര് പുതുപ്പറമ്പിൽ ഭാഗത്ത് പുതിയ ലൈൻ വൈദ്യുതി എത്തിക്കണം.

3 കാഞ്ഞിരവേലി കണ്ണൻ, പുഞ്ച പള്ളം ഭാഗത്ത്

4 പുത്തൻ തറയിൽപ്പടി പുഞ്ചപ്പാടം റോഡിന്റെ അവസാന ഭാഗം പുതിയ ലൈൻ വലിച്ച് ബൾബുകൾ ഇടണം

5 തറയിൽ മുക്ക് പുഞ്ചപ്പാടം റോഡിൽ അവസാനഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം

6 പടിഞ്ഞാറ്റേതിൽപടി പുലയൻ കോട് റോഡിൽ സ്ട്രീറ്റ് ലൈറ്റ്

7 പടിഞ്ഞാറ്റേതിൽപടി കോളനി റോഡ് സ്ട്രീറ്റ് ലൈറ്റ്

8 വെട്ടത്തു ഭാഗം റോഡിൽ സ്ട്രീറ്റ്ലൈറ്റ്

വാർഡ് III

1 മൂലമണ്ണിൽ പടി മുതൽ ഹൗസ് സെറ്റ് കോളനി വരെ

2 വാഴുവിലേത്ത് പടി -- താഴത്തേത്തുപടി

3 കുളത്തിങ്കൽ പടി -- മണവേലിക്കുറ്റി ലക്ഷം വീട് കോളനി

4 കോട്ടൂരേത്ത് മൂല ചിന്നക്കട

5 ചരിവുപറമ്പിൽ പടി ബാലവാടി

6 കീത്തോട്ടത്തിൽപടി ഫിഷറി ഓഫീസ് പടി

വാർഡ് IV

1 നാൽപ്പനാഴി പടി മുതൽ കല്ലറ പടി വരെ.

2 ഫിഷറികുളം കർത്തേത്തുകണ്ടം ബണ്ട് റോഡ്

3 കർത്തേത്തുകണ്ടം OLH കോളനി റോഡ്

4 കാവുംപുറം ചരുവിൽ ഭാഗം

5 ചരിവിൽ പടി മണികാട്ടിൽ പടി

6 കൊറ്റം കുളം കാവുംപുറം

7 ഇളയശ്ശേരിൽ പടി (ട്യൂബ് ലൈറ്റ്)

8 C,S.T വെയിറ്റിംഗ് ഷെഡ് ട്യൂബ് ലൈറ്റ്

9 കാവും പുറം തുണ്ടഴം റോഡ്

10 OLH കോളനി (ട്യൂബ് ലൈറ്റ്)

11 തൊമ്മിപറമ്പിൽ പടി (ട്യൂബ് ലൈറ്റ്)

12 ചരുവിൽ ഭാഗം (ട്യൂബ് ലൈറ്റ്)

വാർഡ് V

1 ചാരാം മൂട്ടിൽ പടി കമ്മാംചേരി പടി (സ്ട്രീറ്റ്ലൈറ്റ്)

2 മാർത്തോമ്മാ പള്ളി പടി ചന്ദ്രത്തേത്തുപടി (സ്ട്രീറ്റ്ലൈറ്റ്)

3 ചക്കിട്ടയിൽ പടി കോളങ്ങാട്ടുപടി

4. കുറ്റൻകുളത്തുപടി (സ്ട്രീറ്റ്ലൈറ്റ്)

5. തെക്കെതുണ്ടിയിൽപടി കോട്ടുചിറ (സ്ട്രീറ്റ്ലൈറ്റ്)

6 മലയിൽ ഓഡിറ്റോറിയം മുതൽ ചാമക്കാലപടി വരെ PIP റോഡിൽ 2 സ്ട്രീറ്റ്ലൈറ്റുകൾ

VI

1 പോസ്റ്റോഫീസ് പടി പുറത്തൂട്ട് പടി

2 നെല്ലിക്കാല ലക്ഷംവീട് കോളനി റോഡ്

3 വലിയപാറ ഹരിജൻ കോളനി റോഡ്

4 കാരംവേലിS.N.D.P.H.S.കുറവൻ പാറ റോഡ്

5 പഴയ പോസ്റ്റോഫീസ് പടി ബാലവാടി റോഡിൽ ബാലവാടി മുതൽ പുറത്തൂട്ട്പടിവരെ

6 പനക്കൽപടി കാവുമ്പുറത്ത് ചരിവുപുരയിടം ഭാഗം

7 താഴയിൽ പടി ചൂരത്തലക്കൽ ഭാഗം

8 ചൂരത്തലക്കൽ പടി തോപ്പിൽ പടി

VII

1 മുക്കൂട്ടിൽ ഓയിൽ മിൽ ഇരപ്പൻ പാറ റോഡിൽ

2 കുഴിക്കാല വേലൻ വടക്കേൽ കോളനിയിൽ നിന്നും 100 മീ. കൂടി ലൈൻ നീട്ടുക

3 കുഴിക്കാല മേമുറി (നടുവൊടിഞ്ഞതിൽ പടി) മുതൽ ഹൗസ് സെറ്റ് കോളനിറോഡിലേക്ക് 200മീ

4 വട്ടമോടിയിൽ ഭാഗത്തുള്ള PIP സബ്കനാൽ ലൈൻ ദീർഘിപ്പിക്കുക

5 കുഴിക്കാല തണ്ണിശ്ശേരിൽപ്പടി പുന്നക്കാട് ചക്കിട്ടപടി

6 തുരിച്ചാലമണ്ണിൽ പടി മുതൽ 100 മീ. പടിഞ്ഞാറോട്ട്

VIII

1 പള്ളത്തു പടി കുഴിക്കാല വയൽപടി

2. വട്ടമുരുപ്പേൽ പടിഞ്ഞാറ്റേൽ കോളനി റോഡ്

3. പെരുവേലിമോടി പരുവക്കൂട്ടത്തിൽ പടി
(സ്ട്രീറ്റ് ലൈറ്റ്)

4. പാലനിൽക്കുന്നതിൽ മുട്ടത്തുമൺറോഡ്
(സ്ട്രീറ്റ് ലൈറ്റ്)

മാർക്കറ്റ്

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിനും സ്വന്തമായി കുഴിക്കാലാ പ്രദേശത്ത് ഒരു ചന്ത ആദിമ കാലം മുതലേ ഉണ്ടായിരുന്നു. എന്നാൽ സമീപ പ്രദേശങ്ങളിൽ കാലങ്ങളിലായി രൂപം കൊണ്ട വിപണന കേന്ദ്രങ്ങൾ ഇതിന്റെ പ്രശസ്തിക്കു മങ്ങലേൽപ്പിച്ചു. ഇന്നു നാമമാത്രമായി മാത്രം ആ വിപണനകേന്ദ്രം നിലനിൽക്കുന്നു എന്നേ ഉള്ളു. പന്നിവേലിച്ചിറയിൽ ഒരു കന്നുകാലിച്ചന്ത മാസത്തിൽ രണ്ടു തവണ കൂടുന്നുണ്ട്. ഇതല്ലാതെ ഈ പഞ്ചായത്തിൽ വിപണന സൗകര്യങ്ങൾ പൊതുവേ പരിമിതമാണ്.

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന യാത്രാ സൗകര്യം കുറവാണ്. കാർഷീക വിഭവങ്ങൾ പലതും ഉത്പാദിപ്പിക്കപ്പെടുണ്ട്, എങ്കിലും അവ മുഴുവനായി ഇടത്തട്ടു കച്ചവടക്കാരിൽക്കൂടെയാണ് വിറ്റഴിക്കുന്നത്. അതുകൊണ്ട് കർഷകർക്ക് അർഹിക്കുന്ന വില ലഭിക്കാതെ ഭീമമായ സാമ്പത്തീക തകർച്ചയാണ് അനുഭവപ്പെടുന്നത് റബർ മാർക്കറ്റിംഗ് സൊസൈറ്റികൾ ഈ പഞ്ചായത്തിൽ ഇല്ല. നാളീകേരവും ഇ പഞ്ചായത്തിലെ ഒരു പ്രധാന ഉത്പന്നമാണ്. എന്നാൽ ഇതിന് ഒരു പൊതു വിപണിയോ, ഒരു സഹകരണ വിപണിയോ ഇ പഞ്ചായത്തിൽ ഇല്ല. നെല്ല്, നേന്ത്രവാഴ, മരച്ചീനി, പച്ചക്കറി മുതലായവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷിചെയ്യുന്നു എന്നാൽ ഇതിൽ നിന്നൊന്നും കർഷകന് സാമ്പത്തീക പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായയത്തിലെ വിവിധ ഭാഗങ്ങളിൽ അന്തിച്ചന്തകൾക്ക് ധാരാളം സാധ്യതകൾ ഉണ്ട്, കൂടാതെ ഒരു മത്സ്യ സംഭരണ വിപണന കേന്ദ്രത്തിന് വളരെയേറെ സാദ്ധ്യത ഈ പഞ്ചായത്തലുണ്ട്. പന്നിവേലിച്ചിറയിൽ ഒരു മത്സ്യ വിപണന കേന്ദ്രം ആവശ്യമായിരിക്കുന്നു. കോഴഞ്ചേരി പഞ്ചായത്തിലെ നാലാം വാർഡും മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ മൂന്ന്, നാല്, അഞ്ച് തുടങ്ങിയ വാർഡുകളിലെ ജനങ്ങൾക്ക് ഇത് വളരെയധികം പ്രയോജനം ചെയ്യും.

ഈ പഞ്ചായത്തിലെ, ആറന്മുളയിൽ ഒന്ന്, രണ്ട്, കോഴഞ്ചേരി പഞ്ചായത്തിലെ മൂന്നും വാർഡുകൾ ഉൾപ്പെടെ തറയിൽ ജംഗഷനിൽ ഒരു മാർക്കറ്റാവശ്യമാണ്.

കാരംവേലി ആറാം വാർഡിൽ ഒരു അന്തിച്ചന്ത വന്നാൽ നെല്ലിക്കാലാ, കാരംവേലി വാർഡുകളിൽ വളരെ ഗുണകരമാണ്.

നാളീകേരത്തിന് സഹകരണാടിസ്ഥാനത്തിൽ ഒരു മാർക്കറ്റ് ആവശ്യമാണ്.

കുഴിക്കാലാ പബ്ലിക്ക് മാർക്കറ്റിൽ ഏഴാം വാർഡിലുള്ള മൃഗാശുപത്രിയോട് ചേർന്ന പഞ്ചായത്ത് വക സ്ഥലത്ത് മൂന്ന് മുറികളുള്ള ഒരു കെട്ടിടം നിർമ്മിച്ച് ഗവ. ആയുർവേദ, ഹോമിയോ ഡിസ്പൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

പഞ്ചായത്താഫീസിനോട് ചേർന്നുള്ള കെട്ടിടത്തിലേക്ക് വില്ലേജ് ആഫീസ് മാറ്റി സ്ഥാപിക്കുക.

അനുബന്ധം -10

മല്ലപ്പഴശ്ശേരി ഗ്രാമ പഞ്ചായത്ത്

10. വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

i നിലവിലുള്ള ഉപഭോക്താക്കൾ.

a)	ഗാർഹികം	1658
b)	വ്യാപാരം	305
c)	വ്യാവസായികം	19
d)	കാർഷികം	9

ii കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a)	Ordinary	167	
b)	OTP	17	
C)	OYEC	46	അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതിയതി
	1-9-91, 16-2 96, 12-12-95		

iii സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a)	ബൾബ്	25w....40w....60w....100w.....
b)	ട്യൂബ്	15
c)	മെർക്കുറിവേപ്പർ.....	
d)	സോഡിയം വേപ്പർ.....	

iv അകെ വൈദ്യുതികരിച്ചതത് കുറുന്താർ

V തൻവർഷത്തെ കണക്ഷൻ

ഓർഡിനറി	74
OTP	11
OYEC	107

VI പഞ്ചയത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1 പുന്നയ്കാട്	6 കാഞ്ഞിരവേലി
2 പന്നിവേലിച്ചിറ	7 കുറുന്താർ
3 സി. എസ്സ് ഐ	8 നെല്ലിക്കാല
4 താരിയാനഗർ	9 തുണ്ടഴം
5 കുഴിക്കാല (1)	10 കുഴിക്കാല

vii സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്നതുക RS 8234.00/-

മല്ലപ്പഴശ്ശേരി ഗ്രാമ പഞ്ചായത്ത്

വർഡ് നമ്പർ	ഹരിജൻ കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുമ്പങ്ങൾ	സൗജന്യ സ്ലാബിൾ വൈദ്യു ഉപ എണ്ണം	പ... വൈദ്യുതി ... ലഭിക്കുന്ന ... കുടു എണ്ണം
1	ഇല്ല	8	nil	
2	ലക്ഷം വീട് കോളനി	25	nil	
3	ഓന്തകാട് കർത്താവും	30	10	
4.	സെറ്റിൽമെന്റെ കോളനി	30	2	
5.	ലക്ഷം വീട് കോളനി OLH	30	3	
6.	സെറ്റിൽമെന്റെ കോളനി	60	2	
7.	ഇല്ല	40	nil	
8.	സെറ്റിൽമെന്റെ കോളനി	5	nil	

അനുബന്ധം - B

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

വാർഡ്	റോഡിന്റെ പേര്	ദൂരം
II	തയ്യിൽ പടി കടവത്ത പടി റോഡ്	800
	മാംകുഴിയിൽ നിന്നാരംഭിക്കുന്ന ഇറിഗേഷൻ തോട്	350
	കൊറ്റംകുളം കാവുംഭാഗം റോഡ്	500
IV	പന്നിവേലിച്ചിറ OLH കോളനി റോഡ്(കർത്തവ്യം കണ്ടം വഴി റോഡ്)	800
V	മേലേപാമ്പിൽ പടി കാരംവേലിപ്പാടം	
	കാരംവേലി പോസ്റ്റോഫീസ് മണപ്പുറം	
	കൊയ്യളളിപ്പടി കാരംവേലിപ്പാടം	
	വള്ളിപ്പറമ്പ് പടി മായക്കോട്ടു ഹരിജൻ കോളനി	
	കാത്തിക്കൽ പടി വാട്ടർ ടാങ്ക് റോഡ്	
	പാപ്പട്ടി പടി പാണംചാൽ പടി	
	ഉതികാട്ടിൽ പടി കനാൽ റോഡ്	
	കോളങ്ങാട്ടു പടി പുന്നൂരേത്ത് പടി	
	പുന്നക്കാട് അമ്പലത്തിൻ പടി തേക്കിൻ കാട്ടിൽ പടി മാത്തിൽ പടി	
	തുണ്ടിയേത്ത് പടി മണ്ണാമൂല വഴി പാരൂർവഴി	
	പരുത്തും പാറ തടത്തിൽ പടി	
	പരുത്തും പാറ തുണ്ടെഴം റോഡ്	
	കാരംവേലി പുന്നക്കാട് റോഡ്	
VII	കുഴിക്കാലാ ശാരോൺ ഫെലോഷിപ്പ് ഹാൾ	
	കല്ലിൽ തെക്കേതിൽ പടി റോഡ്	250
	പാപ്പെട്ടിക്കാലാ പടി കോളങ്ങാട്ട് കണ്ണൻപറമ്പിൽ പടി	200
	മണ്ണിൽ പടി തുരിച്ചാല മണ്ണിൽപടി റോഡ്	300
	മുട്ടത്തുമൺ ഏലാ എട്ടാം വാർഡുമായി ബന്ധിപ്പിക്കുക	100
	പുന്നക്കാട് ചക്കിട്ടയിൽ പടി തുണ്ടിയിൽ ഭാഗം	500
III	കീത്തോടത്തിൽ പവ്വർ ഹൗസ് വഴി ഫിഷറീസ് ഓഫീസ് പടി	900
	പന്നിവേലിച്ചിറ ശ്മശാനം ചാരംപറമ്പിൽ പടി തോപ്പിൽപടി	900
	കുറ്റിയിൽ കണ്ടം കോളങ്ങാട്ടി പടി റോഡ് (തോട്ടുവരമ്പ്)	1

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസ കലാ സാംസ്കാരിക രംഗങ്ങളിൽ പത്തനംതിട്ടയിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് മല്ലപ്പുഴശ്ശേരി വില്ലേജിൽ പൂർണ്ണമായും ഉൾപ്പെട്ടിരിക്കുന്നു.

വിദേശ പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തീക രംഗത്ത് നിർണ്ണായക പങ്കുവഹിക്കുന്നു. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. വിദേശത്തുനിന്നും ലഭിക്കുന്ന പണം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിൽ മത്സര ബുദ്ധി പ്രകടിപ്പിക്കുന്നവരാണ് ഭൂരിപക്ഷവും.

കൃഷിപ്പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. കർഷകത്തൊഴിലാളികളും, നിർമ്മാണത്തൊഴിലാളികളും, റബർടാപ്പിംഗ് തൊഴിലാളികളും, ചുമട്ടുതൊഴിലാളികളും ഇതിൽ ഉൾപ്പെടുന്നു.

ഈ പഞ്ചായത്തിലെ ആകെയുള്ള കെട്ടിടങ്ങളുടെ എണ്ണം 3387 ആണ്. ഇതിൽ ഓലമേഞ്ഞ വീടുകളുടെ എണ്ണം 150 തോളമുണ്ട്. മറ്റുകെട്ടിടങ്ങളിൽ ഭൂരിഭാഗവും സിമന്റ് തായും കുറെ മൊസെയിക്കും മറ്റുള്ളവ ചാണകം മെഴുകിയ തായുമാണ്.

കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ 1995-1996

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1.	432	38	130	282	20	10
2.	452	27	150	266	24	12
3.	509	16	75	359	52	23
4.	365	45	112	244	6	3
5.	488	60	142	328	12	6
6.	518	57	156	349	8	5
7.	293	45	124	162	5	2
8.	330	48	140	183	4	3
ആകെ	3387	336	1019	2173	131	64

1984 - 85 വർഷം മുതൽ പഞ്ചായത്തിലെ 8 വാർഡുകളിലായി നിർമ്മിച്ച വീടുകളുടെ സ്വഭാവം പരിശോധിക്കുമ്പോൾ കോൺക്രീറ്റ്, ഓട് വീടുകളുടെ നിർമ്മാണത്തിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് വളരെയധികം വർദ്ധിച്ചു. ഇതിന്റെ കാരണം ആർഭാടമാണ്. P.W.D. റോഡിന്റെ സമീപത്തായിട്ടാണ് ഭൂരിഭാഗവും വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിന് കഴിഞ്ഞ 10 വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ ഈ രംഗത്ത് പ്രശംസനീയമായ നേട്ടം കൈവരിച്ചതായി കാണുന്നു. ഇതിന്റെ പ്രധാന കാരണം JRY പദ്ധതി പ്രകാരം ലഭിച്ച പണത്തിൽ ഭൂരിഭാഗവും റോഡും കലുങ്കും നിർമ്മാണത്തിന് ഉപയോഗിക്കാതെ പട്ടികജാതി-വർഗ്ഗക്കാരുടെ പാർപ്പിട സൗകര്യത്തിന് ഉപയോഗിച്ചതുകൊണ്ടാണ്.

പട്ടിക II

വർഷം	RLEGP	NREP	IAY	MWS	JRY	ആകെ
1984-85						
1985-86						
1986-87						
1987-88						
1988-89						
1989-90					55	
1990-91						
1991-92					20	
1992-93			19	18	3	
1993-94			4	6	5	
1994-95			10	15	16	

1984-85 വർഷങ്ങളിൽ കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ദ തൊഴിലാളികൾക്ക് 60-70 രൂപാ കൂലിയും അവിദഗ്ദ തൊഴിലാളികൾക്ക് 35-40 രൂപായും ഉണ്ടായിരുന്നത് 94-95 ൽ 125 മുതൽ 150 വരെ വിദഗ്ദ തൊഴിലാളികൾക്കും 90-100 വരെ അവിദഗദ്ധതൊഴിലാളികൾക്കും വർദ്ധിച്ചു. സ്ത്രീ തൊഴിലാളികളിൽ വിദഗ്ദ തൊഴിലാളികളില്ല. 84-85 കാലഘട്ടത്തിൽ പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീ തൊഴിലാളികൾക്ക്കൂലിയിൽ വ്യത്യാസമുണ്ടായിരുന്നുവെങ്കിലും 94-95 ൽ വേതനം ഒരു പോലെയാണ്.

കെട്ടിട നിർമ്മാണ രംഗത്ത് സിമന്റിന്റെ വില വളരെയധികം വർദ്ധിച്ചതു മൂലം ഇടത്തരക്കാരും കർഷകത്തൊഴിലാളികളുമായ ആളുകൾക്ക് പാർപ്പിട നിർമ്മാണത്തിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതുപോലെ തന്നെ തടി, കമ്പി, പാറ, മെറ്റൽ, മണൽ തുടങ്ങിയ സാധനങ്ങൾക്ക് നിയന്ത്രണാതീതമായ വിലക്കയറ്റം മൂലം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഇതുമൂലം JRY പദ്ധതിയിൽപ്പെടുത്തി ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് പാർപ്പിട നിർമ്മാണത്തിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു.

പ്രകൃതിക്ഷോഭം മൂലം കാലാകാലങ്ങളിൽ വീടുകൾ നശിക്കുന്നുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നോ മറ്റു ഗവൺമെന്റിന്റെ ഏജൻസി മുഖേനയോ നാശനഷ്ടങ്ങൾ ഉണ്ടായ വീടുകൾക്ക് പൂർണ്ണമായും ധനസഹായം ലഭിച്ചിട്ടില്ല. ഈ രംഗത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ ജനങ്ങളുടെ ചർച്ചാവിഷയമാണ്.

പഞ്ചായത്തിൽ ആകെ ജനസംഖ്യയിൽ 1948 പട്ടികജാതിക്കാരും 12 പട്ടിക വർഗ്ഗക്കാരും താമസിച്ചിരുന്നതായി കണക്കുകൾ കാണിക്കുന്നു.

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. പഞ്ചായത്തിലെ ലക്ഷം വീടുകളുടെ അവസ്ഥ ശോചനീയമാണ്. പുനരുദ്ധാരണ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്.

3 ദുർബ്ബല വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കെട്ടിടനിർമ്മാണത്തിനു വേണ്ട സാമ്പത്തിക സഹായം ചെയ്യേണ്ടതാണ്.

4 വൈദ്യുതി ലഭിക്കാത്ത 400 വീടുകൾക്ക് വൈദ്യുതി ലഭിക്കാനുള്ള സാമ്പത്തിക സഹായത്തിനുള്ള സാഹചര്യം ഉണ്ടാക്കണം.

5. കക്കൂസ് ഇല്ലാത്ത 325 വീടുകൾക്ക് കക്കൂസ് നിർമ്മിക്കുവാൻ ഉള്ള ന്യായമായ സാമ്പത്തിക സഹായം നൽകണം.

6. നിർമ്മാണച്ചെലവു അഞ്ചു ലക്ഷത്തിനു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ പരിധി ഏർപ്പെടുത്തുകയും അതിൽ കവിയുന്നതിന് കൂടുതൽ Tax ചുമത്തുകയും വേണം.

7. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ

സഹരണസംഘം രൂപീകരിക്കുക, എഞ്ചിനീയർ മുതൽ ലേബർ വരെ ഉള്ളവരെ സംഘത്തിൽക്കൂടെ സപ്ലേ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസി (സന്നദ്ധസംഘടന) ആയി പ്രവർത്തിപ്പിക്കുക.

8. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിശ്ചയിച്ച് സിവിൽ സപ്ലൈസ് വകുപ്പുവഴി വിതരണം ഏർപ്പെടുത്തുക.

9. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക.

1995 .96 ൽ പഞ്ചായത്തിലെ . ആകെ വീടുകളുടെ എണ്ണം 3387 ആയിരുന്നു. എങ്കിലും 500ഓളം കുടുംബങ്ങൾക്ക് പാർപ്പിടമില്ലാത്ത സ്ഥിതി നിലവിലുണ്ട്. ഇവരിൽ ഭൂരിഭാഗവും ഭൂരഹിത കർഷകത്തൊഴിലാളികളും മറ്റു ദുർബല വിഭാഗത്തിൽപ്പെട്ട ആളുകളുമാണ്.

പഞ്ചായത്തിൽപ്പെട്ട പന്നിവേലിച്ചിറയിൽ ഏകദേശം നൂറോളം കുടുംബങ്ങൾ പാർക്കുന്നുണ്ട്. വെള്ളപ്പൊക്ക സമയത്ത് ഭൂരിഭാഗം വീടുകളും ജലം കയറി ബുദ്ധിമുട്ടുണ്ടാകുന്നു. പഞ്ചായത്തിന്റെയും ബ്ലോക്കിന്റെയും പദ്ധതിയിൽ പ്പെടുത്തി ഇവർക്ക് വീടുകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇവർക്ക് പട്ടയമോ കൈവശാവകാശ രേഖയോ ലഭിച്ചിട്ടില്ല. ചിറയുടെ ഉയർന്ന ഭാഗം മനസ്സിലാക്കി ഫ്ലാറ്റുകൾ നിർമ്മിച്ചു താമസ സൗകര്യവും, കൃഷി സ്ഥലങ്ങളും ലഭ്യമാക്കേണ്ടതാണ്. ഇതു മൂലം അവർക്ക് പാർപ്പിട സൗകര്യവും അവകാശവും ലഭിക്കുന്നതോടൊപ്പം ജില്ലയിലെ ഏറ്റവും മനോഹരമായ പന്നിവേലിച്ചിറ വികസിപ്പിച്ച് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാവുന്നതാണ്.

സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള നിരവധി പദ്ധതികൾ ഉണ്ടെങ്കിൽത്തന്നെയും ഇവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇതിന് പ്രധാന കാരണം പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്കു കിട്ടായ്ക, ഉദ്യോഗതലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും ലഭിക്കാതിരിക്കുക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ. ഇവിടെയാണ് കെട്ടിട നിർമ്മാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ.എന്നിവർക്ക് ക്ഷേമനിധികൾ ഏർപ്പെടിത്തിയിട്ടുണ്ട്. എങ്കിൽത്തന്നെയും എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. നിർമ്മാണരംഗത്തെ തൊഴിലാളികളെ എടുത്തു പറയേണ്ട താണ്.

വനിതാ വികസന കോർപ്പറേഷൻ വഴി സാധാരണ സ്ത്രീകൾക്ക് ലഭിക്കുന്ന ആനുകൂല്യം ഈ പഞ്ചായത്തിൽ ആർക്കും ലഭിച്ചതായി അറിയാൻ സാധിച്ചില്ല.

രണ്ടു V.E.O. സർക്കിൾ വഴി പഞ്ചായത്തിനു ലഭ്യമാക്കിയിട്ടുള്ള വിശദമായ കണക്ക് താഴെ പ്രതിപാദിക്കുന്നു.

IRDP

വർഷം	എണ്ണം	സബ്സിഡി	വായ്പ	S.C.എണ്ണം
92-93	38	1.70	2.05	20
93-94	43	1.74	2.22	22
94-95	46	1.80	3.67	9
95-96	42	2.02	4.76	22

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന സംരംഭമാണ് DWCRA

വർഷം	സ്ത്രീഎണ്ണം	സബ്സിഡി	വായ്പ
89-90	ഇല്ല		
90-91	ഇല്ല		
91-92	ഇല്ല		
92-93	ഇല്ല		
93-94	ഇല്ല		
94-95	30	1,25,574	2,66,839
ആകെ	30	1,25,574	2,66,839

ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം

വർഷം		എണ്ണം	
1992-93		9	
1993094		5	
1994-95		2	
1995-96		6	
ആകെ		22	

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിൽ നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്

വർഷം	എണ്ണം	തുക
1992-93	ഇല്ല	
1993-94	ഇല്ല	
1994-95	ഇല്ല	
1995-96	6Nos	24.090
	(2 Grinder 4 Drilling Machine)	

CRSP

ദാരിദ്രരേഖക്കു താഴെയുള്ള ആളുകൾക്ക് കക്കൂസുകൾ പണിയിച്ചു കൊടുക്കുന്ന പദ്ധതിയാണ് CRSP.

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമനിധികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂവകുപ്പ് പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമാണ് ലക്ഷ്യമാക്കുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലന്നതും അനർഹരായ കുറെപ്പേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ പദ്ധതി പരിശോധിച്ചാൽ മനസ്സിലാകും. നിത്യവൃത്തിക്കു ബുദ്ധിമുട്ടുള്ളവർക്ക് ലഭിക്കേണ്ട ഈ പദ്ധതികൾ അർഹരായവർക്കും ലഭിക്കുന്നില്ല എന്നത് വേദനാജനകമാണ്.

പെൻഷനുകളെ സംബന്ധിച്ച്

വിധവാ പെൻഷൻ

പ്രായപൂർത്തി ആയ ആൺമക്കൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

വികലാംഗ പെൻഷൻ

നാൽപ്പതു ശതമാനം എങ്കിലും വികലാംഗത്വം ഉള്ളവർക്ക് ആണ് ഈ പെൻഷൻ ആനുകൂല്യം. ഇതിനാവശ്യമായ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ഇവർ വളരെയധികം ബുദ്ധിമുട്ടുന്നു. ഇതു അർഹരായവർക്കു ലഭിക്കാൻ സൗകര്യമായ ഏർപ്പാടുകൾ ചെയ്യേണ്ടിരിക്കുന്നു.

കർഷകത്തൊഴിലാളി പെൻഷൻ

കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുവാൻഅർഹരായവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ അർഹരായവർ വളരെയുണ്ട്. അനർഹരായവർ വാങ്ങുന്നുണ്ടോ എന്ന് പുനർപരിശോധിക്കണം

വാർദ്ധക്യകാല പെൻഷൻ

ഈ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ള നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം ഈ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകണം. അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു നൽകണം.

വർഷം	വാർദ്ധക്യ പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	കർഷക പെൻഷൻ
1993-94				
1994-95				
1995-96				
ആകെ				

അംഗൻവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കേണ്ട അങ്കൻവാടികൾ ഈ പഞ്ചായത്തിലില്ല. വാർഡിന്റെ പ്രത്യേകതകൾ മനസിലാക്കി അങ്കൻവാടികൾ ആരംഭിക്കേണ്ടതാണ്. അങ്കൻവാടികൾ ആരംഭിക്കുന്നതിലേക്കുള്ള സ്ഥലവും കെട്ടിടവും മറ്റെല്ലാ സൗകര്യങ്ങളും ലഭ്യമാകണം.

ബാലവാടികൾ

ഈ പഞ്ചായത്തിൽ മൂന്നു ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്.

നമ്പർ	വാർഡ് നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	സ്ഥലം ഉള്ളത്	[illegible] ഉള്ളത്
1	3	25	ഉണ്ട്	ഉണ്ട്	ഉണ്ട
2	5	30	,,	,,	,,
3	6	30	,,	,,	,,

നിർദ്ദേശങ്ങൾ

1. അംഗൻവാടികൾ വാർഡിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ആരംഭിക്കേണ്ടതാണ്.
2. പഞ്ചായത്തു പുറംപോക്കുകളോ P.I.P പുറംപോക്കുകളോ സൗജന്യമായി ലഭിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ അങ്ങനെയും ആരംഭിക്കുന്ന അങ്കൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകണം.
3. ഭവന സന്ദർശനം നടത്തി ബോധവൽക്കരണം നടത്തേണ്ടതാണ്.
4. ഗവൺമെന്റ് ഏജൻസി വഴി നടത്തുന്ന ധന സഹായങ്ങൾ പൊതുസ്ഥലത്ത് ബോർഡുകൾവഴി പരസ്യപ്പെടുത്തേണ്ടതാണ്. ബാലവാടികളിൽ കുട്ടികൾക്കുവേണ്ടിയുള്ള കളിപ്പാട്ടങ്ങൾ നൽകുന്നതിനും പോഷകാഹാരങ്ങൾ നൽകുന്നതിനും സേവനവേതന വ്യവസ്ഥകൾ പുതുക്കേണ്ടതാണ്. മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ അംഗൻവാടികൾ തുടങ്ങുന്നതിനായി ഗവൺമെന്റ് നിർദ്ദേശം ഉള്ളതായി മനസ്സിലാക്കുന്നു. അടിയന്തിരമായി ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പൊതുവിതരണം

പഞ്ചായത്തിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ രംഗത്ത് മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല. മാവേലി സ്റ്റോറ് ഈ പഞ്ചായത്തിൽ

5-ാം വാർഡിൽ ചക്കിട്ട ജംഗ്ഷനിൽ ലഭിക്കേണ്ടതാണ്.

റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ നിരവധിയാണ്. ഇവ കണ്ടുപിടിക്കുവാനും തടയുവാനുമുള്ള അധികാരം പഞ്ചായത്തു കമ്മറ്റിക്കു നൽകണം.

ഉപഭോക്തൃ സംരക്ഷണ സമിതി പ്രവർത്തിക്കുന്നുവെങ്കിൽ തന്നെയും എല്ലാവർക്കും പ്രയോജനം ലഭിക്കുന്നില്ല. പ്രവർത്തന രംഗം വ്യാപകമാക്കണം.

5.8 സംസ്കാരം

സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായലിഖിതവും അലിഖിതവുമായ മൗലിക വ്യവസ്ഥകളെ ആ സമൂഹത്തിന്റെ സംസ്കാരം എന്നുപായുന്നു. സമൂഹത്തിൽ ഉൾക്കൊള്ളുന്ന വ്യക്തികളുടെ മൂല്യ ബോധം, കുടുംബജീവിതം, രാജ്യഭരണം, കായിക കലാ സാഹിത്യങ്ങൾ തുടങ്ങിയവയുടെ ആകെ തുകയാണ് ആ സമൂഹത്തിന്റെ സ്സ്കാരം എന്നതു കൊണ്ട് വിവക്ഷിക്കുന്നത്.

പരമ്പരാഗതമായ ജീവിത മൂല്യങ്ങളിൽ അടിയുറച്ചതായ കേരള സംസ്കാരം, അതിന്റെ തനതു രൂപങ്ങളിൽ കാണുന്നത് ഗ്രാമങ്ങളിലാണ്. ക്ഷേത്രങ്ങളുടെയും, കാവുകളുടേയും, ക്രൈസ്തവ ദേവാലയങ്ങളുടേയും, സംഗമഭൂമിയാണ് മല്ലപ്പുഴശ്ശേരിപഞ്ചായത്ത് . ജാതി മത ചിന്തകൾകൾക്കധീതമായി പരസ്പരം സഹായിക്കുകയും, സഹകരിച്ചും പോന്നിട്ടുള്ള ഒരുജനതയാണ് നമ്മുടേത്.

ഈ പഞ്ചായത്തിൽ പത്തിൽപരം ക്രൈസ്തദേവാലയങ്ങളും, എട്ട് ക്ഷേത്രങ്ങളും, ഏഴു കാവുകളും, ഒരു ഗുരുമന്ദിരവും ഉണ്ട്. ക്രൈസ്തവരും, ഹിന്ദുക്കളുംഏറക്കുറെതുല്യനിലയിൽ ജീവിക്കുന്നു. മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ ജാതിമത സംഘർഷങ്ങൾ ഉണ്ടായിട്ടില്ല.

ലോകപ്രസിദ്ധമായ ആറന്മുള വള്ളംകളി, മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ പരപ്പുഴക്കടവിൽനിന്നാണ് ആരംഭിക്കുന്നത്. ലോഹകൂട്ടുകളാൽ നിർമ്മിതമായ ആറന്മുള കണ്ണാടി ലോക പ്രസിദ്ധമാണ്. ആറന്മുള അടയ്ക്കായും വളരെ കീർത്തിയുള്ളതാണ്.

പ്രാചീന കലകളുടെ ഈറ്റില്ലമായിരുന്നു നമ്മുടെ പ്രദേശം. തെയ്യം, ഉടുക്കുപാട്ട്, വേലൻ പാട്ട്, കരകം തുള്ളൽ, ചെണ്ടമേളം, പാക്കനാർകളി, ചാത്തൻപാട്ട്, മാർഗ്ഗംകളി, ചവിട്ടുനാടകങ്ങൾ തുടങ്ങിയവയാണ്, അവയിൽ പ്രധാനം കഥാപ്രസംഗകലയുടെ ഉപജ്ഞാതാവായ സി.എ. സത്യദേവന്റെ പ്രവർത്തന മേഖലയാണ് നമ്മുടെ പഞ്ചായത്തിൽ ഉൾക്കൊള്ളുന്ന കാരംവേലി.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത അറിയപ്പെട്ടതും, അറിയപ്പെടാത്തുമായ അനേകം വ്യക്തികൾ ഈ പ്രദേശത്തുണ്ട്. മുൻ മന്ത്രിയും കേരള രാഷ്ട്രീയത്തിലെ ഉജ്ജ്വല വാക്മിയും ആയിരുന്ന ശ്രീ. എം. എൻ.ഗോവിന്ദൻ നായർ. തന്റെ ബാല്യ കാലം ചിലവഴിച്ചത് ഈ പഞ്ചായത്തിലാണ്. കാരംവേലി സ്വദേശികളായ ദാമോദരപ്പണിക്കർ എരുത്തിലിൽ കിഴക്കേതിൽ, കൃഷ്ണൻ വൈദ്യൻ കാഞ്ഞിരത്തിനാൽ, കോശി മാത്തൻ മണ്ണിൽ പുതുപ്പറമ്പിൽ, മല്ലപ്പുഴശ്ശേരി പരമുട്ടിൽ പത്മനാഭൻ നായർ, കർത്തവ്യം ചൂരപ്പാമ്പിൽ സി.എൻ. മാത്യു, എം.എ വെളുത്തകുഞ്ഞ് പുന്നയ്ക്കാട് തുടങ്ങിയവർ അവരിൽ ചിലവരാണ്. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഗാന്ധിജി, ആചാര്യ വിനോബാഭാവ, സി.കേശവൻ, ടി.എം വറുഗീസ്, പട്ടംതാണുപിള്ള, തുടങ്ങിയ മഹാന്മാർ നമ്മുടെ സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

നമ്മുടെ ഗ്രാമ സംസ്കൃതിയുടെ പരിപോഷകങ്ങളായി മാറിയ ഔപചാരിക അനൗപചാരിക വിദ്യാഭ്യസസ്ഥാപനങ്ങൾ ഈ നാട്ടിൽ ഉയർന്നു വന്നിട്ടുണ്ട്. ഗവ. വിഎച്ച്.എസ്, ആറന്മുള, സി.എം.എസ്. ഹൈസ്കൂൾ കുഴിക്കാല, എസ്.എൻ.ഡി.പി. ഹൈസ്കൂൾ കാരംവേലി, സി.എം.എസ്. യു.പി. സ്കൂൾ പുന്നക്കാട്, എം.റ്റി.യു.പിസ്കൂൾ നെല്ലിക്കാല, എം.റ്റി. യു.പി.സ്കൂൾ മല്ലപ്പുഴശ്ശേരി, എം.റ്റി. എൽ.പി. സ്കൂൾ ഓന്തേകാട്, എം.റ്റി. എൽ. പി. സ്കൂൾ, കുഴിക്കാല സി.എം.എസ്. എൽ.പി. സ്കൂൾ എന്നിവ കുഴിക്കാല നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളാണ്. ഇവയിൽ പലത്രിന്റെയും ശദാബ്ദി ആഘോഷിച്ചുകഴിഞ്ഞു.

സ്വാതന്ത്ര്യ സമരവും അതിനെത്തുടർന്നുണ്ടായ നവോത്ഥാന കാലഘട്ടത്തിലും നമ്മുടെ നാട്ടിൽ അനേകം വായന ശാലകളും ഗ്രന്ഥാലയങ്ങളും ഉണ്ടായി. നാട്ടിലെ കൂടുതൽ സാമൂഹിക വികസന കലാ കായിക പ്രവർത്തനങ്ങൾ ഈ വായനശാലകളേ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. കേരളാ ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപക സെക്രട്ടറി ആയിരുന്ന യശ ശ്ശരീരനായ ശ്രീ.പി.എൻ. പണിക്കരുടെ നേതൃത്വത്തിലാണ് ഈ വായനാ ശാലയുടെ ബീജാവാപം ചെയ്തത്.

ക്രമനമ്പർ	വായനശാലയുടെ പേര്	സ്ഥാപിതം വർഷം	സ്ഥലം	പ്രവർത്തന സ്വഭാവം
1.	ദേശാഭിവർദ്ധിനി	1950	കുഴിക്കാല	പ്രവർത്തിക്കുന്നു.
2.	കെ.പി.ഒ.യൂണിയൻ ലൈബ്രറി & റീഡിംഗ് റൂം	1954	കർത്തവ്യം	പ്രവർത്തിക്കുന്നു.
3.	യുവജന വായനശാല	1954	മല്ലപ്പുഴശ്ശേരി	പ്രവർത്തിക്കുന്നു.
4.	നെല്ലിക്കാല പബ്ലിക് ലൈബ്രറി & സ്പോർട്സ് ക്ലബ്	1955	നെല്ലിക്കാലാ	പ്രവർത്തന രഹിതം
5.	ഗ്രാമോദ്ധാരണ പബ്ലിക് ലൈബ്രറി	1956	പുന്നക്കാട്	പുനരുദ്ധാരണ പരിപാടി നടക്കുന്നു.
6.	കൈരളി വായനശാല	1957	കാഞ്ഞിരവേലി	പ്രവർത്തനരഹിതം.

ഇവയാണ് നമ്മുടെ നാട്ടിലെ വായന ശാലകൾ ഇതിൽ കെ.പി. ഒ യൂണിയൻ വായനശാല മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ ജനവിദ്യാ കേന്ദ്രം കൂടിയാണ്.

	ക്ലബ്ബുകൾ	
1.	പ്രതിഭാ ക്ലബ്ബ്	പന്നിവേലിച്ചിറ
2.	ശ്രീചിത്തിര	ഓന്തേകാട്
3.	സന്തോഷ് ക്ലബ്ബ്	പന്നിവേലിച്ചിറ
4.	അനുഗ്രഹാ ക്ലബ്ബ്	കുറുന്താർ
5	കിനാവള്ളി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	പുന്നക്കാട്
6.	യുവവേദി	കാരംവേലി
7.	ചലഞ്ചേഴ്സ്	നെല്ലിക്കാല
8.	ആക്ഷൻസ്പോർടിസിംഗ്	ഓന്തേകാട്
9.	വോൾവോ	പുന്നക്കാട്
10.	വൈ.ആർ.സി	കുഴിക്കാല
11.	സ്മാഷ്	മല്ലപ്പുഴശ്ശേരി

12.	ഫിനിക്സ്	മല്ലപ്പഴശ്ശേരി
13.	മംഗളാ കലാ സാഹിത്യ വേദി	കുഴിക്കാല
14.	മംഗളാ കലാ സാഹിത്യവേദി	കാഞ്ഞിരവേലി
15.	ഐശ്വര്യ	കർത്തവ്യം
16.	കൈരളീ യൂത്ത് ക്ലബ്ബ്	കുഴിക്കാല
17.	ഭഗത്സിംഗ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	കാഞ്ഞിരവേലി
18.	ഏയ്ഞ്ചൽ ക്ലബ്	കർത്തവ്യം

തുടങ്ങിയവയാണ് ഇവിടുത്തെ ക്ലബ്ബുകൾ ഇവ കലാ കായിക രംഗത്ത് പ്രവർത്തിക്കുന്നു.

പഞ്ചായത്തടിസ്ഥാനത്തിൽ ഈ ക്ലബുക ളുടെ പ്രവർത്തനത്തെ ഏകീകരിക്കേണ്ടത് ആവ ശ്യമാണ്. ഏഴ് മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പരമ്പരാഗതകലയുടെ ഇറ്റില്ലമാണ് നമ്മുടെ പഞ്ചായത്ത്. സംസ്ഥനതലത്തിലും ജില്ലാതലത്തിലു മുള്ള വിവിധ മത്സരങ്ങളിൽ M.G. രാജി മോൾ (മാതിരംചള്ളിൽ), ബിജി മാത്യ (വലിയകാലാ യിൽ), ജോമോൻ (പൊയ്കയിൽ) തുടങ്ങയവർ പ്രഗത്ഭ വിജയങ്ങൾ നേടിയിട്ടിണ്ട്. റവ. ജോർജ്തര്യൻ (പൊയ്കയിൽ) ഒരു ബഹുമുഖ കലാകാരൻ ആയിരുന്നു.

ആറന്മുള വിജ്ഞാന കലാവേദി സ്വദേശത്തും വിദേശത്തും ഉള്ള കലാകാരന്മാരെ കേരള ക്ഷേത്ര കലകളെ ക്കുറിച്ച് അഭ്യാസനം നടത്തുന്ന ഒരു സ്ഥാപനമാണ്. ഇത് അന്താരാഷ്ട്ര പ്രശസ്തി ആർജിച്ചതാണ്. ആറന്മുള യുവജന പ്രഫഷണൽ കലാവേദി 1992 ൽ ആരംഭിച്ചു. നിരവധി നാടക ങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ സാമ്പത്തീക പരാ ധീനതകൾ മൂലം പ്രവർത്തനം സ്തംഭിച്ചു. കായീക രണംഗത്ത് ദേശീയതാരമായ പി. എസ്സ്. ബിന്ദു, ഗീവർഗീസ് മാത്യു തെക്കേവീട്ടിൽ, ജോർജ് മാത്യു നടുവത്തൂ തുടങ്ങിയ ആനേക കായീക പ്രതിഭകൾ നമ്മുടെ നാട്ടിൽ ഉണ്ട്. കുര്യൻ മാത്യു മേലേതിൽ പ്രസിഡന്റ് സൗട്ട് അംഗമാണ്. പത്തനംതിട്ട ജില്ലയെ പ്രതിനിധീകരിച്ച് ഡൽഹിയിൽ റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുത്തിട്ടുണ്ട്.

സാഹിത്യ രംഗത്ത് ചിരപ്രതിഭ നേടിയ പല വ്യക്തികളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സുപ്രസിദ്ധ പരിസ്ഥിതി പ്രവർത്തകയും കവയത്രിയും ആയ സുഗതകുമാരി, പ്രൊ. സുജാത കുമാരി, പ്രൊ.ഹൃദയകുമാരി, കെ.വി. സത്യവ്രതൻ, കിളിക്കത്തായിൽ എന്നിവരുടെ ജനന ഗൃഹങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആണ്. പരിസ്ഥിതി പ്രവർത്തകനും സാഹിത്യകാരനുമായ പ്രൊ. മാത്യു കോശി, ആറന്മുള രാധാകൃഷ്ണൻ, മാത്യൂസ് ആറന്മുള, ആറന്മുള വിജയകുമാർ, ആന്നമ്മ കോശി പുന്നക്കാട്, ജോസ് പൊയ്കയിൽ.തോമസ്സ് വർഗീസ് കുഴിക്കാല, വറുഗീസ് പാറയിൽ തുടങ്ങയവർ അവരിൽ ചിലതാണ്. ആയിരത്തിത്തൊള്ളായിരത്തന്റെ ആരംഭ വർഷങ്ങളിൽത്തന്നെ ബിരുദമെടുത്ത ധാരാളം പേർ നമ്മുടെ നാട്ടിലുണ്ട്.

സ്വാതന്ത്ര്യ സമരങ്ങളുടെ പിൻതുടർച്ചയായി സജീവമായ രാഷ്ട്രീയപ്രവർത്തനം നമ്മുടെ പഞ്ചായത്തിലും ആരംഭിച്ചു. എല്ലാ ദേശീയ രാഷ്ട്രീയ പാർട്ടികളുടെയും, മിക്ക സ്സ്ഥാന പാർട്ടികളുടെയും ഘടകങ്ങളും, അവയുടെ പോഷക സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ സജീവമെങ്കിലും രാഷ്ട്രീയ സംഘട്ടനങ്ങൾ ഇവിടെ ഇല്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഹിന്ദുക്കളും, ക്രസ്ത്യാനികളും നമ്മുടെ

പഞ്ചായത്തിൽ അംഗസംഖ്യയിൽ ഏറെക്കുറെ തുല്യരാണ്. ഇടത്തര ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും ആണ് നമ്മുടെ പഞ്ചായത്തിൽ ഭൂരിപക്ഷവും.

ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി സമാധാനപരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ജനതയാണ് ഇവിടെയുള്ളത് എന്നത് അഭിമാനാർഹമാണ്.

പ്രശ്നങ്ങളും പരിഹാരങ്ങളും

1. പ്രവർത്തനം സ്തംഭിച്ച വായന ശാലകൾ പുനരുദ്ധരിക്കുക.
2. ടി.വി. റേഡിയോ എന്നിവയില്ലാത്ത വായന ശാലകൾക്ക് അവ സംഭാവന ചെയ്യുക.
3. പഞ്ചായത്തു പുറംമ്പോക്കുകൾ വായനശാലകൾ, ക്ലബുകൾ, മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കാൾ വിട്ടുകൊടുക്കുക.
4. പഞ്ചായത്ത് ആസ്ഥാനത്തുള്ള കർത്തവ്യം K.P.O. യൂണിയൻ ലൈബ്രറി കേന്ദ്രമാക്കി ഒരു റഫറൻസ് ലൈബ്രറി പ്രവർത്തിക്കാനുള്ള സാമ്പത്തീക സഹായങ്ങൾ ചെയ്യുക.
5. സാംസ്കാരീക നായകന്മാരുടെ നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ ഒരു സാംസ്കാരിക സമിതി രൂപീകരിച്ച് ക്ലബ്ബുകളുടെയും വായനശാലകളുടെയും പ്രവർത്തനങ്ങൾ ഏകീകരിക്കുക.
6. ആറുമാസത്തിലൊരിക്കൽ വായന ശാലയുടെയും സാംസ്കാരീക സംഘടനകളുടെയും പ്രധാനപ്പെട്ട പ്രവർത്തകരുടെ ഒരു യോഗം പഞ്ചാത്തിൽ ചേരുകയും പൊതുവിഷയങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതുമാണ്.
7. പഞ്ചായത്തിൽ സാംസ്കാരികനിലയം സ്ഥാപിക്കുക
8. നമ്മുടെ സ്കൂളുകളിൽ ഒന്നിലും തന്നെ വിശാലമായകളിസ്ഥലങ്ങളില്ല. ആ പോരായ്മ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ആസ്ഥാനത്തിനടുത്ത പ്രദേശത്ത് ഒരു സ്റ്റേഡയം സ്ഥാപിക്കുക.
9. വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും കലാ കായീക മത്സരങ്ങൾ ഏർപ്പെടുത്തുക.
10. ക്ഷയിച്ചുകൊണ്ടിരിക്കുന്ന നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനു പദ്ധതി ആവിഷ്കരിക്കുക.

5.9

വനിത

ഇൻഡ്യൻ സ്വാതന്ത്ര്യ സമരം മുതൽ രാഷ്ട്രീയ, സാമൂഹിക, സാമുദായിക രംഗങ്ങളിൽ വനിതകൾക്ക് മഹത്തായ ഒരു സേവന പാരമ്പര്യം ഉണ്ട്. വനിതകളുടെ സേവനരംഗങ്ങൾ കൂടെക്കൂടെ പ്രബലപ്പെട്ടത് നമ്മുടെ ഇൻഡ്യൻ ഭരണഘടനയിൽ സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്യത ഉറപ്പാക്കുകയും, സ്ത്രീകൾക്ക് അനുകൂലമായ പല നിയമങ്ങളും അംഗീകരിക്കുകയും ചെയ്തതോടുകൂടിയാണ്. വനിതാ വർഷവും, വനിതാദശകവും ഒക്കെ അന്താരാഷ്ട്ര പ്രാധാന്യമുള്ളവയാണ്. അന്താരാഷ്ട്ര-മനുഷ്യാവകാശ പ്രഖ്യാപനത്തിൽ സ്ത്രീകളുടെ തുല്യത താപ്പിച്ചുതന്നെ പായുകയും ചെയ്യുന്നുണ്ട്. വനിതകൾക്ക് അവരുടെ പ്രവർത്തനപന്ഥാവിൽ നിർബാധം മുൻപോട്ടു പോകുവാനുള്ള സാഹചര്യം സംജാതമായി.

മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ വളരെ പുരാതനകാലം മുതലേ വനിതകൾക്ക് ശ്രേഷ്ഠമായ ഒരു സ്ഥാനവും പദവിയും ഉണ്ട്. സ്ഥായിയായ കുടുംബ ബന്ധങ്ങളുടെ അടിസ്ഥാനം സ്ത്രീകളാണ്. ആരോഗ്യകരമായ കുടുംബജീവിതവും, സാമൂഹിക ബന്ധങ്ങളും ഇവിടുത്തെ ഭവനങ്ങളുടെ പ്രത്യേകതകളാണ്.

നാടിന്റെ പല ഭാഗങ്ങളും വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന കാലത്തുപോലും ഈ പഞ്ചായത്തിലെ നേട്ടങ്ങൾ വനിതകൾക്ക് അഭിമാനിക്കത്തക്കതാണ്. ഇന്ന് വനിത കമ്മീഷന്റെ ചെയർ പേഴ്സൺ ആയി പ്രവർത്തിക്കുന്ന, പ്രസിദ്ധ കവയത്രിയും പരിസ്ഥിതി പ്രവർത്തകയും ആയ ബഹുമാന്യയായ സുഗത കുമാരിയും, സഹോദരിമാരും ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ വാഴുവേലിൽ കുടുംബാങ്ങങ്ങളാണ്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വാഴുവേലിൽ രാമചന്ദ്രൻ നായരുടെ മാതൃ സഹോദരിയുടെ മക്കളാണിവർ. ഇന്ന് ഭരണതലങ്ങളിൽ വന്ന പ്രോത്സാഹനാജനകമായ പല വ്യതിയാനങ്ങളും സ്ത്രീകൾക്ക് അനുകൂലമായവയാണ്. ത്രിതലപഞ്ചായത്ത് സംവിധാനത്തിൽ വനിതകൾക്ക് 33 ശതമാനം സീറ്റ് സംവരണം ചെയ്തിരുന്നതിനാൽ വനിതകൾക്ക് പല നേട്ടങ്ങളും ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്. മല്ലപ്പുഴശ്ശേരി പഞ്ചായത്തിന്റെ പ്രസിഡന്റായി ശ്രീമതി. മേഴ്സി സാമുവേലും, വനിതാ മെമ്പറന്മാരായി ശ്രീമതിമാരായ സാറാമ്മ ഏബ്രഹാം, മോളി തോമസും പ്രവർത്തിച്ചുവരുന്നു.

ബ്ലോക്ക് പഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട വത്സമ്മ മാത്യു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീമതി. എലിസബേത്ത് റോയി ജില്ലാ പഞ്ചായത്ത് മെമ്പറായി പ്രവർത്തിക്കുന്നു. കാലാകാലങ്ങളിലായി ശ്രീമതിമാരായ സുവർണ്ണകുമാരി, ചിന്നമ്മ കോശി, റ്റി. കെ തങ്കമ്മ, പി. ഹിരൺമായ് ദേവി മുതലായവർ വനിതാമെമ്പറന്മാരായി പഞ്ചായത്ത് സമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്.

സ്ത്രീകൾക്ക് തെരഞ്ഞെടുക്കാവുന്ന പ്രവർത്തന മേഖലകൾ പലതുമുണ്ട്. വിദ്യാഭ്യാസമേഖല, ആരോഗ്യമേഖല, കൃഷി-ചെറുകിട വ്യവസായ മേഖല മുതലായവ അവയിൽ ചിലതുമാത്രമാണ്. പ്രാഥമീക വിദ്യാഭ്യാസത്തിനു ശേഷം തുടർന്ന് വിദ്യാഭ്യാസത്തിന് തയ്യാറാകാത്തവരെ കണ്ടുപിടിച്ച് അവരെ സൗജന്യമായി ബുക്കും, പുസ്തകവും ഒക്കെ കൊടുത്ത് വിദ്യാലയങ്ങളിൽ എത്തിക്കാനുള്ള ഒരു സംവിധാനം വനിതകൾ മുൻകൈയെടുത്ത് പ്രവർത്തിയ്ക്കേണ്ടതാണ്. ട്യൂഷൻ നൽകുവാൻ സംവിധാനം ഉണ്ടാകണം. സാക്ഷരതാ പ്രവർത്തനങ്ങൾ കൂടുതൽ പുഷ്ടിപ്പെടുത്തുവാനും ശ്രമിക്കണം.

'ചൊട്ടയിലെ ശീലം ചുടലവരെ' എന്നാണല്ലോ ശൈശവം മുതലെ ചിട്ടയായിട്ടുള്ള ഒരു പരിശീലനം കുഞ്ഞുങ്ങൾക്ക് ലഭിച്ചാലെ വിദ്യാഭ്യാസരംഗങ്ങളിലും മറ്റും അവർക്ക് മുന്നേറുവാൻ സാധിക്കുകയുള്ളു. എങ്കിൽ മാത്രമെ അവരെ ഭാവിയുടെ വാഗ്ദാനങ്ങളായി മാറ്റാൻ സാധിയ്ക്കുകയുള്ളു. ഇന്ന് പഞ്ചായത്തിൽ മൂന്ന് അംഗനവാടികളെ പ്രവർത്തിക്കുന്നുള്ളു ഈ അംഗനവാടികൾ കെട്ടിലും മട്ടിലും പുഷ്ടിപ്പെടേണ്ടതായിട്ടുണ്ട്. അംഗനവാടികൾ മിക്കതും ഫീഡിങ്ങ് സെന്ററുകൾ മാത്രമാണ്. അതുമാറണം

അവിടം നല്ല പ്രീ-പ്രൈമറി വിദ്യാഭ്യാസകേന്ദ്രങ്ങൾ ആകണം. കുറഞ്ഞ ചെലവിൽ അവിടെനിന്ന് നേഴ്സറി വിദ്യാഭ്യാസം കുഞ്ഞുങ്ങൾക്ക് ലഭിക്കണം. നേഴ്സറി പരിശീലനം നേടിയവർക്ക് അംഗനവാടികളുടെ നടത്തിപ്പിൽ മുൻഗണന നൽകണം.

വാർഡ് തലത്തിലുള്ള അംഗൻവാടികളുടെ സ്ഥിതിവിവരം

	വാർഡ്	നമ്പർ
അംഗൻവാടി	3	1
അംഗൻവാടി	5	2
ആകെ		3

ഈ പഞ്ചായത്തിന്റെ 1,2,4,6,7,8 വാർഡുകളിൽ പുതുതായി അംഗൻവാടികൾ സ്ഥാപിക്കണം. ഒരു മോഡൽ അംഗൻവാടി സ്ഥാപിക്കാൻ പറ്റിയ സൗകര്യം ആറാം വാർഡിൽ OLH കോളനിയിലുണ്ട്. അത് പ്രയോജനപ്പെടുത്തണം.

DWCRA Units-നാലെണ്ണം പ്രവർത്തിക്കുന്നു. കൂടുതൽ Units പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥാപിച്ച് കാര്യക്ഷമമായ പ്രവർത്തനം ആരംഭിക്കണം. ഒരു വാർഡിന് ഒരു യൂണിറ്റെന്ന ക്രമത്തിൽ പുതിയ യൂണിറ്റുകൾ സ്ഥാപിക്കണം. ഇവ സ്ത്രീകളുടെയും, കുഞ്ഞുങ്ങളുടെയും, ഗ്രാമത്തിലുള്ള ഉദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമം ആക്കാൻ കൂടുതൽ സഹായകമാണ്.

പൊതു വായനശാല, കമ്മ്യൂണിറ്റി സെന്റർ എന്നിവ ഈ പഞ്ചായത്തിലുണ്ടാകണം. ഇവയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ ഈ ആവശ്യത്തിന് ഉപയോഗിക്കണം.

ആരോഗ്യ മേഖലകളിലും സ്ത്രീകൾക്ക് നല്ല തൊഴിൽ സാദ്ധ്യതകൾ ഉണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആളുകൾ തിങ്ങിപാർക്കുന്ന മേഖലകളുണ്ട്. അവിടെല്ലാം കൂടെ കൂടെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. മോശമായ ജീവിത നിലവാരം, പരിസരമലിനീകരണം, പോഷകാഹാരക്കുറവ്, തുടങ്ങിയവയാണ് അവിടുത്തെ പ്രശ്നങ്ങൾ. കൊതുകുകളുടെ വർദ്ധന പല രോഗങ്ങൾക്കും കാരണമാകും. ഇത്തരം സാഹചര്യങ്ങളിൽ പരിസരശുചീകരണ പ്രശ്നങ്ങൾ വനിതാ സംഘടനകൾ ഗൗരവമായി കണക്കാക്കി അതിൽ പങ്കുചേരേണ്ടതാണ്. ഇന്ന് ഈ പഞ്ചായത്തിൽ 10 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. ആശുപത്രി സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഒരു പ്രൈമറി ഹെൽത്ത് സെന്ററും, 4 മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടങ്ങളില്ലാത്തതുള്ള പോരായ്മ ഈ യൂണിറ്റുകൾക്കുണ്ട്. പഞ്ചായത്തിലുള്ള പുറമ്പോക്കു ഭൂമി ഇതിലേക്ക് ഉപയോഗിച്ച് പുതിയ യൂണിറ്റുകൾ സ്ഥാപിക്കണം. ആറാം വാർഡിൽ OLH കോളനിക്കു സമീപം പഞ്ചായത്തിന്റെ വക ഒരു [illegible] സെന്റ് ഭൂമി ഉള്ളതിൽ ഒരു മാതൃകായൂണിറ്റ് സ്ഥാപിക്കണം. ശുദ്ധജല ദൗർല്ലഭ്യം ഈ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും അനുഭവപ്പെടുന്നു. നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയോ, പൊതു കിണറുകൾ സ്ഥാപിക്കുകയോ ചെയ്ത് ഇതിനൊരു പരിഹാരം കാണണം. ആറാം വാർഡിൽ OLH കോളനിക്കു സമീപം പൊതു കിണറിനായി പഞ്ചായത്ത് മാറ്റി വച്ചിട്ടുള്ള സ്ഥലത്ത് ഒരു പൊതുകിണർ സ്ഥാപിക്കണം. ഇത് സമീപവാസികളായ അമ്പതിൽപരം കുടുംബങ്ങളുടെ ജലക്ഷാമത്തിന് ഒരു പരിഹാരം ആകും.

ആതുരസേവന രംഗങ്ങളിൽ കൂടുതലായി പണിയെടുക്കുന്നത് വനിതകളാണ്. എന്നാൽ മിക്കവരും സ്വകാര്യ സ്ഥാപനങ്ങളിലാണ് ജോലി ചെയ്യുന്നത്. അവർക്ക് വളരെ തുച്ഛമായ വേതനമേ ലഭിക്കുന്നുള്ളു. ആയതിനാൽ ആ രംഗത്ത് ഒരു ഏകീകൃതവേതനനിരക്ക് നിലവിൽ വരേണ്ടതാവശ്യമാണ്.

കൃഷി-ചെറുകിട വ്യവസായ മേഖലകളിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി രംഗങ്ങളിൽ സ്ത്രീകൾക്ക് സ്വയം ചെയ്യാവുന്നവയും, സംഘടിച്ച് ചെയ്യാവുന്നയുമായ പല മേഖലകളുമുണ്ട്. അടുക്കളത്തോട്ടങ്ങൾ, ചെറിയ രീതിയിലുള്ള പച്ചക്കറിത്തോട്ടങ്ങൾ, ഉദ്യാനവിളകൾ എന്നിവ ആ രീതിയിലുള്ളതാണ്. ഉൽപന്നവിപണനത്തിനും, ശേഖരണത്തിനുമായി സഹകരണസംഘങ്ങൾ സ്ഥാപിക്കണം. മാലിന്യങ്ങളെ വളമായി മാറ്റാമെന്ന് മനസ്സിലാക്കി കമ്പോസ്റ്റ് വളം നിർമ്മിക്കാനും മറ്റും

സ്ത്രീകളെ ബോധവൽക്കരിക്കാൻ ഏർപ്പാടുകളുണ്ടാകണം. ഇതെല്ലാം കൃഷി ഭവനുമായി ബന്ധപ്പെടുത്തി നടത്തണം.

പച്ചക്കറിയുൽപ്പാദനം മാത്രമല്ല വിപണനവും സ്ത്രീകൾക്കേറ്റെടുക്കാവുന്നവയാണ്. സാമ്പത്തികസഹായം ബാങ്കുകൾ മുഖേനയും സഹകരണ സ്ഥാപനങ്ങൾ മുഖേനയും ലഭ്യതപ്പെടുത്തണം. ആടുമാടുകൾ, കോഴികൾ എന്നിവയെ, ഉൽപാദനശേഷി കൂടുതൽ ഉള്ളവയെ ഏറ്റവും ആദായകരമായ രീതിയിൽ വളർത്താനുള്ള ബോധവൽക്കരണവുമുണ്ടാകണം. നിർജീവങ്ങളായ ചില കാർഷിക മേഖല സ്ത്രീകളുടെ സഹകരണത്തോടുകൂടി സജീവങ്ങളാക്കാൻ സാധിക്കും.

ചെറുകിട വ്യവസായരംഗവും സ്ത്രീകൾക്ക് ഏറ്റവും പറ്റിയതാണ്. സ്വയം തൊഴിൽ സംരഭങ്ങൾ അഭ്യസ്ഥവിദ്യരായ സ്ത്രീകളുടെയിടയിൽ പ്രോൽസാഹിപ്പിക്കാൻ, ടൈപ്പ് റൈറ്റിങ്ങ് സ്ഥാപനങ്ങൾ, എസ്സ്.ടി.ഡി സെന്ററുകൾ, ഫോട്ടോസ്റ്റാറ്റ് സ്ഥാപനങ്ങൾ മുതലായവ സ്ഥാപിക്കണം. വ്യവസായ വായ്പകൾ ലഭിക്കുന്ന ഏജൻസികളുമായി ഇവരെ പരിചയപ്പെടുത്തി വായ്പകൾ ലഭ്യമാക്കണം. തൊഴിൽ രഹിതരായ വീട്ടമ്മമാരെ സഹായിക്കത്തക്ക രീതിയിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് റെഡിമെയ്ഡ് ഉടുപ്പുകളുടെ നിർമ്മാണം, പലഹാരനിർമ്മാണ കേന്ദ്രങ്ങൾ, കറിപൗഡർ നിർമ്മാണം, അച്ചാർ നിർമ്മാണം മുതലായവ മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാം. ഹരിജനങ്ങൾ കൂടുതലുള്ള വാർഡുകളിൽ (3,4) ഈറ്റ കൊണ്ടും, ചൂരൽകോണ്ടുമുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കണം. വികസനപ്രവർത്തനങ്ങളിൽ പങ്കുചേരത്തക്ക വിധം സ്ത്രീകളെ ബോധവൽക്കരിച്ച് സാമ്പത്തിക നേട്ടം കൈവരിക്കാൻ സഹായിക്കണം.

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 11630 ൽപരം വരുന്ന ജനസംഖ്യയിൽ 6082 ഉം സ്ത്രീകളാണ്, ഇവയിൽ നല്ല ഒരു പങ്ക് ആളുകൾ കാർഷിക മേഖലയിലും, കെട്ടിട നിർമ്മാണമേഖലയിലും തൊഴിൽ ചെയ്യുന്നവരാണ്. ഇവരുടെ സേവന, വേതന പ്രശ്നങ്ങൾ പഞ്ചായത്തു തലത്തിൽ കൈകാര്യം ചെയ്ത്, ഈ മേഖലകളിലെ വേതന നിരക്കിൽ തുല്യത ലഭ്യമാക്കണം. സാക്ഷരതാനിരക്ക് ഉയർന്ന നിലവാരത്തിലാണെങ്കിലും ഗൃഹപരിചരണത്തിലും, കുട്ടികളെ വളർത്തുന്ന രീതിയിലും മറ്റും ആരോഗ്യകരമായ പരിചയം ഇല്ലാത്ത വീട്ടമ്മമാർ ധാരാളം ഉണ്ട്. അച്ചടക്കവും, അനുരജ്ഞനവും സാമൂഹ്യ ജീവിത്തിന് ആവശ്യമാണെന്ന് സ്ത്രീകളെ മനസ്സിലാക്കണം.

പ്രശ്നങ്ങൾ

സൂക്ഷ്മായ തൊഴിലില്ലായ്മ സ്ത്രീകളുടെ ഇടയിൽ വലിയ പ്രശ്നമാണ്. സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന കാർഷിക മേഖലയിൽ കൂലി നിരക്ക് വളരെ കുറവാണ്. ഉത്തരവാദിത്വത്തോടുകൂടി വളരെ ഭംഗിയായി അവരവർ ഏറ്റെടുക്കുന്ന ജോലികൾ ചെയ്തു തീർക്കാൻ സ്ത്രീകൾക്ക് പൊതുവെ ഉത്സാഹമുണ്ടെന്നുള്ള സംഗതി എല്ലാവരും സമ്മതിച്ചേ മതിയാകൂ. എന്നാൽ തൊഴിലേറ്റെടുക്കാൻ സ്ത്രീകൾ പലപ്പോഴും വിമുഖത കാണിക്കുന്നുണ്ട്. ആത്മവിശ്വാസമില്ലായ്മയാണ് ഈ രംഗത്ത് അവർക്കുള്ള ഒരു പോരായ്മ. എന്നാൽ ഉത്തരവാദപ്പെട്ട തൊഴിലുകൾ സ്ത്രീകളെ ഏൽപ്പിച്ച് എണ്ണത്തിൽ മനുഷരാശിയുടെ പകുതിയോളം വരുന്ന അവരേയും അധികാരാവകാശങ്ങൾ ലഭിക്കുന്നതിനു വേണ്ടി മുന്നോട്ടു കൊണ്ടുവരേണ്ടത് സമൂഹത്തിന്റെ കടമയാണ്. അങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും, ബുദ്ധിയിലും, കഴിവിലും അവർ ആർജ്ജിച്ചിട്ടുള്ള ശക്തി പ്രകടിപ്പിക്കാനുള്ള ഒരു തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. അവകാശങ്ങൾ നേടിയെടുക്കാൻ സ്ത്രീകൾ സംഘടിക്കേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ

രാഷ്ട്രീയസാംസ്ക്കാരിക സംഘടനകൾ സ്ത്രീകളുടെ സാമൂഹ്യ രംഗത്തെയും, പൊതു രംഗത്തെയും പങ്കാളിത്തം വർദ്ധിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ രംഗങ്ങളിൽ മുൻ പരിചയം ഉള്ള വനിതകൾ അവരവരുടെ അനുഭവം വരും തലമുറയിലേക്ക് പകരണം. ആത്മവിശ്വാസം ഉണ്ടാകത്തക്ക രീതിയിൽ വനിതകളുടെ മാത്രം

സംഘടനകൾ ഉണ്ടാകണം. പഞ്ചായത്തിൽ വനിതകളുടെ ഉന്നമനത്തെ മനസ്സിലാക്കി വിദ്യാഭ്യാസം, ആരോഗ്യ രക്ഷാ പരിപാടികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സെമിനാറുകൾ നടത്തണം. സ്വയം തൊഴിൽ പ്രോത്സാഹിപ്പിച്ചാൽ വനിതകൾ കൂടുതലായി പൊതുരംഗത്ത് വർത്തിക്കാനിടയാകും. ഗ്രാമസഭകളിലും, അതു പോലെ തന്നെ പഞ്ചായത്തു തലങ്ങളിലുമുള്ള ആലോചനായോഗങ്ങളിലും വനിതകളുടെ ഭാഗഭാഗിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കണം.

വരുമാനം വർദ്ധിപ്പിക്കേണ്ടാവശ്യം പഞ്ചായത്തിലെ കുടുംബങ്ങളെ സംബന്ധിക്കുന്ന ഒരു പ്രധാനകാര്യമാണ്. സ്ത്രീകളുടെ തൊഴിലില്ലയ്മ ഒരു പരിധിവരെ പരിഹരിച്ചാൽ സാധാരണക്കാരന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. അതിലേക്കായി സ്ത്രീകളുടെ മാത്രമായുള്ള തൊഴിൽയൂണിറ്റുകളും, സഹകരണ സംരഭങ്ങളും ഉണ്ടാകണം. പിക്കിൾ, ജാമുകൾ മുതലായവ ഉണ്ടാക്കത്തക്ക യൂണിറ്റുകളും റഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകളും, കാർപെന്റർ, കൈകുത്തരി (പൊടിയരി, നെടിയരി) തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകളും പഞ്ചായത്തിൽ ആരംഭിക്കാം. ഈറ കൊണ്ടും, ചിരട്ട കൊണ്ടുമുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം, അലങ്കാരചെടികളുടെ ഉല്പാദനം, ബ്യൂട്ടി പാർലറുകൾ മുതലായവയും സ്ത്രീകൾക്ക് ഏറെ തൊഴിൽ സാധ്യതയുള്ള മേഖലകളാണ് അടുക്കളത്തോട്ടങ്ങളും കാവമാടുകളും സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ഉൽപ്പന്നങ്ങൾക്കു വേണ്ട മാർക്കറ്റിംഗ് സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കണം.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങൾ സ്ത്രീകൾക്ക് നൽകുക.
2. തൊഴിൽ രംഗങ്ങളിൽ പിടിച്ചുനിൽക്കാൻ ആവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭ്യമാക്കുക.
3. തൊഴിൽ രംഗങ്ങളിൽ സ്ത്രീകളോടുള്ള അവഗണന അവസാനിപ്പിക്കുക.
4 സ്വയം തൊഴിൽ സംരംഭങ്ങൾ സ്ത്രീകളുടെയിടയിൽ പ്രോത്സാഹിപ്പിക്കുക
5 സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ ആരംഭിക്കുന്നതിന് തടസ്സമാകാതെ വായ്പാ നടപടികൾ മുഖേന ഈ രംഗം കുറച്ചുകൂടി സുഗമമാക്കുക.
6 സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ വിവരം ലഭ്യമാക്കുക.
7 തുല്ല്യ ജോലിക്ക് തുല്ല്യവേതനം ഉറപ്പാക്കുക.
8 സംഘടനാചാതുര്യം സ്ത്രീകളിൽ പുഷ്പിപ്പെടുത്തുക.
9 സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനു വേണ്ടി മാതൃ സംഗമങ്ങളും, അംഗനവാടികളും കൂടുതൽ സംപുഷ്ടമാക്കുക.
10 വിദ്യാലയങ്ങളിൽ പാഠ്യേതര മേഖലകൾ അതായത് സ്പോർട്ട്സ് രംഗങ്ങളിലും മറ്റും പെൺകുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
11 വിശാലമായ ചിന്താശക്തി ഉണ്ടാകത്തക്ക വിധത്തിൽ ശാസ്ത്രീയബോധം സ്ത്രീകളിൽ വളർത്തത്തക്ക വിധത്തിൽ ഗ്രന്ഥശാലകളും, ന്യൂസ്സ് പേപ്പറുകളും, ടി.വി. പ്രോഗ്രാമുകളും ലഭ്യമാക്കത്തക്ക സംവിധാനങ്ങൾ ക്രമീകരിക്കുക.
12 മഹിളാസമാജങ്ങൾ സ്വന്തമായി പ്രവർത്തിക്കുവാൻ ഉതകത്തക്ക പ്രവർത്തനരംഗങ്ങൾ സജ്ജമാക്കുക. ആകെ ഈ പഞ്ചായത്തിൽ 10 മഹിളാസമാജങ്ങളുണ്ട്. കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളുമില്ലാത്ത സമാജങ്ങളാണ് കൂടുതലും.

പ്രശ്നപരിഹാരത്തിന്

1 സ്വയം തൊഴിൽ പ്രവർത്തനം ശക്തിപ്പെടുത്തുക.
2 തൊഴിൽ യൂണിറ്റുകൾക്ക് പ്രയോജനപ്പെടത്തക്ക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
3 തൊഴിൽ അവസരം, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
4തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാമ്പത്തീക സഹായം ക്രമീകരിക്കുക.
5 വിധവാപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ മുതലായവ അർഹരായ സ്ത്രീകൾക്ക് ലഭ്യമാക്കുക.
6 അംഗനവാടി പ്രവർത്തനം മെച്ചപ്പെടുത്തുക. കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.
7. സ്കൂളുകളിൽ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.

5.10

സഹകരണം

കടക്കെണിയിൽനിന്നും കർഷക സമൂഹത്തെ കരകയറ്റുക എന്ന ലക്ഷ്യത്തോടുകൂടി 1904-ൽ പാസാക്കിയ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ (കൊ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് ഓഫ് 1904) രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. തോമ്പിൽ ചാണ്ടി സാറിന്റെ നേതൃത്വത്തിൽ 1920-ാം ആണ്ടോടെ നെല്ലിക്കാല കേന്ദ്രമായി മല്ലപ്പുഴശ്ശേരി, ഇലന്തൂർ ഭാഗങ്ങളിലെ കർഷകരെ സഹായിക്കുന്നതിലേക്ക് ഒരു പരസ്പര സഹകരണ സംഘം 275-ാം നമ്പരായി തിരുവനന്തപുരം രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്ത് വിജയകരമായി പ്രവർത്തനം നടത്തിവന്നിരുന്നു. അന്നു ഏകദേശം നാൽപതോളം കർഷകർ ഈ സംഘത്തിൽ അംഗങ്ങളായി ഉണ്ടായിരുന്നു. ഏകദേശം 50 വർഷത്തെ പ്രവർത്തനത്തിനുശേഷം 1967-ൽ അന്നത്തെ ഭരണസമിതിക്കാർ തമ്മിലുണ്ടായ രൂക്ഷമായ അഭിപ്രായ വ്യത്യാസത്തെത്തുടർന്ന്, ടി സംഘം ലിക്വിഡേറ്റ് ചെയ്ത് യാതൊരു വിധമായ ധന ബാദ്ധ്യതയും ഇല്ലാതിരുന്നിട്ടുകൂടി അതിന്റെ പ്രവർത്തനം നിലച്ചു.

മല്ലപ്പുഴശ്ശേരി പഞ്ചായത്ത് അടിസ്ഥാനത്തിൽ പുന്നയ്ക്കാട്ട് കേന്ദ്രമായി 2660-ാം നമ്പരായി പുന്നയ്ക്കാട് സർവ്വീസ് സഹകരണ സംഘം എന്നപേരിൽ ഒരു സംഘം 1947 മുതൽ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ മല്ലപ്പുഴശ്ശേരി 6-ാം വാർഡ പൂർണ്ണമായും, 5-ാം വാർഡിന്റെ കുറെ ഭാഗങ്ങൾ ,കോഴഞ്ചേരി പഞ്ചായത്ത് 4,5,6 എന്നീ വാർഡുകൾ ചേർത്ത് കാരംവേലി തുണ്ടഴം കേന്ദ്രമായി P.T.45 നമ്പർ കാരംവേലി സർവ്വീസ് സഹകരണസംഘം 1988 മുതൽ നല്ല നിലയിൽ പ്രവർത്തനം നടത്തി വരുന്നു. വിവിധ മേഖലകളിലായി ഇപ്പോൾ 12-ഓളം സംഘങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

<u>ഇപ്പോൾ പ്രവർത്തനത്തിലുള്ള സംഘങ്ങൾ</u>

1. പുന്നയ്ക്കാട് സർവ്വീസ് സഹകരണസംഘം നമ്പർ 2660
2. P.T. 45-ാം നമ്പർ കാരംവേലി സർവ്വീസ് സഹകരണസംഘം.
3. P.T. 57-ാം നമ്പർ കുഴിക്കാല ക്ഷീരോല്പാദന സഹകരണസംഘം.
4. P.T 105-ാം കാരംവേലി ക്ഷീരോല്പാദന സഹകരണസംഘം.
5. കാഞ്ഞിരംവേലി ക്ഷീര സഹകരണസംഘം
6. C.S.Q. 367-ാം നമ്പർ കാരംവേലി S.N.D.P സ്കൂൾ സഹകരണസംഘം.
7. ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആനുള സഹകരണസംഘം.
8. C.M.S ഹൈസ്കൂൾ കുഴിക്കാല സഹകരണസംഘം.
9. M.T.U.P സ്കൂൾ കാരംവേലി സഹകരണസംഘം.
10. Q-862-ാം നമ്പർ ഹരിജൻ സഹകരണസംഘം മല്ലപ്പുഴശ്ശേരി.
11. P.T 71-ാം നമ്പർ കാരംവേലി കൺസ്യൂമർ സഹകരണസംഘം. (പ്രവർത്തനം സ്തംഭിച്ചത്)
12. റബ്ബർ ഗ്രോവേഴ്സ്

മല്ലപ്പുഴശ്ശേരി പഞ്ചായത്ത് അടിസ്ഥാനത്തിൽ തെങ്ങു കൃഷിക്കാരുടെ ഒരു സംഘം പ്രവർത്തനത്തിലുണ്ട്. രണ്ടു മൂന്ന് (നെൽകൃഷിക്കാരുടെ) ഗ്രൂപ്പ് ഫാമിംഗ് സംഘം രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല.

സർവ്വീസ് സഹകരണസംഘങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ (1) കൃഷിക്കാർക്കും, മറ്റും ഹ്രസ്വകാല ദീർഘകാല വായ്പകൾ ലഭ്യമാക്കൽ (2) വളം, കീടനാശിനി എന്നിവ വിതരണം ചെയ്യൽ. (3) റബ്ബർ മാർക്കറ്റിംഗ് (4) ബാങ്ക് ഇടപാടുകൾ നടത്തൽ5) ചിട്ടി നടത്തൽ എന്നിവയാണ്.

ഏകദേശം 50 വർഷം പിന്നിട്ട 2660-ാം നമ്പർ പുന്നയ്ക്കാട് സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം അടുത്തകാലം വരെ നല്ല രീതിയിൽ ആയിരുന്നില്ല. ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തനം നടക്കുന്നുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. P.T.45-ാം നമ്പർ കാരംവേലി സഹകരണസംഘം 1988-ൽ മാത്രമാണ് ആരംഭിച്ചതെങ്കിലും കുറഞ്ഞകാലംകൊണ്ട് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചതിന് പത്തനംതിട്ടജില്ലയിലെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സൊസൈറ്റി എന്ന നിലയിൽ സർക്കാരിൽനിന്നും അവാർഡ് വാങ്ങിയിട്ടുണ്ട്. ഇതിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല.

ഈ രണ്ടു സ്ഥാപനങ്ങളും ലാന്റ് രജിസ്റ്റർ പ്രകാരം ക്രഡിറ്റ് ലിമിറ്റ് സ്റ്റേറ്റുമെന്റ് തയ്യാറാക്കി വർഷംതോറും ജില്ലാ സഹകരണ ബാങ്കിൽനിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പ ലഭിക്കാനുള്ള സംവിധാനം ഇന്ന് നിലവിലില്ല.

പട്ടിക -1

കാർഷിക വായ്പാ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ചവർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	വായ്പകൾ			പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ	ജീവനക്കാർ
						നിക്ഷേപം	ഷെഡ്യൂൾഡ്	നോൺഷെഡ്			
1 പുന്നയ്ക്കാട് സർവ്വീസ് സഹകരണ സംഘം ക്ലപ്തം നമ്പർ. 2660	1947	മലപ്പുഴശ്ശേരി പഞ്ചായത്ത്	2457		90000Rs. 162385/-	Rs. 11,14,955/-	Rs. 13,96,823/-	Rs. 7,14.559/-	Rs. 4,45,992/-		
2 കാരംവേലി സർവ്വീസ് സഹകരണ സംഘം ക്ലപ്തം നമ്പർ. P.T. 45	1988	മലപ്പുഴശ്ശേരി 6-ാം വാർഡ് 5 ന്റെ ഭാഗം, കോഴഞ്ചേരി 4,5,6 വാർഡുകൾ	799			Rs. 4,95,689/-	Rs. 7,14.559/-	Rs.76.459/ -	Rs. 373629/-	Rs. 2,56,518/-	

ക്ഷീരമേഖല

ക്ഷീരോല്പാദന മേഖലയിൽ ആകെ 3 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ

ഉണ്ടെങ്കിലും 2 എണ്ണം മാത്രമേ പ്രവർത്തനം നടത്തുന്നുള്ളു. കുഴിക്കാല ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ PT 57 ഇത് മല്ലപ്പുഴശ്ശേരി 7, 8 എന്നീ വാർഡുകൾ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തി കുഴിക്കാല കേന്ദ്രമായി പ്രവർത്തിക്കുന്നു.

ഒരു വർഷം ശരാശരി 80,000 ലിറ്റർ പാല് ശേഖരിച്ച് വിതരണം ചെയ്യുന്നു. ഇതിൽ 18,000 ലിറ്റർ ഈ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നു. ബാക്കി 62,000 ലിറ്റർ പുറത്തേക്ക് അയക്കുന്നു. കാരംവേലി ക്ഷീര സഹകരണ സംഘം നമ്പർ PT 105-ന്റെ പ്രവർത്തന മേഖല മല്ലപ്പുഴശ്ശേരി 6,5-ന്റെ ഭാഗം എന്നീ വാർഡുകൾ ഉൾപ്പെട്ട ഭാഗമാണ്. വർഷം ശരാശരി 42,000 ലിറ്റർ പാല് ശേഖരിച്ച് വിതരണം ചെയ്യുന്നു. ഇതിൽ 12,000 ലിറ്റർ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുന്നു. 30,000 ലിറ്റർ പുറത്തേക്ക് അയക്കുന്നു.

വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

A. കാർഷിക മേഖല

1 സംഘടനയുടെ കുടിശികക്കാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള കർശന നടപടികൾ ഭരണസമിതി സ്വീകരിക്കണം.

2 എല്ലാ കർഷകരേയും ഓഹരി ഉടമകളാക്കി മൂലധനം വർദ്ധിപ്പിക്കണം.

3 നിക്ഷേപ സമാഹരണത്തിൽ കൂടി കൂടുതൽ തുക മൂലധനം വർദ്ധിപ്പിച്ച് ലാഭകരമായ വിധത്തിൽ വിനിയോഗിക്കണം.

4 സ്വർണ്ണപ്പണയ വായ്പ, ഭവന നിർമ്മാണ വായ്പ, സ്വയം തൊഴിൽ വായ്പ എന്നിവക്ക് തുക വിനിയോഗിക്കണം.

5 ചിട്ടികൾ കൂടുതൽ നടത്തുകയും അതിനാവശ്യമായ ചിട്ടി നിയമ വ്യവസ്ഥകൾ ലഘൂകരിക്കുകയും വേണം.

6 ഗ്രൂപ്പ് നിക്ഷേപ പദ്ധതി നടപ്പിലാക്കുക. എല്ലാ കുടുംബങ്ങളേയും നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തുക.

7 സഹകരണ ബാങ്കുകൾ, കർഷകരെ സംബന്ധിക്കുന്ന പൂർണ്ണവിവരങ്ങളോടു കൂടിയ ലാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷവും ആവശ്യമായ വായ്പത്തുക തിട്ടപ്പെടുത്തി വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

8 ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ, വർഷാരംഭത്തിനു മുമ്പുതന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായത്തിൽ ലഭ്യമാക്കണം.

9 കാർഷിക വായ്പ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയുക

10 കർഷകർക്ക് നബാർഡിൽനിന്നും, കൺസഷൻ ഫിനാൻസ് കൃത്യമായി കിട്ടുന്നതിന് നടപടി എടുക്കുക.

11 സർക്കാരിൽനിന്നും അനുവദിച്ച് കിട്ടുന്ന പലിശ സബ്സിഡി യഥാസമയം വായ്പക്കാർക്കു ലഭിക്കുവാൻ ആവശ്യമായ അടിയന്തിര നടപടി സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യുക.

12 വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പാ പരിധി ആവശ്യം. കണക്കിലെടുത്ത് ഉയർത്തണം.

13 ആൾജാമ്യ വ്യവസ്ഥയിൽ കൊടുക്കുന്ന തുകയുടെ പരിധി ഉയർത്തുക.

14 വളവും, കാർഷിക ഉപകരണങ്ങളും, കീടനാശിനികളും നല്ലയിനം വിത്തും വിതരണം ചെയ്യുന്നതിനും, കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.

15. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുമ്പോൾ അവ സെക്യൂരിറ്റിയായി സ്വീകരിച്ച് കീ ലോൺ അനുവദിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

16. ഉൽപ്പന്ന സംഭരണത്തിനാവശ്യമായ ഗോഡൗണുകൾ നിർമ്മാണത്തിന് വായ്പയും സബ്സിഡിയും L.C.D.C. സ്കീമിൽ ഉൾപ്പെടുത്തി ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണം.

17. സ്വന്തം സ്ഥലവും കെട്ടിടവും ഇല്ലാത്ത P.T.45-ാം നമ്പർ കാരംവേലി സഹകരണ സംഘത്തിന് അതുണ്ടാക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം.

18. അർഹരായ എല്ലാ കർഷകർക്കും അംഗത്വം ഉറപ്പാക്കണം.

19. മല്ലപ്പുഴശ്ശേരിയിൽ 1,2,3 വാർഡുകൾ കേന്ദ്രീകരിച്ച് പുതിയ ഒരു സർവീസ്സ് സഹകരണ സംഘം സ്ഥാപിക്കണം.

20. കേരവികസന സഹകരണ സംഘം സ്ഥാപിക്കണം.

21. നെൽകൃഷി പരിപോഷിപ്പിക്കുന്നതിന് ഗ്രൂപ്പ്

ഫാമിംഗ് സംമ്പ്രദായം ആവശ്യമുള്ള ഭാഗങ്ങളിൽ ഏർപ്പെടുത്തി അവക്ക് വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, കൊയ്ത്ത് യന്ത്രം, മെതി യന്ത്രം എന്നിവ ലഭ്യമാക്കണം

B. ക്ഷീരമേഖല

1. ക്ഷീര സംഘങ്ങളിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംഭരിക്കാൻ കഴിയുന്ന പാലിൽ ഈ പഞ്ചായത്തിലെ ആവശ്യം കഴിഞ്ഞുള്ളത് കേടു കൂടാതെ സംഭരിച്ചു സൂക്ഷിക്കാനും സംസ്കരിക്കുവാനും വേണ്ട സൗകര്യം ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാകുന്നത് നല്ലതാണ്.

2. കാലിത്തീറ്റ വിതരണത്തിന് ഓരോ സംഘത്തിനും സംവിധാനം ഉണ്ടാക്കേണ്ടതാണ്.

3. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് വിതരണം ചെയ്ത് ഓരോ സംഘത്തിന്റെയും സംഭരണ ശേഷി പ്രതിദിനം ആയിരം ലിറ്ററാക്കി ഉയർത്തുക.

4. കന്നുകാലികളുടെ സംരക്ഷണത്തിന് മൃഗസംക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം. ഗോസംവർദ്ധന ഉപകേന്ദ്രങ്ങൾ എല്ലാ വാർഡിനും ലഭ്യമാക്കണം.

5. പഞ്ചായത്ത് തലത്തിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യണം.

6. പ്രവർത്തന രഹിതമായ കാഞ്ഞിരവേലി ക്ഷീര സഹകരണ സംഘം പ്രവർത്തനക്ഷമം ആക്കണം.

7. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മേൽനോട്ടവും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി പഞ്ചായത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കണം.

C. കൺസ്യൂമർ മേഖല

1. നിലവിലുള്ള P.T 71 ാം നമ്പർ കൺസ്യൂമർ സ്റ്റോർ പുനരുദ്ധരിച്ച് പഞ്ചായത്ത് മുഴുവൻ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യത്തക്കരീതിയിൽ പുനർ ക്രമീകരണം ചെയ്യണം.

2. കൺസ്യൂമർ സൊസൈറ്റികൾക്കു വരുന്ന നഷ്ടം സിവിൽ സപ്ലൈസ് കോർപ്പറേഷനു വരുന്ന നഷ്ടം മാതിരികണക്കാക്കി സർക്കാരിൽ നിന്നും സബ്സിഡി അനുവദിക്കേണ്ടതാണ്.

3. ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും ട്രേഡ് ഡിപ്പോസിറ്റ് സ്വീകരിച്ച് ഡോർഡലിവറി സ്കീം പഞ്ചായത്ത് മുഴുവനും നടപ്പിലാക്കുക.

D. സ്കൂൾ സഹകരണ സംഘങ്ങൾ

1. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങും നോട്ടു ബുക്കുകളും മറ്റ് പഠനോപകരണങ്ങളും ന്യായവിലക്ക് ഇപ്പോഴുള്ള സഹകരണ സംഘങ്ങൾ മുഖേന ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

2. എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കുക.

3. സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന അദ്ധ്യാപകന് അലവൻസ് കൊടുക്കണം.

4. ഈ സംഘങ്ങൾ ശരിയായി പ്രവർത്തനം നടത്തുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തുകയും കാലാകാലങ്ങളിൽ വേണ്ട പരിശോധന നടത്തേണ്ടതുമാണ്.

5. സ്കൂൾ സഹകരണ സംഘങ്ങളിലെ അഴിമതി അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം. പഞ്ചായത്ത് തലത്തിൽ ഇതിനാവശ്യമായ ഉപദേശകസമിതി രൂപീകരിക്കണം.

E. ഹരിജൻ സഹകരണ സംഘങ്ങൾ

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപ വൽക്കരിച്ചിട്ടുള്ള ഹരിജൻ സർവീസ് സഹകരണ സംഘം നമ്പർ Q 862 ന്റെ പ്രവർത്തനം പുനരുദ്ധരിക്കണം.

2. കുടിശികക്കാരിൽ നിന്നും കർശനമായും കുടിശിക പിരിക്കണം.

3. കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ സഹായം ചെയ്തു കൊടുക്കണം.

4. സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കുവാൻ ആവശ്യമായ സഹായം ചെയ്തു കൊടുക്കണം. കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് വേണ്ട ഉപദേശം കൊടുക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാകണം.

F. കോഴി വളർത്തൽ

1. കൊഴി വളർത്തൽ സംഘം പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് ഇറച്ചിക്കോഴി വളർത്തലും കോഴി മുട്ട ഉൽപ്പാദനവും വിപുലപ്പെടുത്തണം.
2. സ്വയം തൊഴിൽ മേഖലകളിലും മറ്റും ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ തുടങ്ങണം.
3. ഓരോ വീട്ടിലും മുട്ടക്കോഴികളെ വളർത്തുന്നതിനു ഓരോ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.
4. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ നടപടി ഉണ്ടാകണം.
5. മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനം കൃത്യമായി ലഭിക്കുന്നതിന് പഞ്ചായത്തു തലത്തിൽ നടപടിയുണ്ടാകണം. കാര്യക്ഷമമായ പ്രവർത്തനങ്ങൾകാലാകാലങ്ങളിൽ നടക്കുന്നുണ്ടോ എന്നു പരിശോധന നടത്തേണ്ടതാണ് അതിനാവസ്യമായ ഉപദേശക സമിതി പഞ്ചായത്തിൽ ഉണ്ടാകണം.

H. തെങ്ങുകൃഷിക്കാരുടെ സഹകരണ സംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ തെങ്ങു കൃഷിക്കാരെ യോജിപ്പിച്ച് ഒരു സഹകരണ സംഘം രൂപീകരിച്ച് തെങ്ങുകൃഷി പരിപോഷിപ്പിക്കണം. ഉത്പാദനം, വിപണനം, സസ്യ സംരക്ഷണം എന്നിവ സൊസൈറ്റി മുഖേന നടപ്പിലാക്കിയാൽ കർഷകന് കൂടുതൽ ആദായം ഉറപ്പുവരുത്താം. സബ്സിഡിയോടുകൂടി വളം വിതരണം ചയ്യേണ്ടതാണ്.

I. വനിതാ സഹകരണ സംഘം

1. സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തയ്യൽ അറിയാവുന്ന വനിതകളെ ഉൾപ്പെടുത്തി ഒരു സംഘം റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.
2. റെഡീമെയ്ഡ് വസ്ത്രനിർമ്മാണത്തിന് ആവശ്യമായ തുണിത്തരങ്ങൾ മൊത്തമായി വാങ്ങി ഈ തൊഴിലുകാർക്ക് വിതരണം ചെയ്യണം. ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ തിരികെ സംഭരിച്ച് മാർക്കറ്റിൽ എത്തിക്കണം. ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും മറ്റും വിദഗ്ധരെക്കൊണ്ട് നൽകാൻ ആവശ്യമായ ക്രമീകരണം ചെയ്യണം. പ്രവർത്തനത്തിനാവശ്യമായ മൂലധനം ബാങ്ക് ലോണുകളിൽക്കൂടിയും മറ്റും ലഭിക്കുന്നതിന് സൗകര്യപ്പെടുത്തണം.
3. നോട്ടു ബുക്കുനിർമ്മാണം, അച്ചാർ നിർമ്മാണം, കറി പൗഡർ നിർമ്മാണം എന്നിവയും വനിതാ സഹകരണ സംഘങ്ങൾ മുഖേന നടത്താവുന്നതാണ്.

J. കൂടിൽ വ്യവസായ സഹകരണ സംഘം

കുട്ട, മുറം, ചൂരൽ ഉപകരണങ്ങൾ എന്നിവ ഉണ്ടാക്കുന്ന ഒരു സഹകരണ സംഘം ഉണ്ടാകണം ഈറ്റയും ചൂരലും സൗജന്യവിലയ്ക്ക് ലഭ്യമാക്കണം വിപണന സൗകര്യങ്ങളും ഉണ്ടാകണം.

K. ചെറുകിട വ്യവസായ മേഖല

പ്രസിദ്ധമായ ആറന്മുള കണ്ണാടി നിർമ്മാണത്തിന് ഒരു സൊസൈറ്റി ഉണ്ടാക്കി അംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം കൊടുക്കണം. ആവശ്യമായ മൂലധനം ബാങ്കുകൾ മുഖേന ലഭ്യമാകണം. വിപണന സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

L. നിർമ്മാണത്തൊഴിലാളി സഹകരണ സംഘം

ഇന്നു കെട്ടിട നിർമ്മാണവും മറ്റും ചെയ്യുന്നത് കൂടുതലും തമിഴ് നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ്. നാട്ടിലുള്ള നിർമ്മാണ തൊഴിലാളികളെ സംഘാടിസ്ഥാനത്തിൽ യോജിപ്പിച്ച് വിദഗ്ദ്ധ പരിശീലനം കൊടുത്ത് ശരിയായ മേൽനോട്ടത്തിൽ ആക്കിയാൽ തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുവാൻ സാധിക്കും. കൂടുതൽ വരുമാനമുണ്ടാക്കാം. കൂടുതൽ പേർക്ക് ജോലികിട്ടുന്നതു കൊണ്ട് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാധിക്കും.

ധാരാളം തോഴിൽ സാദ്ധ്യതകൾ പ്രത്യക്ഷമായും പരോക്ഷമായും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതുതായി ഉണ്ടാക്കാൻ സഹകരണ മേഖലക്ക് കഴിയുന്നതാണ്. സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾപ്പെയടുത്തി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ

രൂപീകരിക്കാവുന്നതും സംഘാംഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതുമാണ്. സംഘങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാനും സാധിക്കും. മല്ലപ്പുഴശ്ശേരി പഞ്ചായത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ ഈ പദ്ധതികൾക്ക് കഴിയും, ഗ്രാമ സ്വരാജ് എന്ന ആശയം സഫലമാക്കാൻസഹകരണപ്രസ്ഥാനത്തിനുകഴിയും. ജനകീയാസൂത്രണ പദ്ധതിയുടെദ്വിതീയഭാഗമായിനടന്ന് എട്ട് ഗ്രാമ സഭകളിൽ വന്ന നിർദ്ദേശങ്ങളും മറ്റ് ഗ്രൂപ്പുകളുടെ ചർച്ചയിൽ വന്ന നിർദ്ദേശങ്ങളും ക്രോഡീകരിച്ചു തയ്യാറാക്കിയതാണ് ഈ പ്രോജക്ട് റിപ്പോർട്ട് . ഇതു നടപ്പിലാക്കിയാൽ പഞ്ചായത്തിലെ കാർഷീക രംഗത്തും, തൊഴിൽ രംഗത്തും സാമ്പത്തീകമായും വമ്പിച്ച കുതിച്ചുചാട്ടം തന്നെ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

നമ്മുടെ ഗ്രാമത്തിന്റെ സാമ്പത്തീക സാമൂഹ്യ സാംസ്കാരീക വികസനത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിവുള്ള പ്രസ്ഥാനം എന്നനിലയിൽ സഹകരണരംഗത്ത് നടപ്പാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസനപ്രോജക്ട് റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനും മറ്റുമായി സമർപ്പിച്ചു കൊള്ളുന്നു.



5.11

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15% പട്ടികജാതിക്കാരാണ്. 1991 ലെ സെൻസസ്സ് പ്രകാരം 1948 പേർ പട്ടികജാതിക്കാരും 12 പേർ പട്ടികവർഗ്ഗക്കാരുമാണ്. സാക്ഷരതാനിരക്ക് 84% മാണ്. (ഈ ലിസ്റ്റ് ഇപ്പോൾ പൂർണ്ണമല്ല.)

വിദ്യാഭ്യാസ മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തീക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. നൂറ്റാണ്ടുകളായി ചൂഷണത്തിന് വിധേയരായിരിക്കുന്ന ഈ വിഭാഗത്തിന് ഏറിയ പങ്കും ലക്ഷംവീടുകളിലും, പട്ടയംലഭിക്കാത്തവർ സർക്കാർ പുറംപോക്കുകളിലുമാണ് താമസിക്കുന്നത്. പുറംപോക്കു ഭൂമിയിലെ താമസക്കാർക്ക് കുടിയിറക്ക് ഭീഷണിയുമുണ്ട്. ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പലപദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് ബാങ്കുകളും, മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ ഉദാസീനതയും, കർശന വ്യവസ്ഥകളും നിമിത്തം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സഹായങ്ങൾ ഈ വിഭാഗത്തിന് ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കോളനികളിൽ ഏറിയപങ്കും അംഗീകൃത രജിസ്ട്രേഷൻ അല്ലാത്തതുകൊണ്ട് നിരവധി ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നു.

വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. S.S.L.C ക്കുശേഷം തുടർന്നു പഠിക്കുന്നതിനോ, മറ്റ് ടെക്നിക്കൽ രംഗത്തേക്ക് കടക്കുന്നതിനോ പല കുട്ടികളും താത്പര്യം കാണിക്കുന്നില്ല.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിൽ എടുത്താണ് ഉപജീവനം നടത്തുന്നത്. ഈ വിഭാഗത്തിന് സ്വന്തമായ കൃഷിഭൂമിയും നാമമാത്രമാണ്. സ്വന്തമായി നെൽപ്പാടം ഇല്ലെന്നുപറയാം. പഞ്ചായത്തിൽ 1,2,3 വാർഡുകളിലാണ് കൂടുതൽ നെൽപ്പാടങ്ങൾ ഉള്ളത്. കോഴഞ്ചേരി, ആറന്മുള പഞ്ചായത്തുകളിൽപ്പെടുന്ന പാടങ്ങളിലും, ഈ പഞ്ചായത്തിലെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഏതാണ്ട് 35 വയസ്സിനുമേൽ പ്രായമുള്ളവരാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. പാടത്തു പണിയും, വിളവെടുപ്പുമായി വർഷത്തിൽ 9 മാസം പണി ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിന് ഭക്ഷണകാര്യത്തിൽ ദാരിദ്ര്യം ഒരു പരിധിവരെ പിടിച്ചു നിർത്താൻ കഴിയുന്നു. യുവാക്കളിൽ അധികവും ലോഡിംഗ്, അൺലോഡിംഗ്, നിർമ്മാണ രംഗത്താണ് പണി എടുക്കുന്നത്. എന്നാൽ യുവതിയുവാക്കളിൽ നല്ല ശതമാനം മറ്റു വ്യവസായിക രംഗത്തെ അജ്ഞത നിമിത്തം അലസരായി കഴിയുന്നു.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ നട

പ്പിലാക്കിവരുന്ന പദ്ധതികൾ സഹായിച്ചിട്ടുണ്ട്. മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സ്ഥലസൗകര്യങ്ങളാണെങ്കിലും ചെറ്റകുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. എങ്കിലും വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നു. വീടു വെയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാനാവശ്യമായ സ്ഥലവും, വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചെങ്കിൽ മാത്രമെ ഇത്തരം പ്രശ്നത്തിന് പരിഹാരം ആകുന്നുള്ളു. രണ്ടു കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിച്ചു പ്രത്യേകം വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്. പല കോളനികളിലും കക്കൂസ് നിലവിലില്ല, ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ കൊഴിഞ്ഞു പൊകുന്നു.
2. എല്ലാവർക്കും സ്വന്തമായി വീടില്ല, വീടു വെയ്ക്കാൻ സ്ഥലമില്ല. വീടു വെയ്ക്കാൻ നൽകുന്ന ധന സഹായംകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമീക സൗകര്യങ്ങളില്ല.
3. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല.
4. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
5. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
6. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
7. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പടുത്തുന്നില്ല.
8. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം തേടുന്നില്ല.
9. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ദദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.
10. കടക്കെണിയിൽ പെട്ടുപോകുന്നു.
11. വൈദ്യുതി ലഭിച്ചിട്ടില്ല

1,2,3,4,5 വാർഡുകൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ കർത്തവ്യം കേന്ദ്രമാക്കി കിടത്തി ചികിൽസിക്കാവുന്ന രീതിയിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിച്ചാൽ ടി. പഞ്ചായത്തിലെ മുഴുവൻ ആൾക്കാർക്കും പ്രയോജനം ലഭിക്കും പന്നിവേലിച്ചിറക്കു സമീപം സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണകാലത്ത് ശ്രീചിത്തിര തിരുനാൾ മഹാരാജാവ് അനുവദിച്ചു കൊടുത്ത ടി പഞ്ചായത്തിലെ പുലയർക്കുമാത്രം ഉപയോഗിക്കാൻ വേണ്ടി അനുവദിച്ച ശ്മശാനം റോഡുനിരപ്പിൽ നിന്നും ആറടി പൊക്കത്തിൽ കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്. ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യ സമയത്ത് ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ വ്യവസ്ഥകൾ ലളിതമാക്കേണ്ടതാണ്. പട്ടികജാതി കോർപ്പറേഷനും, പട്ടിക ജാതിക്ഷേമവകുപ്പും നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡത്തിൽ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉൾപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്ത് മുഖേനയാണങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം മുൻനിർത്തി സത്വരം ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷീക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
2. കൊട്ട, പരമ്പ്, പാനെയ്ത്ത്, പ്ലാസ്റ്റിക്ക് വർക്സ്, ചൂരൽ ഫർണിച്ചർ എന്നിവയുടെ നിർമ്മാണം സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും ചെയ്യുക.
4. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
5. അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ

നൽകിവരുന്ന (പട്ടികജാതി വികസന വകുപ്പ്-ഹരിജൻ കോർപ്പറേഷൻ) വായ്പകൾ ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുക. വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കുക.

6. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാനാവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കും, വായ്പകൾ ദുരുപയോഗം ചെയ്യുന്നതു തടയുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു വിടുക.

7. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ റെഡിമെയ്ഡ്, കറിപൗഡർ യൂണിറ്റുകൾ ആരംഭിക്കുക.

8. പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനു പഞ്ചായത്തിന് അധികാരം നൽകുക.

9. പഞ്ചായത്തിൽ പട്ടിക ജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷി ഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷി ഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക. കൃഷി ഭവൻ മുഖേന നൽകിവരുന്ന ഉപകരണങ്ങളുടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയണം.

10. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക, വീടു വെയ്ക്കുന്നതിനോടൊപ്പം കക്കൂസ്, കുളിമുറി ഇവ നിർമ്മിക്കുന്നതിനും , വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താവിന് അനുവാദം കൊടുക്കുക.

11. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുക ഒപ്പം ഈ വിഭാഗത്തിൽ നിന്നും ഒരംഗത്തെക്കൂടി ഉൾപ്പെടുത്തുക.

12. ലക്ഷംവീടു കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി മാറ്റുക.

13. വീടു പുതുക്കി പണിയുന്നതിനും, അറ്റകുറ്റ പണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

14. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും, വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.

15. കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ സഹായം ചെയ്യുക.

16. നാലുസെന്റ് കോളനികളിലും, ലക്ഷംവീടു കോളനികളിലും, വീടു പുതുക്കിപണിയുന്നതിനും ,ഓടുമേയുന്നതിനും ധനസഹായം ചെയ്യുക.

17. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന 3 മുതൽ 5 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും, നേഴ്സറികളും 3 കോളനിക്ക് എന്ന ഒന്ന് ക്രമത്തിൽ അനുവദിക്കുക.

18. കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. വായനശാലകൾ സ്ഥാപിക്കുക. കുടുംബബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിച്ച് കുട്ടികളെ കണ്ടെത്തി പഠനം തുടങ്ങുന്നതിനോ, മറ്റ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്നതിനോ ഉള്ള സംവിധാനം ഏർപ്പെടുത്തുക.

19. വിദ്യാസമ്പന്നരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രയോജനപ്പെടുത്തുക. S.S.L.C വരേയും തുടർന്നും പഠനം നടത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്യുക.

20. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റ് സ്ഥാപിക്കുക.

21. 1,2 വാർഡുകൾ ഉൾപ്പെടുന്ന പ്രദേശത്തെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ അടിസ്ഥാനത്തിൽ ഒരു സൊസൈറ്റി രൂപീകരിച്ചുകൊണ്ട് പശു, എരുമ, താറാവ് ഇവയുടെ ഒരു ഫാം അനുവദിച്ചു നടപ്പാക്കിയാൽ ആ മേഖലയിൽ വമ്പിച്ച വിജയം കൈവരിക്കാൻ സാധിക്കും.

22. 3,4 വാർഡുകളിലെ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ പന്നിവേലിച്ചിറയിൽ മത്സ്യം വളർത്തുന്നതിന് 10 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ ചിറ ലഭിക്കുന്നതിന് നടപടികൾ ഉണ്ടായാൽ ആ രംഗത്ത് നേട്ടം ഉണ്ടാകും.

23. 6, 7,8 കുറുന്തോർ പ്രദേശത്തെ ആൾക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് മുട്ടകോഴി. ഇറച്ചികോഴി. മുയൽ വളർത്തൽ ഫാം ആരംഭിച്ചാൽ ആരംഗത്ത് നേട്ടം ഉണ്ടാകും. കൂടാതെ പഞ്ചായത്തിന്റെ പല ഭാഗത്തായി പ്രത്യേകിച്ച് കർത്തവ്യത്ത് കൂടുതൽ വീട്ടുകാരുള്ളതുമായ . പരമ്പരാഗതമായി കുട്ട. പനമ്പ് ചൂരൽ ഉത്പന്നങ്ങൾ ഇവ നിർമ്മിക്കുന്ന വിഭാഗത്തെ ഏകോപിപ്പിച്ച് ബാംബു കോർപ്പറേഷൻ സഹായത്തോടെ കർത്തവ്യം കേന്ദ്രമാക്കി ഒരു സൊസൈറ്റി രൂപീകരിച്ചാൽ ആരംഗത്ത് പ്രയോജനം ലഭിക്കും.

24. അനുഷ്ഠാനകലകൾ സ്വായത്തമാക്കിയിട്ടുള്ള പലകലാകാരൻമാരും പ്രോത്സാഹനം ലഭിക്കാതെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ താമസിക്കുന്നുണ്ട്. അവരെ കണ്ടെത്തി അവർക്കുവേണ്ട പ്രോത്സാഹനം നൽകിയും അത്തരം കലകൾ അന്യം നിന്നുപോകാതെ അവ നിലനിർത്തുന്നതിനും, യുവതലമുറയെ പഠിപ്പിക്കാൻ പറ്റിയ വിധത്തിൽ ഒരു കലാസാംസ്ക്കാരിക നിലയ് സ്ഥാപിക്കണം.

കോളനിക്കാർക്ക് ആവശ്യമായ വികസന ലിസ്റ്റ്

വൈദ്യുതി, വെള്ളം ഇവയുടെ പ്രലഭ്യതനം എല്ലാ കോളനികളിലും ലഭിക്കത്തക്കവിധം കാര്യക്ഷമമാക്കണം.

പന്നിവേലിച്ചിറയിൽ 1964 മുതൽ കുടികിടപ്പുകാരായി താമസിക്കുന്ന 110- ഓളം കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചു നൽകേണ്ടതാണ്.

വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം
1	കോളനി ഇല്ല.	12
2	കണ്ണപുഞ്ച-വല്ല്യപാമ്പിൽ	37
3	മൊത്തം കോളനി-7	430
4.	കർത്തവ്യം-2, ഓന്തേക്കാട് -1	36
5	ഇടപ്പാറ കോളനി	75
6.	ഹരിജൻ കോളനികൾ-	3
	വേങ്ങോലിക്കൽ ചതിപ് പുരയിടം	60 652
7	ഇല്ല	6
8	അംബേദ്ക്കർ സെറ്റിൽമെന്റ് കോളനി	13 55

വീടിന്റെ പൊതുസ്വഭാവം

കോളനിയുടെ പേര്	കോൺക്രീറ്റ്	ഓട്	ഓല	ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ആവശ്യമുള്ളവർ	കക്കൂസ് ആവശ്യമില്ലാത്ത
1 ഇല്ല						
2 കണ്ണൻപുഞ്ച-വല്ല്യപറമ്പിൽ	2	30	7	10	27	
3 മൊത്തം 7 കോളനി	2	400	30	30	150	200
4 കർത്തവ്യം-2, 2 ഓന്തേകാട്-1		35	1	10	10	25
5 ഇടപ്പാറ കോളനി		60	15	15	40	20
6 വെങ്ങോലി, മുരുപ്പേൽ ചരിവുപുരയിടം കോളനി OLH കോളനി		70	5	10	25	40
7 ഇല്ല		7		3	4	3
8 അംബേദ്ക്കർ സെറ്റിൽമെന്റ് കോളനി കുഴിക്കാല		10	5	5	5	5

വാർഡ്

1. 2-ാം വാർഡിൽ കണ്ണൻപുഞ്ച കോളനി-കിഴക്കേക്കരപ്പടി റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
2. (3) പന്നിവേലിച്ചിറ, കുര്യൻപാലം, കനാൽ റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
3. (4) കർത്തവ്യം കോളനി റോഡ് വീതികൂട്ടി ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
4. (3) ഫിഷറീസ് ബണ്ട് റോഡ്, കർത്തവ്യം, OLH കോളനി റോഡ് സഞ്ചാര യോഗ്യമാക്കണം.
5. (5) ഇടപ്പാറ കോളനിക്കുള്ള റോഡ് ടാർ ചെയ്യണം.
6. (3) മണവേലികുറ്റി ലക്ഷം വീടുകാർക്ക് വഴി സൗകര്യം മെച്ചപ്പെടുത്തുക.
7. (6) മുരുപ്പേൽ ലക്ഷംവീടു കോളനി റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
8. (3) കുറുന്താർ സെറ്റിൽമെന്റ് കോളനി റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
9. ചരുവുപുരയിടം റോഡ് ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
10. വാഴയിൽപടി- പന്നിവേലിച്ചിറ ബണ്ട് റോഡ് ടാർ ചെയ്യുക.
11. നെല്ലിക്കാല O.L.H കോളനി റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ			
വാർഡ്			ജനപങ്കാളിത്തത്തോടെ നടപ്പാക്കാവുന്ന കോളനികൾ
1.			
2.	കണ്ണാമ്പുഞ്ച കോളനി	2	കണ്ണാമ്പുഞ്ച
3.	കുറുന്താർ സെറ്റിൽമെന്റ് . മണവേലിക്കുറ്റി ഫിഷറീസ് പടി ഓരേകാട്	3	കുറുന്താർ ഹൗസ് സെറ്റ് കോളനി.
4.	കർത്തവ്യം OLH കോളനി.	4	OLH കർത്തവ്യം
5.	ഇടപ്പാറ കോളനി		
6.	മുരുപ്പേൽ ചരിവ് പുരയിടം		6 മുരുപ്പേൽ കോളനി ഉതി നിൽക്കുന്നതിൽ കോളനി.
7.			
8.	അംബേദ്കർ സെറ്റിൽമെന്റ് കോളനി കുഴിക്കാല		

പഞ്ചായത്തിൽ 6-ാം വാർഡിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്കാരുടെ വക രണ്ടേക്കർ സ്ഥലം ഇപ്പോൾ അന്യാധീനപ്പെട്ടു പോയിരിക്കയാണ്.ഈ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് പട്ടിക ജാതി വിഭാഗത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ പല സ്ഥാപനങ്ങളും അവിടെ സ്ഥാപിക്കാവുന്നതാണ്. പട്ടിജാതി വികസന വകുപ്പ് നടപ്പാക്കുന്ന പ്രീമെട്രിക്ക് ഹോസ്റ്റൽ ഹരിജൻ വ്യവസായ സഹകരണ സംഘം, തുടങ്ങി അനവധി സ്ഥാപനങ്ങളും ഈ സ്ഥലത്ത് ആരംഭിക്കാവുന്നതാണ്. അടിയന്തിരമായി ഈ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കേണ്ടതാണ്.



5.12

വിഭവസമാഹരണം

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

കർത്തവ്യം പുന്നക്കാട്

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ വരുമാന മാർഗം കൃഷിയാണ്. എന്നാൽ കൃഷി ഇവിടെ മുരടിച്ച അവസ്ഥയിലാണ്. നെൽകൃഷിയിൽ ഉല്പാദനക്ഷമത കുറവായതും ഉല്പാദനച്ചിലവ് വർദ്ധിച്ചതും കാരണം അതിൽ നിന്നുള്ള ആദായം പരിമിതമാണ്.

കാറ്റുവീഴ്ചാ രോഗം തെങ്ങുകളുടെ ഉല്പാദനത്തെ ഗണ്യമായി കുറച്ചു. റബ്ബർ മാത്രമാണ് ആകർഷകവും ആദായകരവുമായ കൃഷി. മൊത്തം ഉള്ള 754 ഹെക്ടർ കരഭൂമിയുടെ 35 ശതമാനത്തോളം മാത്രമേ റബ്ബർ കൃഷിചെയ്യുന്നുള്ളൂ. മറ്റു വിളകളായ കുരുമുളക്, ഇഞ്ചി, വാഴ, മരച്ചീനി മുതലായവ തെങ്ങിനോടൊപ്പം ഇടവിളകളായി മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ആദായം തൃപ്തികരമല്ല.

വലിയ വ്യവസായ യൂണിറ്റുകളൊന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. നാമമാത്രമായ ചെറുകിട വ്യവസായ യൂണിറ്റുകളും വ്യാപാര സ്ഥാപനങ്ങളും മാത്രമേ ഈ രംഗത്തുള്ളൂ. അതു കൊണ്ടുതന്നെ പഞ്ചായത്തിനുള്ള വരുമാനം പരിമിതമാണ്.

പഞ്ചായത്തിന്റെ വരുമാനമാർഗങ്ങൾ കെട്ടിടനികുതി, വിനോദ നികുതി, തൊഴിൽ നികുതി, ഗ്രാന്റുകൾ മുതലായവയാണ് ഈ പഞ്ചായത്തിൽ നികുതി ഈടാക്കുന്ന 2717 കെട്ടിടങ്ങളും, ഉദ്യോഗസ്ഥന്മാരും കച്ചവടക്കാരും ഉൾപ്പെടെ തൊഴിൽ നികുതി നൽകുന്ന 454 ആളുകളുണ്ട്

1996 - 96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിന്റെ വാർഷിക വരുമാനം അതേ കാലയളവിലെ ചെലവും താഴെ കൊടുക്കുന്നു.

വരവ് - 1995 - 96

	ഇനം	തുക
1.	കെട്ടിട നികുതി	240162.00
2.	വിനോദ നികുതി	6966.00
3.	അധിക വിനോദ നികുതി	4106.00
4.	തൊഴിൽ നികുതി	100875.00
5.	പ്രദർശന നികുതി	1335.00
6.	സർചാർജ്	358.00
7.	ലൈസൻസ് ഫീസ്	3737.00
8.	വസ്തു കൈമാറ്റ നികുതി	84469.00
9.	ചന്തപിരിവ്	13075.00
10.	ഇറച്ചിക്കട	13000.00
11.	ഉപാധി രഹിത ഫണ്ട്	330000.00
	VTC	71286.00
	VRM	14817.00
	M.I	11260.00
	മറ്റിനങ്ങൾ	557990.00
	JRY	106571.00
	മൊത്തം	1560007.00

ചിലവ് — 1995 - 96

	ഇനം	തുക രൂ: സ
1.	ഭരണ സംബന്ധം	354642.00
2.	പൊതുരാമത്ത്	30852.00
3.	വിദ്യാഭ്യസം	38012.00
4.	ജലവിതരണം	10000.00
5.	പൊതുജനാരോഗ്യം തെരുവു വിളക്കുപകൾ	97561.00
6.	മറ്റുള്ളവ	639864.50
7.	JRY	135296.00
	മൊത്തം	1306227.5.50

മേൽ വിവരിച്ച പട്ടികയിൽനിനും തന്നാണ്ടിൽ 253780.50 മിച്ചമുള്ളതായി കാണുന്നു. പഞ്ചായത്തിലെ വികസനാവശ്യങ്ങൾ പരിഗണിയ്ക്കുമ്പോൾ ഈ തുക കൂടി പരിമിതമാണ്.

വിദേശ രാജ്യങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നും ധാരാളം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ഇത് പഞ്ചായത്തിലെ ഒരു വലിയ വിഭാഗം ആളുകളുടെ സാമ്പത്തിക വളർച്ചയ്ക്ക് സഹായിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർദ്ധനവ് ഭൂരിഭാഗവും ഭൂമി വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിലും ഒതുങ്ങി നിൽക്കുന്നു. അതുകൊണ്ട് ജനങ്ങളുടെ ആകമാന ക്ഷേമത്തിനും ദേശത്തിന്റെ വികസനത്തിനും ഉപകരിച്ചിട്ടില്ല. തൻനിമിത്തം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കന്നതിനു സാധിച്ചിട്ടില്ല.

ഒൻപതാം പദ്ധതിയിൽ പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾ നിർവ്വഹിക്കേണ്ടത് താഴെ വിവരിക്കുന്ന സാമ്പത്തിക സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചാണ്.

1. കേന്ദ്ര വിഹിതം
2. സംസ്ഥാന ഗവൺമെന്റു വിഹിതം
3. പഞ്ചായത്ത് ഫണ്ടു്.

എന്നാൽ വികസനാവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഈ തുകകൾ അപര്യാപ്തമാണ്. അതുകൊണ്ട് നിലവിലുള്ള നികുതികൾ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യേണ്ടതും പ്രാദേശികമായി ശ്രമദാനം സംഘടിപ്പിച്ചും പണം പിരിച്ചെടുത്തും വികസനാവശ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

ചിലതത്വങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി ഭാരമാകരുത്. എന്നാൽ വരുമാനത്തിന്റേ ചെറിയൊരു അംശം നൽകി എല്ലാവരും ദേശത്തിന്റെ വികസനത്തിൽ പങ്കാളികളാകണം എന്നതായിരിക്കണം ദർശനം.
2. വരുമാനമുള്ള എല്ലാവരിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.
3. നികുതി കൊടുക്കുന്നതു വഴി തങ്ങൾ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. അതുകൊണ്ടുതന്നെ ചെലവിന്റെ കാര്യത്തിൽ സുതാര്യത ഉണ്ടാകണം.
4. നികുതി പിരിക്കുന്നതിൽ വാർഡ് പ്രതിനിധിയും വികസന സമിതി തല്പരാകണം. ഇതും വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പരിഗണിക്കണം.

നിശ്ചിത തിയ്യതികളിൽ വാർഡിലെ നിശ്ചിത സ്ഥലങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എത്തി നികുതി പിരിക്കേണ്ടതാണ്.

കെട്ടിട നികുതി

കെട്ടിട നികുതി ചുമത്തുന്നത് കൂടുതൽ ശാസ്ത്രീയമാകണം. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല, അതിന്റെ ലൊക്കേഷനും ലഭ്യമായ സൗകര്യങ്ങളും കൂടി കണക്കിലെടുത്ത് നികുതി വസൂലാക്കണം. ആവശ്യത്തിൽകവിഞ്ഞ തറ വിസ്തീർണവും ആഡംബരവും ഉള്ള കെട്ടിടങ്ങളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുന്ന രീതിയിലായിരിക്കണം നികുതിയുടെ ഘടന.

തൊഴിൽ നികുതി.

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും മറ്റു സംഘടിത സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നവരിൽ നിന്നും മാത്രമേ നികുതി ഈടാക്കുന്നുള്ളൂ. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മറ്റേതെങ്കിലും വിഭാഗങ്ങൾ ഉണ്ടെങ്കിൽ അവരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ ചെയ്യുന്ന എല്ലാവരേയും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കേണ്ടതാണ് .

പുറംപോക്കു ഭൂമിയിൽ

നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമികൾ അളന്നു തിട്ടപ്പെടുത്തി അത് കൃഷിയ്ക്ക് കൊടുക്കുന്നതിനും അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യമാണ്. ഭൂമിയുടെ സംരക്ഷണം ഉറപ്പാകുകയും ചെയ്യും.

മണൽവാരൽ

1996 ഒക്ടോബർ മുതൽ താല്ക്കാലികമായി പരിമിതമായ തോതിൽ മണൽ വാരുന്നതിനുള്ള അനുവാദം ലഭ്യമായത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ഒരളവുവരെ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

ബാങ്ക് ഫൈനാൻസ്

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹകരണ സംഘങ്ങളും ഹരിജനങ്ങൾക്ക് പ്രത്യേകമായി ഒരു സഹകരണ സംഘവുമുണ്ട്. ഇവ വായ്പ നൽകുന്നവയാണ്. കൂടാതെ താഴെപ്പറയുന്ന കൊമേഷ്യൽ ബാങ്കുകളും ഉണ്ട്.

1. സിൻഡിക്കേറ്റ് ബാങ്ക്., വാർഡ്. 1
2. യൂക്കോ ബാങ്ക്., വാർഡ് 6
3. ഫെഡറൽ ബാങ്ക്, രണ്ടു ശാഖകൾ , വാർഡ് 4,7
4. സെൻട്രൽ ബാങ്ക്. വാർഡ് 4

നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ വളരെ കുറവാണ്. പഞ്ചായത്തിന് വായ്പ എടുക്കുവാനുള്ള പ്രൊവിഷൻ പഞ്ചായത്ത് നിയമത്തിലുണ്ട് ഇവ പ്രയോജനപ്പെടുത്തി പഞ്ചായത്തിന്റെ വക റോഡുവക്കത്തുള്ള സ്ഥലങ്ങളിൽ വ്യാപാരസ്ഥാപനത്തിനാവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനു സഹായിക്കും.

കുഴിക്കാല, (വാർഡ്. 8) ലുള്ള പഞ്ചായത്ത് വക മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത് ദേശത്തിന്റെ വികസനത്തിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമാകും.

ഭൂനികുതി

ഇന്ന് ഭൂനികുതി പിരിച്ചെടുക്കുന്നത് റവന്യൂ വകുപ്പാണ്. നികുതി പിരിച്ചെടുക്കുവാനുള്ള അവകാശം പഞ്ചായത്തിനു ലഭിക്കുന്നതിനു ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

ഗ്രാമചന്ത

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ചന്ത കുഴിക്കാലായിലാണ്. ഇത് കൂടാതെ തറയിൽ മുക്ക്) വാർഡ് 1,2 തുണ്ടഴം (വാർഡ് 6) മുതലായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഓരോ ഗ്രാമചന്ത ഏർപ്പെടുത്തുന്നത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും.

കച്ചവട ലൈസൻസ്

നമ്മുടെ പഞ്ചായത്തിലെ കച്ചവട ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാവുന്നതാണ്. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടുപിടിച്ച് ഫീസ് ചുമത്തണം.

ടൂറിസം

പന്നിവേലിച്ചിറ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാവുന്നതാണ്. അത് നിറവേറ്റുമ്പോൾ പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടാകും.

നാഷണൽ സേവിംഗ്സ് സ്കീം.

നമ്മുടെ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന നാഷണൽ സേവിംഗ്സ് സ്കീമിൽ പെട്ട നിക്ഷേപങ്ങളുടെ 20 % വരെ പഞ്ചായത്തിനു് അവകാശപ്പെട്ടതാണ്. ഭരണസമിതിയും വാർഡ് വികസന സമിതിയും ചേർന്ന് പരമാവധി നിക്ഷേപം സ്വരൂപിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിയ്ക്കും.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിൽ 46436 മീറ്റർ മൺ റോഡുകൾ ഉണ്ട്. ഈ റോഡുകളുടെ അറ്റകുറ്റപണികൾ യഥാകാലം നടക്കുന്നില്ല. റോഡിന്റെ സംരക്ഷണത്തിനായി ഒരു വലിയ തുക വർഷംതോറും ചെലവാക്കേണ്ടിയിരിക്കുന്നു.. നമ്മുടെ നാട്ടിൽ ധാരാളമായി ജന സന്നദ്ധ സംഘടകൾ ഉണ്ട്. അവരെ സഹകരിപ്പിച്ച് ശ്രമദാനം വഴി നമ്മുടെ മണ്ണു റോഡുകളുടെ റിപ്പയറിംഗും. കാടുതെളിക്കുന്നതിനും, കാന കോരുന്നതും നിർവ്വഹിക്കാവുന്നതാണ്.

ഓരോ റോഡും ഭംഗിയായി സംരക്ഷിക്കുവാനുള്ള ചുമതല റോഡിന്റെ പരിസരവാസികൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി ഭരണസമിതിയും വികസനസമിതിയും ഒത്തുചേർന്ന് ബോധവൽക്കരണം നടത്തേണ്ടതാണ്.

അഭിമാനാർഹമായ സമുദായ സൗഹാർദ്ദം നിലനിൽക്കുന്നതും സേവനതല്പരതയുള്ള യുവജനസംഘടനകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ നേതൃത്വം നല്കുമെങ്കിൽ വികസനരംഗത്ത് വൻ നേട്ടങ്ങൾ കാഴ്ച വയ്ക്കുവാൻ സാധിക്കും.



5.13

ടൂറിസം

മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ. കോഴഞ്ചേരി താലൂക്കിൽ, തെക്കേമലയിൽ നിന്നും ഒന്നര കിലോമീറ്റർ അകലെ കോഴഞ്ചേരി ഇലവുംതിട്ട പന്തളം റോഡിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് പന്നിവേലിച്ചിറ. ഏതാണ്ട് 20 ഹെക്ടറോളം വരുന്ന ഈ സ്ഥലം ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുവാൻ സാദ്ധ്യതകളുണ്ട്.

യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ ചിറയ്ക്ക് ആഴം കൂട്ടി ആറന്മുള മല്ലപ്പുഴശ്ശേരി കോഴഞ്ചേരി പഞ്ചായത്തുകളിലെ നെൽകൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കാനുള്ള ഒരു നിർദ്ദേശം നിലവിലുണ്ട്. വിശാലമായ ചിറ ആഴംകൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ചിറയുടെ മദ്ധ്യഭാഗത്ത് നിക്ഷേപിച്ച് കരയാക്കി എടുത്ത് അപൂർവ്വസസ്യങ്ങളുൾപ്പെടുന്ന ബൊട്ടാണിക്കൽ ഗാർഡൻ ആക്കിമാറ്റാം. മലയോര ജില്ലയായ പത്തനംതിട്ടയിൽ വനനശീകരണം മൂലം നാശം നേരിടുന്ന അപൂർവ്വ സസ്യങ്ങളും ഔഷധച്ചെടികളും ഇവിടെ വെച്ചു പിടിപ്പിക്കാം.

സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മീൻ വളർത്തൽ കേന്ദ്രം പന്നിവേലിച്ചിറയിലുണ്ട്. ഒരു മത്സ്യഗവേഷണകേന്ദ്രം തുടങ്ങിയാൽ സമീപത്തെ കോളജ് വിദ്യാർത്ഥികൾക്ക് അത് പ്രയോജനകരമാകും.

മലമ്പുഴയിതലേതുപോലെ ഒരു അക്വേറിയം തുടങ്ങിയാൽ സന്ദർശകരെ ആകർഷിക്കുകയും മീൻവളർത്തുകേന്ദ്രത്തിന് പുതിയൊരു ആദായമാർഗ്ഗമായിത്തീരുകയും ചെയ്യും.

ചിറയിൽ വെള്ളം വർദ്ധിക്കുന്നതോടെ ബോട്ടിംഗിനും സൗകര്യമാകും. കൃഷി, വിനോദസഞ്ചാരം, ബൊട്ടാണിക്കൽ ഗാർഡൻ, മത്സ്യഗവേഷണകേന്ദ്രം, മ്യൂസിയം, അക്വേറിയം തുടങ്ങിയവ ഉൾപ്പെടുന്ന വിനോദ വിജ്ഞാനകേന്ദ്രമാക്കിമാറ്റുവാൻ പ്രൊഫ. മാത്യു കോശി, ശ്രീ. മാത്യു തോമസ് (പഞ്ചായത്ത് പ്രസിഡന്റ് 1994) എന്നിവരുടെ നേതൃത്വത്തിൽ ജില്ലാകളക്ടർക്കും സംസ്ഥാനഭരണാധികാരികൾക്കും 1994ൽ നിവേദനം സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടർ ശ്രീമതി. കെ.ബി. വൽസലകുമാരി, ബന്ധപ്പെട്ടവകുപ്പുകളായ മൈനർ ഇറിഗേഷൻ മീൻ വളർത്തൽ കേന്ദ്രം ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവയുടെ സംയുക്തയോഗം വിളിച്ചുകൂട്ടി പദ്ധതി അംഗീകരിക്കുകയുണ്ടായി. പന്നിവേലിച്ചിറക്ക് 50 കി.മി. ചുറ്റളവിൽ വരുന്ന 8 കോളജ് പ്രതിനിധികളെ വിളിച്ചുകൂട്ടി ബൊട്ടാണിക്കൽ ഗാർഡൻ പന്നിവേലിച്ചിറയിൽ വികസിപ്പിച്ചെടുക്കുവാനുള്ള സാദ്ധ്യതകൾ കളക്ടർ ആരാഞ്ഞു. തുടർന്നു നടന്നചർച്ചകളിൽ സെന്റ് തോമസ് കോളജ് കോഴഞ്ചേരി, കാതോലിക്കേറ്റ് കോളജ് പത്തനംതിട്ട, സെന്റ് തോമസ് കോളജ് റാന്നി, മാർത്തോമാ കോളജ് തിരുവല്ല, ഡി.ബി. കോളജ് പരുമല, ക്രിസ്റ്റ്യൻ കോളജ് ചെങ്ങന്നൂർ, ബിഷപ്പ് മൂർ കോളജ് മാവേലിക്കര, എൻ.എസ്സ്. എസ്സ്.കോളജ് പന്തളം എന്നീകോളജ്കൾ ഒരു "കൺസോർഷ്യം' ആയി പ്രവർത്തിക്കുവാൻ സമ്മതിച്ചുകൊണ്ടുള്ള പ്രിൻസിപ്പൽമാരുടെ സമ്മതപത്രം കളക്ടറെ ഏൽപ്പിക്കുകയും ചെയ്തു. കോഴഞ്ചേരി സെന്റ് തോമസ് കോളജിനെ ലീഡ് കോളജായി "കൺസോർഷ്യം" അംഗീകരിച്ചു. യു.ജി.സിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുവാൻ യു.ജി.സിയുമായി ബന്ധപ്പെടുവാൻ പ്രൊഫ. മാത്യു കോശിയെ ചുമതലപ്പെടുത്തി. യു.ജി.സിക്ക് പദ്ധതി തയ്യാറാക്കി 1995 ജനുവരിയിൽ സമർപ്പിച്ചു. എങ്കിലും യൂറോപ്യൻ കമ്മ്യൂണിറ്റിയിൽ നിന്നും ലഭിക്കുവാൻ പ്രതീക്ഷിച്ചിരുന്ന 60 ലക്ഷം രൂപ ലഭിക്കാതിരുന്നതിനാൽ പദ്ധതിയെക്കുറിച്ചുള്ള ചർച്ചകളും അന്വേഷണങ്ങളും എല്ലാം മന്ദതിയിലായി.

ജനകീയാസൂത്രണ ചർച്ചകളിൽ ഈ ടൂറിസ പദ്ധതി വീണ്ടും സജീവമായി. പത്തനംതിട്ട ജില്ലയിൽ തരിശായിക്കിടക്കുന്ന ഈ ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തണം ഏതാണ്ട് നൂറോളം കുടികിടപ്പുകാർ ഉണ്ട്. ഈ നാടിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്ന ഇവർക്ക് സ്ഥിരമായ താമസ സൗകര്യങ്ങൾ കൊടുക്കേണ്ടത് ഈ നാടിന്റെ ഉത്തരവാദിത്തംകൂടിയാണ്. പന്നിവേലിച്ചിറ ടൂറിസം

വികസനത്തിന് പ്രധാന തടസ്സം കുടികിടപ്പുകാരുടെ പ്രശ്നം പരിഹരിക്കാത്തതാണ്. ആയതിനാൽ താഴെപ്പറയുന്ന നിർദ്ദേശം വയ്ക്കുകയാണ്.

1. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് പന്നിവേലിച്ചിറയിൽ ഏതെങ്കിലും ഒരു ഭാഗത്തായി ഭവനങ്ങൾ നർമ്മിച്ചുനൽകുന്നതിന്റെ സാമ്പത്തീക ഉത്തരവാദിത്തം ഏറ്റെടുക്കണം.

2. ലക്ഷംവീടുകോളനി പോലെ ആകാതിരിക്കുവാൻ ഫ്ലാറ്റുസിസ്റ്റത്തിൽ സൗകര്യപ്രദമായ രീതിയിൽ ഡിസൈൻ ചെയ്ത് പണിതാൽ ഭാവിയിൽ താമസക്കാർക്ക് പ്രശ്നങ്ങൾ ഉണ്ടാവില്ല.

3. ഈ കോളനിയിൽ ഓരോ വീടിനും കക്കൂസ്, ശുദ്ധജലവിതരണം ലഭിക്കുവാനുള്ള സൗകര്യം, പൊതുവായ കളിസ്ഥലം തുടങ്ങിയവ ക്രമീകരിക്കണം.

4. ടൂറിസം വികസനത്തോടനുബന്ധിച്ചു വരുന്ന ജോലിക്ക് ഇവർക്ക് കഴിവിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.

5. ടൂറിസ്റ്റു വികസനത്തിന്റെ ഭാഗമായി പണികഴിപ്പിക്കുന്ന കോംപ്ലക്സുകളിൽ കടകൾ മിതമായവാടകക്കു ഇവർക്ക് ലഭ്യമാക്കണം.

6. ടൂറിസ്റ്റുകൾക്ക് യാത്രചെയ്യുവാനായി കാർ ഓട്ടോ തുടങ്ങിയവ വാങ്ങുവാൻ ലോൺ നൽകുവാൻ ക്രമീകരണങ്ങൾ ചെയ്യണം.

7. പന്നിവേലിച്ചിറയിൽ സർക്കാർ ഭൂമിയിൽ പുതിയതായി ഇനിയും വീടുകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

ടൂറിസത്തിനുള്ള സാദ്ധ്യതകൾ

1. ആറന്മുള വള്ളംകളി, മാരാമൺ കൺവൻഷൻ, ചെറുകോൽപ്പുഴ കൺവൻഷൻ, മഞ്ഞനിക്കര തീർത്ഥാടനം, ശബരിമല തീർത്ഥാടനം തുടങ്ങിയവ ഈ ജില്ലയിൽ നടക്കുന്ന ആഗോള പ്രസിദ്ധിയാർജ്ജിച്ച പരിപാടികളാണ്. ഈ പരിപാടികളിൽ പങ്കെടുക്കുവാൻ വരുന്നവർ പന്നിവേലിച്ചിറ വിനോദ വിജ്ഞാന കേന്ദ്രം സന്ദർശിക്കും.

2. വിദേശ പണത്തിന്റെ വരവോടെ കോഴഞ്ചേരി താലൂക്ക് ഒരു നഗരവൽക്കരണ പാതയിലാണ്. ചുറ്റും മതിലുകൾ കെട്ടി മുഴുവൻ സമയം ടി. വി. യുടെ മുൻപിൽ കഴിഞ്ഞു കൂടുന്ന കുടുംബങ്ങളുടെ എണ്ണം കൂടി വരികയാണ്. ഒരുമിച്ചു കൂടുവാനും "ടെൻഷൻ" ലഘൂകരിക്കുവാനും ഉള്ള സൗകര്യങ്ങൾ കുറഞ്ഞു വരുന്നതിനാൽ രോഗികളുടെ എണ്ണവും കൂടി വരുന്നു. കോഴഞ്ചേരിയിലും ചുറ്റുപാടും ഉള്ള ആശുപത്രികളുടെ എണ്ണം, ആശുപത്രിയിൽ കിടക്കകൾ ലഭിക്കുവാൻ രോഗികൾക്കു വരുന്ന താമസം തുടങ്ങിയവ ഇതിനു തെളിവാണ്. കോഴഞ്ചേരി താലൂക്കിലെ ജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനുമായി പന്നിവേലിച്ചിറ ഉപയോഗപ്പെടുത്തണം.

3. സുവോളജി, ബോട്ടണി പഠിക്കുന്ന കോളജ് വിദ്യാർത്ഥികൾക്ക് വിജ്ഞാന കേന്ദ്രം പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

4. ടൂറിസത്തോടനുബന്ധിച്ച് അനേകം പേർക്ക് ജോലി കിട്ടുവാൻ സാദ്ധ്യതയുണ്ട്.

പത്തനംതിട്ട ജില്ലയുടെ സമഗ്രമായ വികസനത്തിനു സഹായിക്കുന്ന ടൂറിസ വികസന പദ്ധതിയാണ് പന്നിവേലിച്ചിറ വിനോദ വിജ്ഞാന കേന്ദ്രം.



ഉപസംഹാരം

മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ തയ്യാറാക്കുവാൻ ജാതിമത രാഷ്ട്രീയ ചിന്തക്കൾക്കതീതമായി എല്ലാവരുടേയും സഹകരണം തേടിയിട്ടുണ്ട് പഞ്ചായത്തുകമ്മറ്റി ഇതിനു സഹായകരമായ നിലപാടാണ് എടുത്തതും.

ഒരു വർഷം കൊണ്ട് തയ്യാറാക്കിയ പഞ്ചായത്ത് വികസന റിപ്പോർട്ടാണ് മാതൃകയായി ഞങ്ങളുടെ മുമ്പിൽ ഉണ്ടായിരുന്നത്. അതുപോലൊരു റിപ്പോർട്ട്, രണ്ടാഴ്ചകൊണ്ട് തയ്യാറാക്കുക എന്നത് ശ്രമകരമായ ജോലിയായിരുന്നു. ഏതാണ്ട് അമ്പതോളം പേർ ഈ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ചു.നാടിന്റെ വികസനത്തന് സമയവും കഴിവുകളും ചെലവഴിക്കുവാൻ ജനങ്ങൾ തയ്യാറാണ് എന്നുള്ളതിന്റെ തെളിവാണിത്. മണിക്കൂറുകൾ നീണ്ട ചർച്ചകളിൽ അഭിപ്രായ സമന്വയമുണ്ടാകുവാനും സാധിച്ചു. ഈ ഒരു കൂട്ടായ്മയും സഹകരണവും വികസന സെമിനാറിലും ഉണ്ടാകണം.

വികസന റിപ്പോർട്ടു പദ്ധതി രൂപീകരണത്തിന്റെ ഒരു ഘട്ടം മാത്രമാണ്. വികസന സെമിനാർ രൂപം നൽകുന്ന കർമ്മ സമിതികൾ റിപ്പോർട്ടിലുള്ള വികസനാവശ്യങ്ങൾ പ്രോജക്റ്റുകളായി മാറ്റിയെങ്കിൽ മാത്രമേ നമ്മുടെ ഒമ്പതാം പദ്ധതി നിർദ്ദേശങ്ങളായി അംഗികരിക്കപ്പെടുകയുള്ളു.

ജനകീയാസൂത്രണ പദ്ധതിക്ക് ഇതുവരെ ലഭിച്ച നിർലോഭകരമായ സഹകരണം തുടർന്നുള്ള കർമ്മപദ്ധതികളുടെ പ്രവർത്തനങ്ങളിലും പദ്ധതി നടത്തിപ്പിന്റെ ഘട്ടത്തിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കട്ടെ.

ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ചവർ, *D.T.P.* ചെയ്തുതന്ന PC TECH Kzy, അച്ചടിച്ച പ്രിന്റാർട്ട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

പ്രൊഫ. മാത്യു കോശി
(ജനറൽ കൺവീനർ & എഡിറ്റർ)

അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാവുന്നു
- ബഹുജന സഹകരണം അനിവാര്യം